വാല്യം 7, ലക്കം 10

ന്യൂ ഇന്ത്യ സമാചാർ

നവംബർ 16-30, 2026

സൗജന്യവിതരണത്തിന്



12-ാം ഭരണഘടനാദിനം

വിസ്മൃതിയിൽ നിന്ന് ആഘോഷത്തിലേക്ക്

ചരിത്രത്തിന്റെ പിൻനിരയിലേക്ക് തള്ളിമാറ്റപ്പെട്ടിരുന്ന നവംബർ 26 എന്ന തീയതി ഇന്നു രാജ്യത്തുടനീളം പ്രതിധ്വനിക്കുന്ന ആഘോഷദിനമായി മാറിയിരിക്കുന്നു. ഇന്ത്യ 12-ാം ഭരണഘടനാദിനം ആചരിക്കുമ്പോൾ, 77 വർഷത്തെ ഈ യാത്ര നമ്മുടെ ഭരണഘടനയുടെ ശാശ്വത ചൈതന്യത്തിന്റെയും കരുത്തിന്റെയും സാക്ഷ്യമായി മാറുന്നു. 'നമ്മൾ, ജനങ്ങൾ' എന്നത്, ഇന്നു ഭരണഘടനയുടെ ആമുഖത്തിലെ വെറും വാചകം മാത്രമല്ല. നീതി, സമത്വം, സ്വയംപര്യാപ്തത എന്നിവയ്ക്കായുള്ള 140 കോടി ഇന്ത്യക്കാരുടെ അഭിലാഷങ്ങളിൽ പ്രതിഷ്ഠിക്കുന്ന, അവർ ഹൃദയപൂർവം ഏറ്റെടുത്ത, ജീവസ്സുറ്റ പ്രതിജ്ഞാബദ്ധതയായി ആ വാക്കുകൾ വളർന്നിരിക്കുന്നു.

ജനശക്തിക്ക് അഭിവാദ്യമർപ്പിച്ച് 'മൻ കീ ബാത്'



വിജയദശമിയുടെ ശുഭദിനത്തിൽ 12 വർഷം മുൻപാണു 'മൻ കീ ബാത്' ആരംഭിച്ചത്. അന്നുമുതൽ ഇടവേളകളില്ലാതെ ഈ യാത്ര തുടരുകയാണ്. രാജ്യത്തെ ജനങ്ങളാണ് ഈ യാത്രയിലെ സഹയാത്രികരും വഴികാട്ടികളും. സാധാരണക്കാരായ പൗരന്മാരുടെ കഠിനാധ്വാനം, ധീരത, പ്രതിജ്ഞാബദ്ധത, അർപ്പണബോധം, സേവനമനോഭാവം എന്നിവയെ ആദരിക്കാനുള്ള മികച്ച അവസരമാണ് 'മൻ കീ ബാത്'. ഒക്ടോബർ 25നു പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞത്, അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം 'മൻ കീ ബാത്' തീർഥാടനം പോലെയാണെന്നാണ്. ജനങ്ങളുടെ പരിശ്രമങ്ങൾ അടുത്തറിയാനും അവരുടെ സംഭാവനകളെ അഭിവാദ്യം ചെയ്യാനുമുള്ള അവസരമാണിത്.

- **പ്രചോദനമേകുന്ന അസംഖ്യം കഥകൾ:** കഴിഞ്ഞ 12 വർഷത്തിനിടെ രാജ്യത്തിന്റെ വിവിധ കോണുകളിൽനിന്ന് നിരവധി വ്യക്തികൾ ശ്രദ്ധേയരായി മുന്നോട്ടുവന്നു. സമൂഹത്തിന്റെ പൊതുശ്രദ്ധയിൽപ്പെടാതെ പോകുന്ന അസാധാരണമായ പ്രവർത്തനങ്ങൾ നടത്തുന്നവരാണിവർ. ഇത്തരം അസംഖ്യം പ്രചോദനാത്മക കഥകൾ നിങ്ങളിലേക്ക് എത്തിക്കാൻ 'മൻ കീ ബാത്തി'നു കഴിഞ്ഞിട്ടുണ്ട്.

- **ജനശക്തിക്ക് ആദരം:** ഒരർഥത്തിൽ, നമ്മുടെ രാജ്യത്തിന്റെ കൂട്ടായ ജനശക്തിക്കു അഭിവാദ്യം അർപ്പിക്കുകയാണു ഞാൻ. രാജ്യത്തെ ഓരോ കുടുംബവുമായും ബന്ധപ്പെടാനുള്ള അവസരമാണ് ഈ പരിപാടി എനിക്കു നൽകുന്നത്.

- **'ഖേതി വിരാസത് മിഷൻ':** പഞ്ചാബിൽ കുറച്ചുകാലമായി ഇത്തരമൊരു സംരംഭം നടന്നുവരുന്നുണ്ട്. 'ഖേതി വിരാസത് മിഷൻ' എന്ന സംഘടന ജൈവക്കൃഷിക്കും പരമ്പരാഗത കാർഷികരീതികൾക്കും പുതുജീവൻ പകരാൻ തുടങ്ങിയിരിക്കുന്നു.

- **ഹേവൽ നദിയുടെ പുനരുജ്ജീവനം:** പ്രകൃതിയെ ആദരിക്കുന്ന ദീർഘകാല പാരമ്പര്യം നമുക്കുണ്ട്. ഉത്തരാഖണ്ഡിലെ തെഹ്‌രി ഗഢ്‌വാൾ മേഖലയിലും ഇതേ മനോഭാവം കാണാനാകും. കുറച്ചുകാലംമുമ്പു ഹേവൽ നദിയിലെ ജലനിരപ്പു കുറഞ്ഞുതുടങ്ങി. സമീപപ്രദേശങ്ങളിലെ സ്വാഭാവിക ജലസ്രോതസ്സുകളും വറ്റിത്തുടങ്ങി. ഈ സാഹചര്യത്തിൽ പ്രാദേശിക ഭരണസംവിധാനവും ഗ്രാമവാസികളും കൈകോർത്തു ഹേവൽ നദിയെ സംരക്ഷിക്കാനുള്ള ദൗത്യം ആരംഭിച്ചു. മഴവെള്ള സംഭരണം, ഭൂഗർഭജല പുനർനിറവ്, വ്യാപകമായ വൃക്ഷത്തൈ നടീൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കി. ഇന്നു ഹേവൽ നദി പുനരുജ്ജീവിപ്പിക്കപ്പെട്ടിരിക്കുന്നു. അതോടൊപ്പം ഡസൻകണക്കിനു സ്വാഭാവിക ജലസ്രോതസ്സുകളുടെ പുനഃസ്ഥാപനത്തിനും സഹായമായി.

- **'വോക്കൽ ഫോർ ലോക്കൽ':** ഉത്സവകാലത്തു നമ്മുടെ ചുറ്റുപാടുകളിൽ വന്ന മാറ്റം എല്ലാവരും ശ്രദ്ധിച്ചിട്ടുണ്ടാകും. സാധനങ്ങൾ വാങ്ങുമ്പോൾ തദ്ദേശീയ ഉല്പന്നങ്ങൾക്കു ജനങ്ങൾ ഇപ്പോൾ വലിയ പ്രാധാന്യം നൽകുന്നു. 'വോക്കൽ ഫോർ ലോക്കൽ' എന്ന ഈ മനോഭാവം നമ്മുടെ ഉല്പന്നങ്ങളെ ആഗോള വിപണികളിലേക്ക് എത്തിക്കുകയാണ്.

- **ഖാദിയും ഗ്രാമവ്യവസായ ഉല്പന്നങ്ങളും:** ഈ വർഷം ഗാന്ധിജയന്തി ദിനത്തിൽമാത്രം ഖാദി - ഗ്രാമവ്യവസായ ഉല്പന്നങ്ങളുടെ വിൽപ്പന 28 കോടി രൂപ കവിഞ്ഞു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 1.5 കോടി രൂപയുടെ വർധനയാണിത്. ഖാദിയുടെ ജനപ്രീതി തുടർച്ചയായി വർധിക്കുന്നതിന്റെ തെളിവാണിത്.

- **രാജ്യത്തിന്റെ വിശ്വാസം:** 'ഇ-സഞ്ജീവനി' പദ്ധതിയിലൂടെ ഇതുവരെ ഏകദേശം 50 കോടി ടെലി കൺസൾട്ടേഷനുകൾ നടത്തി. സാങ്കേതികവിദ്യയുടെയും ഡോക്ടർമാരുടെ സമർപ്പിത സേവനത്തിന്റെയും രാജ്യത്തെ ജനങ്ങൾ ഈ സംവിധാനത്തിൽ അർപ്പിച്ച വിശ്വാസത്തിന്റെയും മികച്ച ഉദാഹരണമാണിത്.

- **ആയുഷ്മാൻ ആരോഗ്യമന്ദിരം:** ഇന്നു രാജ്യത്തുടനീളമുള്ള ഏകദേശം 1.9 ലക്ഷം 'ആയുഷ്മാൻ ആരോഗ്യ മന്ദിരങ്ങൾ' ജനങ്ങളുടെ ജീവിതത്തിലേക്കു പുതിയ ആരോഗ്യപരിചരണ സൗകര്യങ്ങൾ എത്തിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ ആരോഗ്യ-ക്ഷേമ കേന്ദ്രങ്ങളായി ഇവ ഫലപ്രദമായി മാറിക്കൊണ്ടിരിക്കുകയാണ്.

- **അസാധാരണമായ സംരംഭങ്ങൾ:** മനുഷ്യരാശിയുടെ ഭാവിയെ മാറ്റിമറിക്കാൻ ശേഷിയുള്ള വിഷയങ്ങളിൽ നമ്മുടെ യുവജനങ്ങൾ ഇന്നു പ്രവർത്തിച്ചുവരുന്നു. മസ്തിഷ്ക ഗവേഷണം അത്തരമൊരു മേഖലയാണ്. ഇതിന്റെ ഭാഗമായി ഐഐടി മദ്രാസിൽ 'സുധ ഗോപാലകൃഷ്ണൻ മസ്തിഷ്ക കേന്ദ്രം' ഞാൻ ഉദ്ഘാടനംചെയ്തു. ആഗോളതലത്തിൽ മാതൃകയായി കണക്കാക്കാവുന്ന മസ്തിഷ്ക ചിത്രീകരണ സാങ്കേതികവിദ്യാ സംവിധാനം ഈ കേന്ദ്രം വികസിപ്പിച്ചിട്ടുണ്ട്.

- **വാൽമീകി മഹർഷി:** ആയിരക്കണക്കിനു വർഷങ്ങൾ പിന്നിട്ടിട്ടും വാൽമീകി മഹർഷി രചിച്ച രാമായണം നമുക്കു പുതിയ ഉൾക്കാഴ്ചകൾ പകർന്നുനൽകുന്നു. നിരന്തരമായ പരിശ്രമം, സേവനം, കാരുണ്യം, സാമൂഹിക ഐക്യം എന്നിവയുടെ പ്രാധാന്യം ഉയർത്തിക്കാട്ടുന്ന ആഴമേറിയ ജീവിതപാഠങ്ങളാണ് അതു നൽകുന്നത്.

- **അയോധ്യയിലെ ക്ഷേത്രങ്ങൾ:** അയോധ്യയിൽ വാൽമീകി മഹർഷി, നിഷാദ്‌രാജ്, ശബരി മാതാവ് എന്നിവർക്കായി സമർപ്പിച്ച ക്ഷേത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അയോധ്യയിലെ വിമാനത്താവളത്തിനു വാൽമീകി മഹർഷിയുടെ പേരു നൽകിയതിലും എനിക്കു സന്തോഷമുണ്ട്.

'മൻ കീ ബാത്' കേൾക്കാൻ ക്യുആർ കോഡ് സ്കാൻ ചെയ്യൂ.

ന്യൂ ഇന്ത്യ സമാചാർ

വാല്യം 7, ലക്കം 10 | നവംബർ 16-30, 2026

എഡിറ്റർ ഇൻ ചീഫ്
ധീരേന്ദ്ര ഓഝ
പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ,
പ്രസ് ഇൻഫർമേഷൻ ബ്യൂറോ,
ന്യൂഡൽഹി

ചീഫ് കൺസൾട്ടിങ് എഡിറ്റർ
സന്തോഷ് കുമാർ

സീനിയർ അസി. കൺസൾട്ടിങ് എഡിറ്റർ
പവൻ കുമാർ

അസി. കൺസൾട്ടിങ് എഡിറ്റർമാർ
അഖിലേഷ് കുമാർ
ചന്ദൻ കുമാർ ചൗധരി

ഭാഷാ എഡിറ്റർമാർ
സുമിത് കുമാർ (ഇംഗ്ലീഷ്)
രജ്നീഷ് മിശ്ര (ഇംഗ്ലീഷ്)
നദീം അഹമ്മദ് (ഉറുദു)

സീനിയർ ഡിസൈനർ
ഷൂൽ ചന്ദ് തിവാരി

ഡിസൈനർമാർ
അനിൽ കുമാർ
സത്യം സിങ്



ന്യൂ ഇന്ത്യ സമാചാർ 13 ഭാഷകളിൽ വായിക്കാനായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in/news.aspx
ന്യൂ ഇന്ത്യ സമാചാർ പഴയ പതിപ്പുകൾക്കായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in.archive.aspx

പതിവായി 'ന്യൂ ഇന്ത്യ സമാചാർ' വിവരങ്ങൾ ലഭിക്കാൻ -ൽ @NISPIBIndia പിൻതുടരുക

ഉൾപ്പേജുകളിൽ.....


'നമ്മൾ, ജനങ്ങൾ' എന്ന ആശയം
ഓരോ പൗരനും ആഘോഷമാക്കിയപ്പോൾ

12-ാം ഭരണഘടനാ ദിനം പ്രത്യേക പതിപ്പ്
കവർ സ്റ്റോറി



രാജ്യത്തെ ജനസംഖ്യ കേവലം 36 കോടി മാത്രമായിരുന്നു. വിഭവങ്ങൾ പരിമിതവും വെല്ലുവിളികൾ അനന്തവുമായിരുന്നു. എന്നിട്ടും അക്ഷീണമായ പരിശ്രമത്തിലൂടെ ഭരണഘടനാനിർമാണസഭ 1949 നവംബർ 26 നു രാജ്യത്തിന് അനശ്വരമായ രേഖ സമർപ്പിച്ചു. ചരിത്രപ്രാധാന്യമുള്ള ഈ തീയതി പിന്നീടു ചരിത്രത്തിന്റെ ഏടുകളിൽ വിസ്മൃതിയിലാകുമെന്ന് അന്ന് ആരും കരുതിയിരിക്കില്ല. എന്നാൽ, വിസ്മൃതിയിലായിരുന്ന ഈ ദിനത്തെ 2015-ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പുനരുജ്ജീവിപ്പിക്കുകയും 'ഭരണഘടനാദിനം' ഓരോ പൗരനും പങ്കുചേരുന്ന യഥാർഥ ആഘോഷമാക്കി മാറ്റുകയും ചെയ്തു... |10-25

ദേശീയ ഏകതാ ദിനം



സർദാർ പട്ടേലിന്റെ 151-ാം ജന്മവാർഷികത്തിൽ, രാജ്യത്തിന്റെ ഐക്യം, അഖണ്ഡത, സുരക്ഷ എന്നിവ ശക്തിപ്പെടുത്തുന്നതിൽ സർദാർ സാഹിബ് വഹിച്ച പങ്കു ചരിത്രപരമാണെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു... |8-9

വാർത്തകൾ ചുരുക്കത്തിൽ |4-5

വ്യക്തിത്വം: ജഗദീഷ് ചന്ദ്രബോസ്
സസ്യങ്ങൾക്കും ജീവനുണ്ടെന്നു തെളിയിച്ച മഹാനായ ശാസ്ത്രജ്ഞൻ |6

ആഗോള പങ്കാളിത്തം ശക്തിപ്പെടുത്തുന്നു
മുംബൈയിൽ ഇന്ത്യ കെം 2026 ന്റെ 14-ാം പതിപ്പു സംഘടിപ്പിച്ചു |7

'വികസിത് ഗ്രാമ സ്വരാജ്' പദ്ധതിക്കും കണ്ടെയ്നർ നിർമാണ പ്രോത്സാഹനത്തിനും അംഗീകാരം
കേന്ദ്ര മന്ത്രിസഭായോഗത്തിലെ സുപ്രധാന തീരുമാനങ്ങൾ |28-29

സ്ഥിരത... അവസരം... ഭാവിയിലേക്കുള്ള പ്രതീക്ഷയുടെ അടിത്തറ
പ്രധാൻ മന്ത്രി ആവാസ് യോജന ഗ്രാമീണിന്റെ 10 വർഷങ്ങൾ. |30-31

സദ്ഭരണത്തിലൂടെ സന്തുലിത വികസനം
ആർബിഐയുടെ DCCTI ഉദ്ഘാടനം ചെയ്തു |32-33

ഇന്ത്യയുടെ കരുത്ത് ആഗോളശ്രേഷി വർധിപ്പിക്കും
NDTV ലോക ഉച്ചകോടി 2026-നെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്തു |34-35

വികസിത ഇന്ത്യയുടെ അടിസ്ഥാനശില: ശാസ്ത്രഗവേഷണവും നവീകരണവും
പ്രധാനമന്ത്രി മോദി ശാസ്ത്ര - നൂതനാശയ കോൺക്ലേവ് ഉദ്ഘാടനം ചെയ്തു |36-37

2029-ഓടെ യമുനയെ ശുദ്ധീകരിക്കും
ഡൽഹിയിൽ യമുനാ നദിയുടെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നടന്നു |38-39

സൗരോർജത്തിന്റെ ആഗോളവ്യാപനത്തിനു പ്രതീക്ഷയുടെ കിരണം
അന്താരാഷ്ട്ര സൗരസഖ്യത്തിന്റെ 11 വർഷങ്ങൾ |40-41

ഇന്ത്യൻ വ്യോമസേനയുടെ ധീരതാപ്രകടനം
നമോ ഘാട്ടിൽ നടന്ന വ്യോമസേനാ ദിനാഘോഷത്തിൽ പ്രധാനമന്ത്രി മോദി പങ്കെടുത്തു |42

വിജയദശമി



'രാം സേ രാഷ്ട്ര', 'ദേവ് സേ ദേശ്' എന്നീ കാഴ്ചപ്പാടുകൾ യാഥാർഥ്യമാകും

വിജയദശമി ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തിന് ആശംസകൾ നേർന്നു. അയോധ്യയിലെ 'പ്രാൺപ്രതിഷ്ഠ' ചടങ്ങിനിടെ സ്വീകരിച്ച 'രാം സേ രാഷ്ട്ര', 'ദേവ് സേ ദേശ്' എന്ന പ്രതിജ്ഞ നമ്മുടെ കൂട്ടായ പരിശ്രമങ്ങളിലൂടെ തീർച്ചയായും സാക്ഷാത്കരിക്കപ്പെടുമെന്ന് അദ്ദേഹം പറഞ്ഞു... |26-27

Published: Kanchan Prasad, Director General, on behalf of Central Bureau of Communication
Communication Address : Room No–1077, Soochna Bhawan, CGO Complex, New Delhi -110003.
E-Mail : response-nis@pib.gov.in, RNI No. : DELENG/2020/78811

പത്രാധിപക്കുറിപ്പ്

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ
ഭരണഘടനയുടെ കരുത്ത്, രാഷ്ട്രത്തിന്റെ ചൈതന്യം

ഹൃദ്യമായ അഭിവാദ്യങ്ങൾ,

1949 നവംബർ 26 നാണു ഭരണഘടന നിർമാണസഭ ഇന്ത്യയുടെ ഭരണഘടന അംഗീകരിച്ചത്. 1950 ജനുവരി 26 ന് അതു പ്രാബല്യത്തിൽ വന്നു. കേവലം ഒരു നിയമരേഖയല്ല നമ്മുടെ ഭരണഘടന; ഇന്ത്യയിലെ എല്ലാ പൗരന്മാരുടെയും അഭിലാഷങ്ങളുടെയും അവകാശങ്ങളുടെയും കടമകളുടെയും ശാശ്വതമായ പ്രഖ്യാപനമാണത്. 2015 മുതൽ ഈ തീയതി 'ഭരണഘടനാദിന'മായി ആചരിച്ചുവരുന്നു. ഇന്ന് ഓരോ ഇന്ത്യക്കാരന്റെയും ആഘോഷമായി ഈ ദിനം മാറിയിരിക്കുന്നു. ഈ വർഷം നവംബർ 26ന് ആചരിക്കുന്ന 12-ാം ഭരണഘടനാദിനം നമ്മെ ഓർമിപ്പിക്കുന്നത്, ഭരണഘടനയുടെ യഥാർഥ ശക്തി അതിലെ വാക്കുകളിലല്ല, മറിച്ച്, ജനങ്ങളുടെ ജീവിതത്തിൽ അലിഞ്ഞുചേർന്നിരിക്കുന്ന അതിന്റെ ചൈതന്യത്തിലാണെന്നാണ്.

'നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ' എന്ന വാക്കുകളോടെയാണു നമ്മുടെ ഭരണഘടന ആരംഭിക്കുന്നത്. നാം തന്നെയാണ് അതിന്റെ ശക്തിയും പ്രചോദനവും സത്തയും. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇതു ലളിതമായി ഇങ്ങനെ സംഗ്രഹിക്കുന്നു: "ഇന്ത്യക്കാരുടെ അന്തസ്സും ഇന്ത്യയുടെ ഐക്യവും'. നമ്മുടെ അവകാശങ്ങളെക്കുറിച്ചു ബോധവാന്മാരാകാനും കടമകളിൽ ഉത്തരവാദിത്വമുള്ളവരാകാനും ഭരണഘടന നമ്മെ പ്രാപ്തരാക്കുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി 'സബ്കാ സാഥ്, സബ്കാ വികാസ്, സബ്കാ വിശ്വാസ്, സബ്കാ പ്രയാസ്' എന്ന മന്ത്രം ഭരണഘടനയുടെ ചൈതന്യത്തിന്റെ ഏറ്റവും ശക്തമായ ആവിഷ്കാരമായി മാറിയിരിക്കുന്നു. സാമൂഹ്യനീതി, സാമ്പത്തിക ഉൾച്ചേർക്കൽ, പൊതുക്ഷേമം എന്നീ മേഖലകളിൽ ഇതു പുതിയ അധ്യായം രചിക്കുകയാണ്. 'ജൻ ധൻ' പദ്ധതി മുതൽ 'ആവാസ് യോജന' വരെയും 'ആയുഷ്മാൻ ഭാരത്' മുതൽ 'കിസാൻ സമ്മാൻ നിധി' വരെയുമുള്ള ഓരോ പദ്ധതിയും സമത്വത്തിന്റെയും അന്തസ്സിന്റെയും ഭരണഘടനാമൂല്യങ്ങളെ ജനങ്ങളുടെ ജീവിതത്തിൽ യാഥാർഥ്യങ്ങളാക്കി മാറ്റുകയാണ്. 370-ാം അനുച്ഛേദം റദ്ദാക്കിയത് ഭരണഘടനയുടെ പരമാധികാരം പുനഃസ്ഥാപിച്ചു. നിയമ നിർമാണസഭയും ഭരണനിർവഹണ വിഭാഗവും നീതിന്യായ വ്യവസ്ഥയും ആരോഗ്യകരമായ സന്തുലിതാവസ്ഥ നിലനിർത്തി, കരുത്തുറ്റ സംവിധാനമായി പ്രവർത്തിക്കുന്നു. 'ഭാരതീയ ന്യായസംഹിത' ഉൾപ്പെടെയുള്ള പുതിയ നിയമങ്ങൾ നീതിന്യായസംവിധാനത്തെ കൂടുതൽ ലളിതവും ആധുനികവും പൗരകേന്ദ്രീകൃതവുമാക്കുന്നു.

ജനാധിപത്യം സംരക്ഷിക്കുന്നതിനു നിരന്തരമായ ജാഗ്രത ആവശ്യമാണ്. അവകാശങ്ങൾ വിനിയോഗിക്കുന്നതിനൊപ്പം കടമകൾ നിറവേറ്റുന്നതാണു ഭരണഘടനയോടുള്ള യഥാർഥ കൂറ്. 'നമ്മൾ, ജനങ്ങൾ' എന്ന വാക്യം ഇന്നു ഭരണഘടനയുടെ ആമുഖത്തിലെ ഒരു ഭാഗം മാത്രമല്ല; നമ്മുടെ ദേശീയ ജീവിതത്തിനു വഴികാട്ടുന്ന ദൃഢനിശ്ചയമായി അതു മാറിയിരിക്കുന്നു. ഭരണഘടനയുടെ ആദർശങ്ങളും ചൈതന്യവും ജീവിതത്തിൽ പകർത്തുന്നതിലൂടെ വികസിത ഇന്ത്യ എന്ന ലക്ഷ്യത്തിലേക്കുള്ള രാഷ്ട്രത്തിന്റെ സുവർണ യാത്രയിൽ ഓരോ പൗരനും പങ്കാളിയാകുന്നു. ഈ കാഴ്ചപ്പാടാണു ഞങ്ങളുടെ പ്രത്യേക പതിപ്പിലെ മുഖ്യലേഖനത്തിന്റെ പ്രമേയം.

സസ്യങ്ങൾക്കും ജീവനുണ്ടെന്നു തെളിയിച്ച ജഗദീഷ് ചന്ദ്രബോസിനെക്കുറിച്ചു 'വ്യക്തിത്വം' പംക്തിയിൽ വായിക്കാം. പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീണിന്റെ പത്തുവർഷങ്ങൾ, കേന്ദ്രമന്ത്രിസഭയുടെ തീരുമാനങ്ങൾ, കഴിഞ്ഞ രണ്ടാഴ്ചയ്ക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്ത പൊതുപരിപാടികൾ എന്നിവയും ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഉൾക്കവറിലെ 'മൻ കീ ബാത്തും' നവംബർ 22ന് ആചരിക്കുന്ന നാഷണൽ കേഡറ്റ് കോർപ്സ് (NCC) ദിനത്തോടനുബന്ധിച്ച് പിൻചട്ടയിൽ നൽകിയിരിക്കുന്ന പ്രത്യേക ഉള്ളടക്കവും ഈ ലക്കത്തിന്റെ മറ്റ് ആകർഷണങ്ങളാണ്.

നിങ്ങളുടെ നിർദേശങ്ങളും അഭിപ്രായങ്ങളും തുടർന്നും ഞങ്ങൾക്ക് അയക്കുക.

(ധീരേന്ദ്ര ഓഝ)

ഹിന്ദിയിലും ഇംഗ്ലീഷിലും മറ്റ് 11 ഭാഷകളിലും ലഭ്യമാകുന്ന മാസിക വായിക്കാം/ഡൗൺലോഡ് ചെയ്യാം.
https://newindiasamachar.pib.gov.in/

എഴുത്തുപെട്ടി





ഗവൺമെന്റ് പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ അറിയാൻ ഏറെ സഹായകരം

മത്സരപ്പരീക്ഷാ തയ്യാറെടുപ്പിന്റെ ഭാഗമായി ഗവൺമെന്റിന്റെ ഏറ്റവും പുതിയ പദ്ധതികൾ, നയങ്ങൾ, ആനുകൂല്യങ്ങൾ, സമകാലിക സംഭവങ്ങൾ എന്നിവയെക്കുറിച്ച് അറിയാൻ ഞാൻ 'ന്യൂ ഇന്ത്യ സമാചാർ' മാഗസിൻ പതിവായി വായിക്കാറുണ്ട്. ഈ മികച്ച മാഗസിൻ തയ്യാറാക്കുന്ന മുഴുവൻ സംഘത്തിനും എന്റെ നന്ദി അറിയിക്കുന്നു. മാഗസിന്റെ ഏറ്റവും പുതിയ പതിപ്പുകളും മുൻ ലക്കങ്ങളും ലഭിക്കുന്നതിനായി ഔദ്യോഗിക വെബ്സൈറ്റും സന്ദർശിക്കാറുണ്ട്.

പ്രണവ് പട്ടാണി

papattani264@gmail.com

എന്റെ അറിവു വർധിപ്പിക്കുന്നു

എന്റെ പേര് ചിന്തൻ. ഞാൻ 'ന്യൂ ഇന്ത്യ സമാചാർ' മാഗസിൻ പതിവായി വായിക്കാറുണ്ട്. മാഗസിൻ മുഴുവനായും ഒന്ന് വായിച്ചുനോക്കാറുണ്ട്. അതിൽ നൽകുന്ന വിവരങ്ങൾ എന്റെ അറിവു വർധിപ്പിക്കാൻ സഹായിക്കുന്ന നിരവധി ഉൾക്കാഴ്ചകൾ പകർന്നുനൽകുന്നു

chintanr390@gmail.com

ദേശീയ സംഭവ വികാസങ്ങളെ കുറിച്ച് ഏറ്റവും പുതിയ വിവരങ്ങൾ അറിയാൻ അത്യന്താപേക്ഷിതം

കേന്ദ്ര ഗവൺമെന്റിന്റെ ഔദ്യോഗിക മാഗസിനായ 'ന്യൂ ഇന്ത്യ സമാചാർ' തെലുങ്കു പതിപ്പിന്റെ സ്ഥിരം വായനക്കാരനാണു ഞാൻ. പൊതുനയങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾക്കു ഞാൻ വലിയ പ്രാധാന്യം നൽകുന്നു. 'വികസിത ഇന്ത്യ' എന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ, രാജ്യത്തിന്റെ വികസന രൂപരേഖ, ദേശീയ നേട്ടങ്ങൾ, ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി പങ്കുവയ്ക്കുന്ന ഭരണനിർവഹണവുമായി ബന്ധപ്പെട്ട ആശയങ്ങൾ എന്നിവ ആഴത്തിൽ പഠിക്കാൻ എനിക്ക് താല്പര്യമുണ്ട്. ഇക്കാര്യത്തിൽ ഈ മാഗസിൻ ഏറെ സഹായകരമാണ്.

ജി. അശോക്

cscashok1399@gmail.com

റിയാൻ ഏറെ പ്രയോജനകരമായ മാഗസിൻ

ഞാൻ 'ന്യൂ ഇന്ത്യ സമാചാർ' മാഗസിന്റെ സ്ഥിരം വായനക്കാരനാണ്. കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതികൾ, നയങ്ങൾ, സമകാലിക സംഭവങ്ങൾ എന്നിവയെക്കുറിച്ച് അറിയാൻ ഈ മാഗസിൻ ഏറെ പ്രയോജനകരമാണെന്നു ഞാൻ കരുതുന്നു. രാജ്യത്തിന്റെ പുരോഗതിയെക്കുറിച്ചുള്ള എന്റെ അറിവു വർധിപ്പിക്കുന്നതിനൊപ്പം, ഉത്തരവാദിത്വമുള്ള പൗരനെന്ന നിലയിൽ രാജ്യത്തിന്റെ വികസനത്തെ കൂടുതൽ അടുത്തറിയാനും അതിൽ പങ്കാളിയാകാനും ഈ മാഗസിൻ എന്നെ പ്രചോദിപ്പിക്കുന്നു.

നിവേഷ് ഗോയൽ
goyalnivesh98@gmail.com

ആശയവിനിമയത്തിനുള്ള വിലാസം: 1077–ാം നമ്പർ മുറി, സൂചന ഭവൻ, സിജിഒ സമുച്ചയം, ന്യൂഡൽഹി – 110003.

ഇ–മെയിൽ : response-nis@pib.gov.in

വാർത്തകൾ ചുരുക്കത്തിൽ



2026 ഏഷ്യൻ പാരാ ഗെയിംസിൽ ഇന്ത്യയുടെ എക്കാലത്തെയും മികച്ച പ്രകടനം





ജപ്പാനിലെ ഐച്ചി-നഗോയയിൽ നടന്ന 2026 ഏഷ്യൻ പാരാ ഗെയിംസിൽ ഇന്ത്യ എക്കാലത്തെയും മികച്ച പ്രകടനമാണു കാഴ്ചവച്ചത്. 30 സ്വർണം, 35 വെള്ളി, 49 വെങ്കലം എന്നിവ ഉൾപ്പെടെ ആകെ 114 മെഡൽ സ്വന്തമാക്കി ഇന്ത്യ മെഡൽപ്പട്ടികയിൽ നാലാം സ്ഥാനത്തെത്തി. പാരാ കായിക താരങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിക്കുകയും അവരുടെ അസാധാരണ നേട്ടത്തെ പ്രശംസിക്കുകയും ചെയ്തു. രാജ്യം മുഴുവൻ അഭിമാനവും സന്തോഷവും അനുഭവിക്കുന്ന നിമിഷമാണിതെന്ന് അദ്ദേഹം പറഞ്ഞു. ഓരോ കായികതാരവും ഈ ചരിത്രനേട്ടത്തിൽ പങ്കാളികളായെന്നും അവരുടെ പ്രകടനങ്ങളിലൂടെ അസംഖ്യം ഇന്ത്യക്കാർക്കു പ്രചോദനമായെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

2022 ലെ ഏഷ്യൻ പാരാ ഗെയിംസിൽ നേടിയ 111 മെഡലുകളെന്ന മുൻ റെക്കോഡ് ഇന്ത്യ മറികടന്നു. 65 മെഡൽ ഉൾപ്പെടെ 22 സ്വർണം നേടിയ പാരാ അത്‌ലറ്റിക്സാണ് ഇന്ത്യയുടെ മെഡൽനേട്ടത്തിൽ ഏറ്റവും വലിയ സംഭാവന നൽകിയത്. രണ്ടു സ്വർണവും ഒരു വെള്ളിയും ഉൾപ്പെടെ മൂന്നു മെഡലുകൾ നേടിയ ശീതൾ ദേവിയാണ് ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച ഇന്ത്യൻ താരം.

സുരക്ഷാ വെല്ലുവിളികൾ നേരിടാൻ

ഊർജസ്വലമായ സിവിൽ ഡിഫൻസ് ശൃംഖല

രാജ്യത്ത് 'ഊർജസ്വലമായ സിവിൽ ഡിഫൻസ് ശൃംഖല' സ്ഥാപിക്കുന്നതിന് ഇന്ത്യൻ സൈന്യവുമായി സഹകരിച്ചു പ്രത്യേക പരിശീലന പദ്ധതി ആരംഭിക്കുന്നു. ആദ്യ ഘട്ടത്തിൽ 12 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 600 സിവിൽ ഡിഫൻസ് പരിശീലകർക്കു മൂന്നുദിവസത്തെ പരിശീലനം നൽകും. ഓഗസ്റ്റ് 15 നു ചെങ്കോട്ടയുടെ കൊത്തളത്തിൽ നിന്നു പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് ഈ ശൃംഖല രൂപീകരിക്കാനുള്ള കാഴ്ചപ്പാടു മുന്നോട്ടുവച്ചത്.

ഓരോ സംസ്ഥാനത്തു നിന്നും കേന്ദ്രഭരണ പ്രദേശത്തു നിന്നും 50 മാസ്റ്റർ ട്രെയിനർമാർ വീതം പദ്ധതിയിൽ പങ്കെടുക്കും. ഭീഷണികളെക്കുറിച്ചുള്ള അവബോധം, സുരക്ഷ, അടിയന്തര സാഹചര്യങ്ങളിലെ പ്രതികരണം, ആശയവിനിമയം, ഏകോപനം എന്നിവയ്ക്കാണു പരിശീലനത്തിൽ ഊന്നൽ നൽകുന്നത്. ആധുനികവും ഹൈബ്രിഡുമായ യുദ്ധമുറകൾ, ഡ്രോണുകളിൽ നിന്നും വ്യോമാക്രമണങ്ങളിൽ നിന്നുമുള്ള ഭീഷണികൾ, അഗ്നിസുരക്ഷ, തിരച്ചിൽ-രക്ഷാപ്രവർത്തനങ്ങൾ, സൈബർ സുരക്ഷാ ശുചിത്വം, സൈനിക-ജനകീയ ഏകോപനം തുടങ്ങിയവയാണു പ്രധാന പരിശീലന വിഷയങ്ങൾ. പരിശീലനത്തിനു ശേഷം ഓരോ മാസ്റ്റർ ട്രെയിനറും 100 സിവിൽ ഡിഫൻസ് സന്നദ്ധപ്രവർത്തകർക്കു പരിശീലനം നൽകും.





E85/E100 ഇന്ധനത്തിൽ പ്രവർത്തിക്കുന്ന വാഹനങ്ങൾക്കായി പുതുക്കിയ ചട്ടങ്ങൾ

E85, E100 ഫ്ലെക്സ് ഫ്യൂവൽ വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര റോഡ് ഗതാഗത - ഹൈവേ മന്ത്രാലയം 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിൽ ഭേദഗതി വരുത്തി. പരിസ്ഥിതി സൗഹൃദമായ ഈ ഇന്ധനങ്ങൾ ഉപയോഗിക്കുന്നതിനായി സർട്ടിഫൈ ചെയ്ത വാഹനങ്ങൾ, ബാധകമായ മലിനീകരണ നിയന്ത്രണ - സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കണം. E85 ഇന്ധനത്തിൽ അളവിന്റെ അടിസ്ഥാനത്തിൽ 85 ശതമാനം വരെ എഥനോൾ അടങ്ങിയിരിക്കുന്നു.

രാജ്യത്ത് ഉല്പാദിപ്പിക്കുന്ന എഥനോളിന്റെ ഉപയോഗം വർധിപ്പിക്കുന്നത് ഇറക്കുമതി ചെയ്യുന്ന അസംസ്കൃത എണ്ണയെ ആശ്രയിക്കുന്നതു കുറയ്ക്കാൻ സഹായിക്കുമെന്നു മന്ത്രാലയം വ്യക്തമാക്കി. E85/E100 ഇന്ധനങ്ങൾ ഉപയോഗിക്കുന്നതിനായി പ്രത്യേകം രൂപകൽപ്പന ചെയ്തു സർട്ടിഫൈ ചെയ്ത വാഹനങ്ങളിൽ മാത്രമേ ഇവ ഉപയോഗിക്കാവൂ. നിലവിലുള്ള വാഹനങ്ങളുടെ ഉടമകൾ വാഹനങ്ങളിൽ മാറ്റം വരുത്തേണ്ടതില്ല.



'കാർഷിക ക്ഷേമ പോർട്ടൽ'

കാർഷിക വിവരങ്ങൾ മൊബൈലിലൂടെ

രാജ്യത്തെ കർഷകർക്ക് ഇനി കൃഷി, കർഷക ക്ഷേമ പദ്ധതികൾ എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾക്കായി ഗവൺമെന്റ് ഓഫീസുകൾ കയറിയിറങ്ങേണ്ടി വരില്ല. വളങ്ങൾ, വിത്തുകൾ, ഗവണ്മെന്റിന്റെ വിവിധ പദ്ധതികൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ഇനി മുതൽ വീടുകളിലിരുന്ന് തന്നെ അറിയാൻ സാധിക്കും. മന്ത്രാലയത്തിന്റെ എല്ലാ സേവനങ്ങളും ഒരൊറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്നതിലൂടെ കർഷകരെ ഡിജിറ്റലായി ശാക്തീകരിക്കുകയാണ് ഈ പോർട്ടലിന്റെ ലക്ഷ്യം.

പരിഷ്കരിച്ച 'അഗ്രി-വെൽഫെയർ പോർട്ടൽ' കേന്ദ്ര കൃഷി-കർഷക ക്ഷേമ മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പുറത്തിറക്കി. ഗവൺമെന്റ് പദ്ധതികൾ, സാമ്പത്തിക സഹായം, മറ്റ് പ്രധാന കാർഷിക വിവരങ്ങൾ എന്നിവ കർഷകരുടെ മൊബൈൽ ഫോണുകളിലേക്ക് നേരിട്ട് എത്തിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. മന്ത്രാലയത്തിന്റെ പദ്ധതികൾ, സബ്സിഡികൾ, നിയമങ്ങൾ, ഡിജിറ്റൽ സേവനങ്ങൾ, കാലാവസ്ഥാ വിവരങ്ങൾ, വിത്തുകളുടെയും വളങ്ങളുടെയും ലഭ്യത, വിപണി വിലനിലവാരം (മണ്ടി നിരക്കുകൾ), ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ ഈ പോർട്ടലിലൂടെ ലഭ്യമാകും. പരിമിതമായ ഇന്റർനെറ്റ് കണക്റ്റിവിറ്റിയിലും സാധാരണ സ്മാർട്ട്ഫോണുകളിലും മികച്ച രീതിയിൽ പ്രവർത്തിക്കത്തക്കവിധമാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്.



ആയുഷ് മേഖലയിലെ നൂതനാശയങ്ങൾ:

പേറ്റന്റ് അപേക്ഷകളിൽ 8 മടങ്ങ് വർദ്ധന

കഴിഞ്ഞ ഒരു ദശകത്തിനിടെ ആയുഷ് മേഖലയിൽ നൂതനാശയങ്ങളും ബൗദ്ധിക സ്വത്തവകാശവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഗണ്യമായ പുരോഗതിയുണ്ടായിട്ടുണ്ട്. 2014-15 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങൾക്കിടയിൽ ആയുഷുമായി ബന്ധപ്പെട്ട് 4,077 പേറ്റന്റ് അപേക്ഷകൾ ഫയൽ ചെയ്യുകയും 711 പേറ്റന്റുകൾ അനുവദിക്കുകയും ചെയ്തു. പ്രതിവർഷ അപേക്ഷകളുടെ എണ്ണം 63-ൽ നിന്ന് 590 ആയി ഉയർന്നു-ഏകദേശം 836.5 ശതമാനത്തിന്റെ വർദ്ധന. ആയുഷുമായി ബന്ധപ്പെട്ട നൂതനാശയങ്ങളുടെ സ്ഥിതിവിവര റിപ്പോർട്ടിലാണ് (2014-2026) ഈ വിവരങ്ങൾ വ്യക്തമാക്കുന്നത്.

കോവിഡ്-19 നു ശേഷമുള്ള ആറ് വർഷത്തിനുള്ളിൽ 2,854 അപേക്ഷകൾ ഫയൽ ചെയ്തു, ഇത് ആകെ അപേക്ഷകളുടെ 70 ശതമാനമാണ്. ഇതേ കാലയളവിൽ 657 പേറ്റന്റുകൾ അനുവദിച്ചു. സമർപ്പിക്കപ്പെട്ട 2,113 വ്യക്തിഗത അപേക്ഷകളാണ് ഫയലിംഗുകളിൽ ഏറ്റവും കൂടുതൽ; അക്കാദമിക് സ്ഥാപനങ്ങൾ 995 അപേക്ഷകൾ ആണ് ഫയൽ ചെയ്തത്.

രാജ്യത്തെ റാംസർ സൈറ്റുകളുടെ എണ്ണം 103 ആയി

ഇന്ത്യയിലെ റാംസർ സൈറ്റുകളുടെ എണ്ണം 103 ആയി ഉയർന്നു. സുഖ്ന തണ്ണീർത്തടവും (ചണ്ഡീഗഡ്), സൗജ് തടാകവും (ഉത്തർപ്രദേശ്) ഈ പട്ടികയിൽ ഉൾപ്പെടുത്തിയതായി കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രി ഭൂപേന്ദർ യാദവ് പ്രഖ്യാപിച്ചു. 2014-ൽ ഇന്ത്യയിൽ 26 റാംസാർ കേന്ദ്രങ്ങളാണ് ഉണ്ടായിരുന്നത്; ഇപ്പോൾ അത് ഏകദേശം നാലിരട്ടിയായി വർദ്ധിച്ചു. ജൈവവൈവിധ്യ സംരക്ഷണം, പ്രളയ ആഘാതം കുറയ്ക്കൽ, ഭൂഗർഭജല പരിപോഷണം, ഉപജീവനമാർഗ്ഗങ്ങൾ നിലനിർത്തൽ എന്നിവയിൽ റാംസാർ കേന്ദ്രങ്ങൾ നിർണ്ണായക പങ്ക് വഹിക്കുന്നു. 1982 ഫെബ്രുവരി 1-നാണ് ഇന്ത്യ റാംസാർ കൺവെൻഷന്റെ ഭാഗമായത്.



ആകെ **103** റാംസർ സൈറ്റുകൾ (2026 ഒക്ടോബർ 15 വരെയുള്ള കണക്കു പ്രകാരം)

103 റാംസർ സൈറ്റുകളുടെ എണ്ണം **26**-ൽ നിന്ന് 103-ലേക്ക് വർധിച്ചു. 2014 മുതലുള്ള വളർച്ച

ആകെ വിസ്തൃതി **13.87** ലക്ഷം ഹെക്ടറിലധികം


ഈ റാംസർ സൈറ്റുകൾ **28** സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി വ്യാപിച്ചുകിടക്കുന്നു.

റാംസർ സൈറ്റുകളുടെ കാര്യത്തിൽ ഇന്ത്യയുടെ ആഗോള സ്ഥാനം: ഏഷ്യയിൽ ഒന്നാം സ്ഥാനം, ലോകതലത്തിൽ മൂന്നാം സ്ഥാനം

രാജ്യത്തിന്റെ പ്രതിരോധ ശേഷി കൂടുതൽ ശക്തിപ്പെടുത്തുന്നു

2026 ഒക്ടോബർ 26-ന് പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗിന്റെ അധ്യക്ഷതയിൽ ചേർന്ന ഡിഫൻസ് അക്വിസിഷൻ കൗൺസിൽ (DAC) യോഗത്തിൽ, സായുധ സേനകൾക്കായി 2.12 ലക്ഷം കോടി രൂപയുടെ മൂലധന ശേഖരണ നിർദ്ദേശങ്ങൾക്ക് അംഗീകാരം നൽകി. ഈ സമാഹരണത്തിന്റെ ഏകദേശം 82 ശതമാനവും ഇന്ത്യൻ വ്യവസായ മേഖലയിൽ നിന്നായിരിക്കും വാങ്ങുക, ഇത് തദ്ദേശീയ പ്രതിരോധ ഉൽപ്പാദനത്തിന് വലിയ കരുത്തേകും. ഡ്രോണുകൾ, ആളില്ലാ വിമാനങ്ങൾ, ഡ്രോൺ പ്രതിരോധ സംവിധാനങ്ങൾ, ദീർഘദൂര കാമികാസെ ഡ്രോണുകൾ, സെൽഫ് പ്രൊപെൽഡ് ഗൺ സംവിധാനങ്ങൾ എന്നിവയുൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങൾ ഇന്ത്യൻ സൈന്യത്തിനായി വാങ്ങും. കപ്പലുകൾക്ക് നേരെയുള്ള മിസൈലുകളെ പ്രതിരോധിക്കാനുള്ള അത്യാധുനിക സംവിധാനങ്ങൾ നാവികസേനയ്ക്ക് ലഭ്യമാക്കും. വ്യോമസേനയ്ക്ക് ഹെലികോപ്റ്ററുകൾ, വ്യോമ പ്രതിരോധ സംവിധാനങ്ങൾ, ആയുധങ്ങൾ, കാലാവസ്ഥ നിർണയ റഡാറുകൾ എന്നിവ ലഭ്യമാക്കും. ഇത് സായുധ സേനയുടെ നിരീക്ഷണ, ചലനാത്മക, പ്രത്യാക്രമണ ശേഷികളെ കൂടുതൽ ശക്തിപ്പെടുത്തും.





അത് തെളിയിച്ച മനുഷ്യൻ

സസ്യങ്ങൾക്കും, ജീവൻ ഉണ്ട്

ജനനം: 1858 നവംബർ 30
മരണം: 1937 നവംബർ 23

റേഡിയോ സയൻസിന് അടിത്തറ പാകുകയും സസ്യങ്ങളിൽ ജീവൽ പ്രക്രിയകൾ ഉണ്ടെന്ന് തെളിയിക്കുകയും ചെയ്ത്, രാജ്യത്തിന്റെ യശസ്സ് ഉയർത്തിയ അതുല്യ ശാസ്ത്രജ്ഞനാണ് സർ ജഗദീഷ് ചന്ദ്ര ബോസ്. മരങ്ങൾക്കും സസ്യങ്ങൾക്കും അനുഭവിക്കാനും പ്രതികരിക്കാനും സാധിക്കുമെന്നും അവയുമായി അനുകമ്പയുടെ ബന്ധം പോലും സ്ഥാപിക്കാൻ കഴിയുമെന്നും അദ്ദേഹം ലോകത്തെ ബോധ്യപ്പെടുത്തി. മാത്രമല്ല വയർലെസ് കമ്മ്യൂണിക്കേഷൻ രംഗത്തെ മുൻനിര പരീക്ഷണങ്ങൾ അദ്ദേഹത്തിന് ആഗോളതലത്തിൽ അംഗീകാരം നേടിക്കൊടുത്തു. കണ്ടുപിടുത്തങ്ങളോടും നൂതനാശയങ്ങളോടുമുള്ള അദ്ദേഹത്തിന്റെ ആജീവനാന്ത സമർപ്പണം യുവതലമുറയ്ക്ക് എന്നും പ്രചോദനമായി നിലകൊള്ളുന്നു.

ഒരിക്കൽ, ഒരു കുട്ടി കളിക്കുന്നതിനിടയിൽ ഒരു മരക്കൊമ്പ് ശക്തിയായി കുലുക്കുകയും അതിലെ പൂക്കളും ഇലകളും പറിച്ചെടുക്കുകയും ചെയ്യാൻ തുടങ്ങി. അപ്പോൾ അവന്റെ അമ്മ, ഇത് സന്ധ്യാ സമയമാണെന്നും ചെടികളെ തൊടാനോ അവയുടെ ഇലകൾ പറിക്കാനോ പാടില്ലെന്നും സൗമ്യമായി അവനോടു വിശദീകരിച്ചു കൊടുത്തു. നമ്മളെപ്പോലെ തന്നെ രാത്രിയിൽ ചെടികളും ഉറങ്ങാറുണ്ടെന്നും ആ സമയത്ത് അവയെ ബുദ്ധിമുട്ടിക്കുന്നത് വലിയ വേദനയുണ്ടാക്കുമെന്നും അമ്മ അവനോട് പറഞ്ഞു. കുട്ടിക്കാലത്തുണ്ടായ ഈ വിവരം ആ ആൺകുട്ടിയുടെ മനസ്സിൽ ആഴത്തിലുള്ള സ്വാധീനം ചെലുത്തി. അത് അവനിൽ വലിയൊരു ജിജ്ഞാസ ഉണർത്തി: നമ്മളെപ്പോലെ തന്നെ ചെടികൾക്കും വേദനയും സന്തോഷവും സങ്കടവും അനുഭവപ്പെടുന്നുണ്ടോ? വലുതായപ്പോൾ, ശാസ്ത്രീയമായ അന്വേഷണത്തിലൂടെ ഈ ചോദ്യം തന്നെ പരിശോധിക്കാൻ അവൻ തീരുമാനിച്ചു. ചെടികളിലെ ഏറ്റവും സൂക്ഷ്മമായ വളർച്ച പോലും അളക്കാൻ കഴിയുന്ന 'ക്രെസ്കോഗ്രാഫ്' എന്ന തികച്ചും സംവേദനക്ഷമതയുള്ള ഒരു ഉപകരണം അവൻ കണ്ടുപിടിച്ചു. ചെടികൾക്കും ജീവനും ബോധവുമുണ്ടെന്ന് അവൻ ലോകത്തിന് തെളിയിച്ചുകൊടുത്തു. ആ മനുഷ്യൻ മറ്റാരുമായിരുന്നില്ല, മഹാനായ ശാസ്ത്രജ്ഞൻ ജഗദീഷ് ചന്ദ്ര ബോസ് ആയിരുന്നു.

1858 നവംബർ 30-ന് ബംഗാളിലെ (ഇപ്പോഴത്തെ ബംഗ്ലാദേശ്) മൈമൻസിംഗ് ഗ്രാമത്തിൽ ജനിച്ച ജഗദീഷ് ചന്ദ്ര ബോസ്, റേഡിയോ, മൈക്രോവേവ് എന്നിവയുടെ പ്രകാശശാസ്ത്രവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച ആദ്യത്തെ ശാസ്ത്രജ്ഞനായിരുന്നു. ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ വിവരമനുസരിച്ച്, വയർലെസ് റേഡിയോ പ്രക്ഷേപണം കണ്ടെത്തിയവരിൽ ഒരാളാണ് ബോസ്. വളരെ കുറഞ്ഞ ദൈർഘ്യമുള്ള വൈദ്യുതകാന്തിക തരംഗങ്ങൾ ഉണ്ടാക്കുന്നതിനും കണ്ടെത്തുന്നതിനുമുള്ള ഉപകരണങ്ങളിൽ അദ്ദേഹം ശ്രദ്ധേയമായ മാറ്റങ്ങൾ വരുത്തി. റേഡിയോ സയൻസിന്റെ പിതാവായും അദ്ദേഹം അറിയപ്പെടുന്നു. വേവ് ഗൈഡുകൾ, പോളറൈസറുകൾ, ഡൈഇലക്ട്രിക് ലെൻസുകൾ, വൈദ്യുതകാന്തിക വികിരണങ്ങൾക്കായുള്ള സെമികണ്ടക്ടർ ഡിറ്റക്ടറുകൾ എന്നിവ പോലെയുള്ള, ഇന്ന് ഉപയോഗത്തിലുള്ള പല മൈക്രോവേവ് ഉപകരണങ്ങളും പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ ബോസ് കണ്ടുപിടിച്ചവയാണ്.

1917-ൽ ജഗദീഷ് ചന്ദ്ര ബോസിന് നൈറ്റ്ഹുഡ് ബഹുമതി ലഭിച്ചു. തൊട്ടുപിന്നാലെ, ഭൗതികശാസ്ത്രത്തിലും ജീവശാസ്ത്രത്തിലുമുള്ള സംഭാവനകൾ പരിഗണിച്ച് ലണ്ടനിലെ റോയൽ സൊസൈറ്റി ഫെലോ ആയി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. അത്യാധുനികമോ ചെലവേറിയതോ ആയ ഉപകരണങ്ങളോ ലബോറട്ടറികളോ ഇല്ലാതെയാണ് ബോസ് തന്റെ ഗവേഷണങ്ങൾ നടത്തിയിരുന്നത് എന്നതിനാൽ, മികച്ച സജ്ജീകരണങ്ങളുള്ള ഒരു ഗവേഷണ കേന്ദ്രം സ്ഥാപിക്കാൻ അദ്ദേഹം ആഗ്രഹിച്ചു; ഈ ദർശനത്തിൽ നിന്നാണ് 'ബോസ് ഇൻസ്റ്റിറ്റ്യൂട്ട്' (ബോസ് വിജ്ഞാൻ മന്ദിർ) ജന്മമെടുത്തത്. ഇന്ന്, രാജ്യത്തെ പ്രമുഖ സ്ഥാപനങ്ങളിലൊന്നായി ഇത് കണക്കാക്കപ്പെടുന്നു. വിവിധ വിഷയങ്ങളിൽ അദ്ദേഹം പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. 1937 നവംബർ 23-നാണ് ജഗദീഷ് ചന്ദ്ര ബോസ് അന്തരിച്ചത്.

ശാസ്ത്രീയ പ്രവർത്തനങ്ങൾക്കപ്പുറം, തത്വങ്ങളിൽ ഉറച്ചുനിന്ന വ്യക്തിയായിരുന്നു അദ്ദേഹം; കുറഞ്ഞ വേതനത്തിനെതിരെ ബ്രിട്ടീഷ് അധികാരികളോട് അദ്ദേഹം പ്രതിഷേധിച്ചു, തന്റെ അവകാശങ്ങൾ നേടിയെടുക്കാൻ 'സത്യാഗ്രഹം' പോലും അനുവർത്തിച്ചു. 2018 ഫെബ്രുവരി 25-ലെ 'മൻ കി ബാത്ത്' പ്രസംഗത്തിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി സർ ജഗദീഷ് ചന്ദ്ര ബോസിനെ ഇന്ത്യയുടെ അഭിമാനത്തിന്റെ ഉറവിടമായി വിശേഷിപ്പിച്ചു. മാത്രമല്ല, കൊൽക്കത്തയിലെ പ്രസിഡൻസി കോളേജിലാണ് ജഗദീഷ് ചന്ദ്ര ബോസ് ആദ്യമായി മൈക്രോവേവ് തത്ത്വങ്ങൾ അവതരിപ്പിച്ചതെന്ന് 2021 ജനുവരി 4-നും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടിയിരുന്നു. സർ ബോസ് തന്റെ കണ്ടെത്തലുകളുടെ വാണിജ്യപരമായ ഉപയോഗത്തിന് ശ്രമിച്ചില്ലെങ്കിലും, ആധുനിക റേഡിയോ ആശയവിനിമയ സംവിധാനങ്ങൾ നിർമ്മിക്കപ്പെട്ടിരിക്കുന്നത് ആ തത്ത്വങ്ങളുടെ അടിസ്ഥാനത്തിലാണ്.





ഇന്ത്യ കെം 2026

ആഗോള പങ്കാളിത്തങ്ങൾ കരുത്താർജ്ജിക്കുന്നു

വികസിതവും സ്വയംപര്യാപ്തവുമായ ഇന്ത്യയ്ക്ക് ശക്തവും ലോകോത്തര നിലവാരമുള്ളതുമായ രാസ, പെട്രോകെമിക്കൽ വ്യവസായം അത്യന്താപേക്ഷിതമാണ്. ഇക്കാരണത്താൽ, രാജ്യത്ത് രാസവ്യവസായ മേഖലയ്ക്ക് ഏറ്റവും അനുകൂലമായ സാഹചര്യം ഒരുക്കാൻ ഗവണ്മെന്റ് മുൻകൈയെടുക്കുന്നു. ഇതിന്റെ ഭാഗമായി,'ഇന്ത്യാ കെം 2026'-ന്റെ 14-ാമത് പതിപ്പ് ഒക്ടോബർ 22-ന് മുംബൈയിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. ആഗോള പങ്കാളിത്തം ശക്തിപ്പെടുത്തുക, നിക്ഷേപം ആകർഷിക്കുക, രാസ, പെട്രോകെമിക്കൽ മേഖലയിൽ സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഇന്ത്യാ കെം 2026-ന്റെ ലക്ഷ്യങ്ങൾ.

2047-ഓടെ വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കാനാണ് രാജ്യം ലക്ഷ്യമിടുന്നത്. ഈ ഉദ്യമത്തിൽ, ഗവണ്മെന്റ് തുടക്കമിട്ട മൂന്ന് പുതിയ പ്രത്യേക കെമിക്കൽ പാർക്കുകൾ ഉൾപ്പെടുന്ന 'ഭാരത് ഔദ്യോഗിക് വികാസ് യോജന' (BHAVYA) നിർണ്ണായക പങ്ക് വഹിക്കും. 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും ഇന്ത്യയുടെ വിപുലീകൃത സ്വതന്ത്ര വ്യാപാര കരാറുകളുടെ ശൃംഖലയും നിക്ഷേപത്തിനും അന്താരാഷ്ട്ര വിപണികളിലേക്കുള്ള പ്രവേശനത്തിനും പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നുവെന്ന് ഇന്ത്യ കെം 2026'-നോടനുബന്ധിച്ചുള്ള സന്ദേശത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ആഗോള വിതരണ ശൃംഖലകളിൽ തങ്ങളുടെ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിന് ഇന്ത്യൻ രാസവസ്തു നിർമ്മാതാക്കൾ ഈ അവസരങ്ങൾ പ്രയോജനപ്പെടുത്തുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

കേന്ദ്ര രാസവസ്തു, വളം, ആരോഗ്യ, കുടുംബക്ഷേമ മന്ത്രി ജെ. പി. നഡ്ഡ ഇന്ത്യാ കെം 2026-ന്റെ 14-ാമത് പതിപ്പ് ഉദ്ഘാടനം ചെയ്തു. ഇന്ത്യയുമായുള്ള സാമ്പത്തിക സഹകരണം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ജപ്പാൻ ഈ പരിപാടിയിൽ പങ്കാളിത്ത രാജ്യമായി ചേർന്നു-ഈ സഹകരണം രാസവസ്തു, പെട്രോകെമിക്കൽ മേഖലകളിൽ പുതിയ പങ്കാളിത്ത സാധ്യതകൾ തുറന്നുനൽകും.

ഇന്ത്യൻ രാസവ്യവസായത്തിന് ശക്തമായ വളർച്ചാ സാധ്യതകൾ

- ഇന്ത്യൻ രാസ വ്യവസായം 2030-ഓടെ 300 ബില്യൺ ഡോളറിലും 2040-ഓടെ 1 ട്രില്യൺ ഡോളറിലും എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.
- വർദ്ധിച്ചുവരുന്ന ആഭ്യന്തര ആവശ്യകത, വികസിച്ചുകൊണ്ടിരിക്കുന്ന കയറ്റുമതി സാധ്യതകൾ, ഇന്ത്യയിലെ വലിയ യുവജനസംഖ്യ, താരതമ്യേന കുറഞ്ഞ പ്രതിശീർഷ ഉപഭോഗം, പിന്തുണയേകുന്ന ഗവണ്മെന്റ് പദ്ധതികൾ എന്നിവ എന്നിവ ഈ മേഖലയുടെ ശക്തമായ വളർച്ചാ സാധ്യതകൾക്ക് ആക്കം കൂട്ടുന്നു.

8,000-ൽ അധികം പ്രതിനിധികൾ പങ്കെടുത്തു

- ജപ്പാൻ, യു.എസ്, കാനഡ, യു.കെ, യൂറോപ്യൻ യൂണിയൻ, ലാറ്റിൻ അമേരിക്കൻ രാജ്യങ്ങൾ, ദക്ഷിണ കൊറിയ എന്നിവയുൾപ്പെടെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഈ പരിപാടിയിൽ പങ്കെടുത്തു.
- ഇന്ത്യയിൽ നിന്നും വിദേശത്തുനിന്നുമായി 200-ലധികം പ്രദർശകരും, ലോകമെമ്പാടുനിന്നുമുള്ള 8,000-ത്തിലധികം ബിസിനസ് പ്രൊഫഷണലുകളും, ഇന്ത്യയിലെയും വിദേശത്തെയും പ്രമുഖ കമ്പനികളിലെ 50 സിഇഒമാരും പരിപാടിയിൽ ഒത്തുചേർന്നു.

'ഇന്ത്യ കെം 2026' അർത്ഥവത്തായ ചർച്ചകൾക്ക് വഴിയൊരുക്കുകയും, ഈ മേഖലയുടെ ദീർഘകാല വളർച്ചയ്ക്ക് സഹായകമാകുന്ന പങ്കാളിത്തങ്ങൾക്ക് അടിത്തറ പാകുകയും ചെയ്യും. - നരേന്ദ്ര മോദി, പ്രധാനമന്ത്രി

സർദാർ പട്ടേൽ ഉറപ്പാക്കി...

ഒരു സുരക്ഷിത ഇന്ത്യ

ഹിമാലയം മുതൽ ഇന്ത്യൻ മഹാസമുദ്രം വരെ



സർദാർ പട്ടേലിന്റെ 151-ാം ജന്മവാർഷികത്തോടനുബന്ധിച്ച് (ദേശീയ ഏകതാ ദിനം) നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ സംസാരിക്കവെ, രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും സുരക്ഷയും ശക്തിപ്പെടുത്തുന്നതിൽ സർദാർ പട്ടേൽ വഹിച്ച പങ്ക് ചരിത്രപരമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഹിമാലയം മുതൽ ഇന്ത്യൻ മഹാസമുദ്രം വരെ ഇന്ത്യയെ സുരക്ഷിതമായി നിലനിർത്തുകയെന്ന സർദാർ പട്ടേലിന്റെ കാഴ്ചപ്പാട് മുൻനിർത്തി, ആഭ്യന്തര സുരക്ഷാ രംഗത്ത് നക്സലിസത്തിനെതിരെ കേന്ദ്ര ഗവണ്മെന്റ് നിർണായകമായ നടപടികൾ സ്വീകരിച്ചു. ലോകബാങ്കിന്റെ കണക്കുകൾ പ്രകാരം, കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ഏകദേശം 50 കോടി (500 ദശലക്ഷം) പൗരന്മാരാണ് ദാരിദ്ര്യത്തിൽ നിന്ന് മുക്തരായത്നവീനവും ശക്തവും സ്വയംപര്യാപ്തവുമായ ഇന്ത്യയിലേക്കുള്ള അഭൂതപൂർവ്വമായ മാറ്റത്തിന്റെ തെളിവാണിത്.

ഒക്ടോബർ 31-ന് ഗുജറാത്തിലെ ഏകതാ നഗറിൽ നടന്ന ചടങ്ങിൽ, സ്വാതന്ത്ര്യം ഒരു രാജ്യത്തിന് സ്വന്തം ഭാവി നിർണ്ണയിക്കാനുള്ള അവകാശം നൽകുമ്പോൾ, ഐക്യമാണ് രാജ്യം മുഴുവനും ഒന്നിച്ചു മുന്നേറാനുള്ള കരുത്ത് പകരുന്നതെന്ന് പ്രധാനമന്ത്രി മോദി അഭിപ്രായപ്പെട്ടു. അതുകൊണ്ടാണ് ഇന്ന് സ്വാതന്ത്ര്യദിനവും റിപ്പബ്ലിക് ദിനവും ദേശീയ ഏകതാ ദിനവുമെല്ലാം വലിയ ആവേശത്തോടും ഉൽസാഹത്തോടും കൂടി രാജ്യമെമ്പാടും ആഘോഷിക്കപ്പെടുന്നത്. ദേശീയ ഏകതാ ദിനം ഇപ്പോൾ കേവലമൊരു ചടങ്ങായി മാത്രം ഒതുങ്ങിനിൽക്കുന്നില്ല; മറിച്ച്, ജനങ്ങളുടെ സജീവ പങ്കാളിത്തത്താൽ നയിക്കപ്പെടുന്ന ദേശാഭിമാനത്തിന്റെ ആഘോഷമായി അത് മാറിയിരിക്കുന്നു. സർദാർ പട്ടേലിനെ മഹാനായ ചരിത്രപുരുഷനായി വിശേഷിപ്പിച്ച പ്രധാനമന്ത്രി, രാജ്യത്തിന്റെ നിലവിലെ ഭൂമിശാസ്ത്രപരവും രാഷ്ട്രീയവുമായ ഘടന രൂപപ്പെടുത്തുന്നതിൽ അദ്ദേഹത്തിന്റെ ശ്രദ്ധേയമായ സംഭാവനകളെയും എടുത്തുപറഞ്ഞു.

സർദാർ പട്ടേൽ ആധുനിക ഇന്ത്യയ്ക്ക് തറക്കല്ലിട്ടു - ഭൂമിശാസ്ത്രപരമായും വൈകാരികമായും രാജ്യത്തെ ഒന്നിപ്പിച്ചുകൊണ്ട് ഗുജറാത്തിലെ സോമനാഥ ക്ഷേത്ര പുനർനിർമ്മാണത്തിന് വഴിയൊരുക്കിക്കൊണ്ട്

പ്രധാനമന്ത്രി മോദിയുടെ പരിപാടി പൂർണമായും കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.

ബനസ്കന്തയിൽ പ്രധാനമന്ത്രി



കന്നുകാലി പ്രജനന ഗവേഷണ കേന്ദ്രം

ബനസ്കന്തയിലെ ഭിൽഡിയിൽ സ്ഥിതിചെയ്യുന്ന ബോവിൻ ബ്രീഡിംഗ് ആൻഡ് റിസർച്ച് സെന്റർ (BBRC) രാജ്യത്തിന് സമർപ്പിച്ചു. 127 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന ഈ സ്ഥാപനം അത്യാധുനിക മികവിന്റെ കേന്ദ്രമായാണ് സ്ഥാപിച്ചിരിക്കുന്നത്. കൺക്രേജ് ഇനം കന്നുകാലികൾക്കായി പ്രത്യേകം സജ്ജമാക്കിയിട്ടുള്ള രാജ്യത്തെ ആദ്യത്തെ ഇത്തരത്തിലുള്ള കേന്ദ്രമാണിത്.

പ്രധാനമന്ത്രി മോദിയുടെ പരിപാടി പൂർണമായും കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.

പ്രധാന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും...

- തരാദിലും രാധൻപൂരിലും യഥാക്രമം പ്രതിദിനം 75, 100 മെട്രിക് ടൺ ചാണകം സംസ്കരിക്കാൻ ശേഷിയുള്ള ബനാസ് ഡയറിയുടെ രണ്ട് ബയോ-സിഎൻജി പ്ലാന്റുകൾക്ക് തറക്കല്ലിട്ടു.
- അഹമ്മദാബാദ് മെട്രോയുടെ രണ്ടാം ഘട്ടത്തിലെ '2A' (എയർപോർട്ട് എക്സ്റ്റൻഷൻ), '2B' (ഗിഫ്റ്റ് സിറ്റി എക്സ്റ്റൻഷൻ) ഭാഗങ്ങൾക്ക് തറക്കല്ലിട്ടു. കൊടേശ്വർ റോഡിൽ നിന്ന് വിമാനത്താവളം വരെയുള്ള 6 കിലോമീറ്റർ ദൂരത്തിൽ അഞ്ച് സ്റ്റേഷനുകൾ ഉൾപ്പെടുന്നതാണ് രണ്ടാം ഘട്ടം '2A'. രണ്ടാം ഘട്ടം '2B' 3.3 കിലോമീറ്ററിലധികം ദൂരം ഉൾക്കൊള്ളുന്നു.
- ഏകദേശം 2,600 കോടി രൂപ ചെലവിൽ അഹമ്മദാബാദ്-മെഹ്സാന റോഡ് (സ്റ്റേറ്റ് ഹൈവേ-41) നാലുവരിപ്പാതയിൽ നിന്ന് എട്ടുവരിപ്പാതയായി നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള പ്രവൃത്തികൾക്ക് തറക്കല്ലിട്ടു.
- പുതിയ 4,030 ശിശു സൗഹൃദ അങ്കണവാടി കേന്ദ്രങ്ങൾക്ക് തറക്കല്ലിട്ടു; ഗുജറാത്തിൽ പൂർണ്ണമായും വികസിപ്പിച്ച 361 ശിശു സൗഹൃദ അങ്കണവാടി കേന്ദ്രങ്ങൾ ഉദ്ഘാടനം ചെയ്തു.
- കാർഷിക അടിസ്ഥാനസൗകര്യ ഫണ്ടിന് കീഴിൽ പൂർത്തിയാക്കിയ, ഏകദേശം 4,950 കോടി രൂപ ചെലവ് വരുന്ന 521 പദ്ധതികൾ രാജ്യത്തിന് സമർപ്പിച്ചു.
- രാജ്യത്തുടനീളമുള്ള കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്ന, 'പിഎം-കിസാൻ' പദ്ധതിയുടെ 24-ാം ഗഡുവായി 19,000 കോടി രൂപ അനുവദിച്ചു.

400 കോടി രൂപയുടെ പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും...

- ഏകതാ നഗറിൽ 400 കോടിയിലധികം രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവ്വഹിച്ചു.

സാംസ്കാരിക നവോത്ഥാനത്തിന് തുടക്കമിടുന്നതിലും അദ്ദേഹം നിർണ്ണായക പങ്കുവഹിച്ചു; അങ്ങനെ രാജ്യത്തിന്റെ സാംസ്കാരിക പുനരുത്ഥാനത്തിന് അദ്ദേഹം അടിത്തറപാകി. ദേശീയ ഐക്യത്തിന്റെ മഹത്തായ ആഘോഷങ്ങൾ, ആഗോളതലത്തിൽ ഇന്ത്യയുടെ വളർന്നുവരുന്ന സ്ഥാനം, അതിവേഗ സാമ്പത്തിക വികസനം, കാശി വിശ്വനാഥ് മുതൽ രാമക്ഷേത്രം വരെ വ്യാപിച്ചുകിടക്കുന്ന നിലവിലെ സാംസ്കാരിക നവോത്ഥാനം എന്നിവ ചൂണ്ടിക്കാണിച്ചുകൊണ്ട്, സർദാർ പട്ടേൽ വിഭാവനം ചെയ്ത അതേ പാതയിലൂടെയാണ് രാജ്യം ഇപ്പോൾ മുന്നേറുന്നതെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു.

സർദാർ പട്ടേലിന്റെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുള്ള രണ്ടു വർഷത്തെ രാജ്യവ്യാപക ആഘോഷങ്ങൾ അനുസ്മരിച്ച പ്രധാനമന്ത്രി, ആ കാലയളവിൽ രാജ്യം സുപ്രധാനമായ നിരവധി പ്രതിജ്ഞകൾ എടുത്തിരുന്നതായി ചൂണ്ടിക്കാട്ടി. സർദാർ പട്ടേലിന്റെ 151-ാം ജന്മവാർഷിക വേളയിൽ, തികച്ചും ചുരുങ്ങിയ സമയത്തിനുള്ളിൽ രാജ്യം ഈ പ്രതിജ്ഞകൾ നിറവേറ്റിയതിൽ അദ്ദേഹം സംതൃപ്തി രേഖപ്പെടുത്തി. 'ഈ രണ്ട് വർഷത്തിനിടയിൽ, മുൻപൊരിക്കലും കൈവരിച്ചിട്ടില്ലാത്ത നിരവധി നാഴികക്കല്ലുകൾ രാജ്യം കൈവരിച്ചു,' പ്രധാനമന്ത്രി മോദി പറഞ്ഞു.

സർദാർ പട്ടേലിന്റെ 150-ാം ജന്മവാർഷിക വേളയിൽ അദ്ദേഹത്തിന്റെ പാദപീഠത്തിൽ വച്ച് എടുത്ത ദൃഢനിശ്ചയത്തെക്കുറിച്ച്-നക്സലിസവും മാവോയിസ്റ്റ് ഭീകരതയും പൂർണ്ണമായി തുടച്ചുനീക്കുന്നതുവരെ വിശ്രമിക്കില്ലെന്ന പ്രതിജ്ഞയെക്കുറിച്ച്-ഓർമ്മിപ്പിച്ച പ്രധാനമന്ത്രി, വെറും ഒരു വർഷത്തിനുള്ളിൽ ഇടത് തീവ്രവാദത്തിന്റെ നട്ടെല്ലൊടിക്കാൻ സാധിച്ചുവെന്ന് അഭിപ്രായപ്പെട്ടു. പതിറ്റാണ്ടുകളായി അക്രമങ്ങൾ നിറഞ്ഞ പ്രദേശങ്ങൾ ഇപ്പോൾ വികസനത്തിന്റെ മുഖ്യധാരയിലേക്ക് ചേരുകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ലോകബാങ്ക് റിപ്പോർട്ട് ഉദ്ധരിച്ച്, 2024 വരെയുള്ള 10-12 വർഷ കാലയളവിൽ 50 കോടി (500 ദശലക്ഷം) ഇന്ത്യക്കാർ ദാരിദ്ര്യത്തിൽ നിന്ന് മുക്തരായതായി അദ്ദേഹം പരാമർശിച്ചു. മുൻപ് ഓരോ 100 പേരിലും 27 പേർ കടുത്ത ദാരിദ്ര്യത്തിൽ കഴിഞ്ഞിരുന്ന സ്ഥാനത്ത്, ആ കണക്ക് ഇപ്പോൾ 3-ൽ താഴെയായി കുറഞ്ഞിരിക്കുന്നു.

'നമ്മൾ, ജനങ്ങൾ' എന്ന ആശയം ഓരോ പൗരനും ആഘോഷമാക്കിയപ്പോൾ




360 ദശലക്ഷം ജനങ്ങളും, പരിമിതമായ വിഭവങ്ങളും, അനന്തമായ വെല്ലുവിളികളുമുള്ള ഒരു പുതിയ സ്വതന്ത്ര രാജ്യത്തെക്കുറിച്ച് സങ്കൽപ്പിക്കുക. 1949 നവംബർ 26-ന് ഭരണഘടന അംഗീകരിക്കപ്പെട്ടതോടെ, ഓരോ ഇന്ത്യക്കാരന്റെയും സ്വപ്നങ്ങളും പോരാട്ടങ്ങളും അഭിലാഷങ്ങളും സാക്ഷാത്കരിക്കുന്നതിനുള്ള വഴിയൊരുങ്ങി. നിർഭാഗ്യവശാൽ, ചരിത്രപ്രധാനമായ ഈ തീയതി കാലക്രമേണ വിസ്മൃതിയിലായി. എന്നാൽ, വിസ്മരിക്കപ്പെട്ട ഈ ദിനത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി 2015-ൽ ജീവൻ നൽകുകയും ഭരണഘടനാ ദിനത്തെ ഓരോ പൗരന്റെയും യഥാർത്ഥ ആഘോഷമാക്കി മാറ്റുകയും ചെയ്തു.

ഈ നവംബർ 26-ന് രാജ്യം 12-ാമത് ഭരണഘടനാ ദിനം ആചരിക്കുകയാണ്. 77 വർഷം പിന്നിട്ട, തുടർച്ചയായ ഒരു ജനാധിപത്യ പ്രയാണത്തിന്റെ സ്മരണ പുതുക്കുന്ന അഭിമാനകരമായ ആഘോഷം കൂടിയാണിത്. ഭരണഘടനയുടെ ആമുഖത്തിലെ വെറും മൂന്ന് വാക്കുകളിൽ ഒതുങ്ങിനിന്നിരുന്ന 'നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ' എന്ന പ്രഖ്യാപനം ഇന്ന് കേവലം ഒരു ആമുഖവാക്യമല്ല; മറിച്ച്, രാജ്യത്തിന്റെ ഓരോ ചുവടുവെപ്പിലും ജീവസ്സുറ്റ യാഥാർഥ്യമായി മാറിയിരിക്കുന്നു. വിവേചനരഹിതമായ പുതിയ നിയമങ്ങളിൽ ഈ ജനകീയ ചൈതന്യം ഇന്ന് പ്രതിഫലിക്കുന്നു. ഓരോ ഗുണഭോക്താവിനും സ്ഥിരമായൊരു ഭവനം ഉറപ്പാക്കുന്നതിൽ അതിന്റെ കരുതൽ ദൃശ്യമാകുന്നു; കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ടെത്തുന്ന സാമ്പത്തിക സഹായത്തിലൂടെ അതിന്റെ ജനക്ഷേമസങ്കൽപ്പം സാക്ഷാത്കരിക്കപ്പെടുന്നു; ലളിതവൽക്കരിച്ച ജി.എസ്.ടി. സംവിധാനത്തിലൂടെ അതിന്റെ പ്രായോഗികതയും പ്രകടമാകുന്നു. 'ജനാധിപത്യത്തിന്റെ മാതാവ്' എന്നറിയപ്പെടുന്ന ഇന്ത്യയുടെ അഭിമാനവും യശസ്സും ഇന്ന് ആഗോള വേദികളിലും പ്രതിധ്വനിക്കുകയാണ്. 'സങ്കൽപ് സേ സിദ്ധി' എന്ന ദൃഢനിശ്ചയത്തിൽനിന്ന് വികസിത ഭാരതം എന്ന മഹത്തായ ലക്ഷ്യത്തിലേക്കുള്ള പ്രയാണമാണിത്. ഈ ലക്ഷ്യസാക്ഷാത്കാരത്തിലേക്കുള്ള പ്രയാണത്തിൽ ഭരണഘടന ഇന്ന് കേവലം ഒരു നിയമസംഹിത മാത്രമല്ല; 140 കോടി ഇന്ത്യക്കാരുടെയും ഹൃദയങ്ങളിൽ ഒരുപോലെ കുടികൊള്ളുന്ന, അവരെ ഒരുമിപ്പിക്കുന്ന പൊതുആത്മാവായി അത് മാറിയിരിക്കുന്നു.

മനുഷ്യൻ രചിച്ച ഏതെങ്കിലും ഒരു രേഖയെ യഥാർത്ഥ അർത്ഥത്തിൽ അനശ്വരമെന്ന് വിശേഷിപ്പിക്കാനാകുമെങ്കിൽ, അത് ഇന്ത്യൻ ഭരണഘടനയാണ്. കഴിഞ്ഞ 12 വർഷമായി പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഭരണഘടനയെ രാജ്യത്തിന്റെ പവിത്രമായ ഗ്രന്ഥമായും വഴികാട്ടിയായും കണക്കാക്കിക്കൊണ്ടാണ് പ്രവർത്തിച്ചുവരുന്നത്. പതിറ്റാണ്ടുകളായി രാജ്യത്തിന് കൈവരിക്കാനാകാതിരുന്ന വികസനത്തിന്റെ ശക്തമായ അടിത്തറ പടുത്തുയർത്താൻ അദ്ദേഹം ഭരണഘടനയെ മാർഗദർശകമായി സ്വീകരിച്ചു. ഒരുകാലത്ത് രാഷ്ട്രീയനേതാക്കൾ 'വിധി'യായി കണ്ട് ഇടപെടാൻ മടിച്ചിരുന്ന പ്രശ്നങ്ങൾ പ്രധാനമന്ത്രി ഏറ്റെടുക്കുകയും അവയ്ക്ക് ശാശ്വതമായ പരിഹാരങ്ങൾ കാണുകയും ചെയ്തു.. ഭരണഘടന ഇന്ന് കേവലം ഒരു നിയമവ്യവസ്ഥ എന്നതിലുപരിയായി വളർന്നിരിക്കുന്നു. അതൊരു നിയമരേഖ മാത്രമല്ലാതായി; യഥാർത്ഥ അർത്ഥത്തിൽ അതൊരു സാമൂഹിക രേഖയായി പരിണമിച്ചിരിക്കുന്നു. ഭരണഘടന അംഗീകരിക്കപ്പെട്ടതിന്റെ 77-ാം വാർഷികം അടയാളപ്പെടുത്തിക്കൊണ്ട്, ഈ നവംബർ 26-ന് രാജ്യം 12-ാമത് ഭരണഘടനാ ദിനം ആചരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ, "എല്ലാവർക്കുമൊപ്പം, എല്ലാവർക്കും വികസനം, എല്ലാവരുടെയും വിശ്വാസം, എല്ലാവരുടെയും പ്രയത്നം എന്ന ആപ്തവാക്യം കഴിഞ്ഞ ഒരു ദശാബ്ദത്തിലേറെയായി ഭരണഘടനയുടെ അന്തഃസത്തയുടെ ഏറ്റവും ശക്തമായ ആവിഷ്കാരമായി ഉയർന്നുവന്നിരിക്കുന്നു.

വിസ്മൃതിയിലാണ്ട ഒരു ദിനത്തിൽ നിന്ന് ദേശീയ ആഘോഷത്തിലേക്ക്

1949 നവംബർ 26-ന് ഇന്ത്യൻ ഭരണഘടന അംഗീകരിക്കപ്പെട്ടുവെങ്കിലും, ഈ ചരിത്രപ്രധാനമായ ദിനം പതിറ്റാണ്ടുകളോളം ചരിത്രത്തിന്റെ താളുകളിൽ വിസ്മൃതിയിലാണ്ടുകിടന്നു. ഭരണഘടന അംഗീകരിക്കപ്പെട്ട് 65 വർഷങ്ങൾക്കുശേഷം, 2015 നവംബർ 19-നാണ് കേന്ദ്ര സാമൂഹികനീതി, ശാക്തീകരണ മന്ത്രാലയം ഈ ദിനം ഔദ്യോഗികമായി 'ഭരണഘടനാ ദിനം' ആയി ആചരിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചത്. ഡോ. ഭീംറാവു അംബേദ്കറുടെ 125-ാം ജന്മവാർഷികം രാജ്യം ആചരിച്ചുകൊണ്ടിരുന്ന വേളയിലായിരുന്നു ഈ സുപ്രധാന പ്രഖ്യാപനം. ഭരണഘടനയുടെ ശിൽപിയെ എക്കാലവും സ്മരിക്കപ്പെടുന്ന വ്യക്തിത്വമാക്കി നിലനിർത്തുന്നതിന് ഇതിലും പവിത്രമായ മറ്റൊരു സന്ദർഭമുണ്ടാകില്ലെന്ന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി തന്നെ അഭിപ്രായപ്പെട്ടിരുന്നു. രസകരമായ കാര്യം, ഭരണഘടനയ്ക്കായി ഒരു പ്രത്യേക ദിനം ആചരിക്കണമെന്ന ആശയം പ്രധാനമന്ത്രി മോദി മുന്നോട്ടുവയ്ക്കുന്നത് ഇതാദ്യമായിരുന്നില്ല എന്നതാണ്. 2009-ൽ ഗുജറാത്ത് മുഖ്യമന്ത്രിയായിരിക്കെ, ഭരണഘടനയുടെ 60-ാം വാർഷികം അദ്ദേഹം സംസ്ഥാന ഗവൺമെന്റിന്റെ നേതൃത്വത്തിൽ വിപുലമായി ആഘോഷിച്ചിരുന്നു.



രാഷ്ട്രം പ്രഥമം, ഭരണഘടന പ്രഥമം
ഒരു പ്രയാണത്തിന്റെ സംക്ഷിപ്ത ചിത്രം

2 വർഷം, 11 മാസം, 18 ദിവസം നീണ്ട കാലയളവിലാണ് ഭരണഘടനയുടെ കരട് രൂപം കൊണ്ടത്

ലോകത്തിലെ **60** -ലധികം രാജ്യങ്ങളുടെ ഭരണഘടനകൾ വിശദമായി പഠിക്കുകയും 2,000-ത്തിലധികം ഭേദഗതികൾ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ടാണ് ഇത് അന്തിമമായത്.

26 നവംബർ 1949
ഇന്ത്യൻ ഭരണഘടന അംഗീകരിക്കപ്പെട്ടു.

26 ജനുവരി 1950
ഭരണഘടന പ്രാബല്യത്തിൽ വന്നു. ഇന്ത്യ റിപ്പബ്ലിക്കായി മാറി.

19 നവംബർ 2015
നവംബർ 26 ഭരണഘടനാ ദിനമായി ആചരിക്കുന്നതിനുള്ള ഔദ്യോഗിക വിജ്ഞാപനം പുറപ്പെടുവിച്ചു.

2024
ഭരണഘടന അംഗീകരിച്ചതിന്റെ 75-ാം വാർഷികം. പത്താമത് ഭരണഘടനാ ദിനം ആചരിച്ചു.

25 ജൂൺ 2025
അടിയന്തരാവസ്ഥയുടെ 50-ാം വാർഷികം. ഈ ദിനം 'സംവിധാൻ ഹത്യാ ദിവസ്' ആയി ആചരിച്ചു.

26 നവംബർ 2025
76-ാമത് ഭരണഘടനാ ദിനം.'ഭരണഘടന@75' പ്രചാരണപരിപാടികൾക്ക് സമാപനം. ഭരണഘടനയുടെ പരിഭാഷപ്പെടുത്തിയ പതിപ്പ് ഒൻപത് ഇന്ത്യൻ ഭാഷകളിൽ പുറത്തിറക്കി.

26 നവംബർ 2026
12-ാമത് ഭരണഘടനാ ദിനം. ഭരണഘടന അംഗീകരിച്ചതിന്റെ 77-ാം വാർഷികം.

അന്ന് ഗുജറാത്തിൽ ഭരണഘടനയുടെ മാതൃക ആനപ്പുറത്തേറ്റി നടത്തിയ ഘോഷയാത്രക്ക്, അന്നത്തെ മുഖ്യമന്ത്രി ശ്രീ നരേന്ദ്ര മോദി തന്നെ മുൻനിരയിൽ നിന്ന് നേതൃത്വം നൽകി.

നവംബർ 26 ഇല്ലാതെ ജനുവരി 26-ന്റെ പ്രാധാന്യം പൂർണമാകില്ല. യഥാർത്ഥത്തിൽ, ജനുവരി 26-ന്റെ കരുത്തിന്റെ അടിസ്ഥാനം തന്നെ നവംബർ 26-ലാണ്. ഈ കാഴ്ചപ്പാടോടെയാണ് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഭരണഘടനാ ദിനത്തെ ഒരു ജനകീയ ആഘോഷമാക്കി മാറ്റിയത്.

ഭരണഘടനാ ദിനവുമായി ബന്ധപ്പെട്ട് കേന്ദ്രം മുതൽ ജില്ലാ തലം വരെ എല്ലാ വർഷവും വിവിധ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. പ്രസംഗമത്സരങ്ങൾ, മൗലിക കർത്തവ്യങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ഭരണഘടനയുടെ ആമുഖത്തിന്റെ കൂട്ടായ വായന, ചലച്ചിത്ര പ്രദർശനങ്ങൾ, സ്കൂളുകളിൽ സംഘടിപ്പിക്കുന്ന 'നിങ്ങളുടെ ഭരണഘടനയെ അറിയുക' എന്ന പരിപാടി തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. 76-ാമത് ഭരണഘടനാ ദിനത്തോടനുബന്ധിച്ച് 2025 നവംബർ 26-ന്, ചരിത്രപ്രസിദ്ധമായ സംവിധാൻ സദനിലെ സെൻട്രൽ ഹാളിൽ ദേശീയതലത്തിലുള്ള ചടങ്ങ് സംഘടിപ്പിച്ചു. രാഷ്ട്രപതി ശ്രീമതി ദ്രൗപദി മുർമുവിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, ലോക്സഭാ സ്പീക്കർ, പാർലമെന്റിന്റെ ഇരുസഭകളിലെയും അംഗങ്ങൾ എന്നിവർ പങ്കെടുത്തു.



ഈ ചരിത്രമുഹൂർത്തത്തിൽ, വിവർത്തനം ചെയ്ത ഇന്ത്യൻ ഭരണഘടനയുടെ പതിപ്പുകൾ ഒൻപത് ഇന്ത്യൻ ഭാഷകളിൽ കൂടി പുറത്തിറക്കി: മലയാളം, മറാത്തി, നേപ്പാളി, പഞ്ചാബി, ബോഡോ, കശ്മീരി, തെലുങ്ക്, ഒഡിയ, അസമീസ് എന്നീ ഭാഷകളിലേക്കാണ് ഭരണഘടന തർജ്ജമ ചെയ്യപ്പെട്ടത്. **"भारत के संविधान में कला और कैलीग्राफी"** എന്ന പേരിലുള്ള സ്മരണികാ പുസ്തകവും ചടങ്ങിൽ പ്രകാശനം ചെയ്തു. അതേ ദിവസം, ഡോ. അംബേദ്കർ ഫൗണ്ടേഷൻ ഒരു വർഷം നീണ്ടുനിന്ന 'ഭരണഘടന@75' പ്രചാരണപരിപാടികൾക്ക് സമാപനം കുറിച്ചുകൊണ്ട് 'ജീവിക്കുന്ന ഭരണഘടന: ജനാധിപത്യത്തിന്റെയും അന്തസ്സിന്റെയും വികസനത്തിന്റെയും 75 വർഷങ്ങൾ' എന്ന പ്രമേയത്തിൽ ദേശീയ സമ്മേളനം സംഘടിപ്പിച്ചു. എന്നാൽ, ഭരണഘടനാ ദിനത്തിന്റെ യഥാർത്ഥ പ്രാധാന്യം പൂർണമായി ഉൾക്കൊള്ളണമെങ്കിൽ നമ്മുടെ ജനാധിപത്യ ചരിത്രത്തിലെ ഇരുണ്ട ഒരു അധ്യായത്തിലേക്ക് കൂടി തിരിഞ്ഞുനോക്കേണ്ടതുണ്ട്. പൗരന്മാരുടെ മൗലികാവകാശങ്ങൾ എടുത്തുകളയപ്പെടുകയും മാധ്യമങ്ങൾക്ക് സെൻസർഷിപ്പ് ഏർപ്പെടുത്തുകയും വിയോജിപ്പിന്റെ ശബ്ദങ്ങൾ കാരാഗൃഹങ്ങളുടെ അഴികൾക്കുള്ളിൽ നിശ്ശബ്ദമാക്കപ്പെടുകയും ചെയ്ത ഒരു കാലഘട്ടമായിരുന്നു അത്.

ഭരണഘടനയും അടിയന്തരാവസ്ഥയുടെ ഇരുണ്ട നാളുകളും

ഇന്ന് അഭിമാനപൂർവം ആചരിക്കപ്പെടുന്ന ഭരണഘടനാ ദിനം ഒരു ദേശീയ ആഘോഷമായി വളർന്നിരിക്കുന്നു. എന്നാൽ, ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രത്തിന്റെ ജനാധിപത്യ മൂല്യങ്ങൾക്കു തന്നെ മങ്ങലേൽപ്പിച്ച ഇരുണ്ടൊരു അധ്യായം രാജ്യത്തിന്റെ ചരിത്രത്തിലുണ്ടായിരുന്നു. 1975 ജൂൺ 25-ന് 'രാജ്യത്തിന്റെ സുരക്ഷയ്ക്ക് ഭീഷണിയാകുന്ന തരത്തിൽ, ആഭ്യന്തര അസ്വസ്ഥത' എന്ന കാരണം ചൂണ്ടിക്കാട്ടി രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. മന്ത്രിസഭയുടെ അംഗീകാരം പോലുമില്ലാതെ അടിയന്തരാവസ്ഥ നടപ്പാക്കിയെന്നത് അതിന് മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത സംഭവമായിരുന്നു. ഒരു ഗവണ്മെന്റ് നിശ്ചിത ചട്ടങ്ങളുടെയും നടപടിക്രമങ്ങളുടെയും അടിസ്ഥാനത്തിലാണ് തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. എന്നാൽ, അന്നത്തെ സാഹചര്യത്തിൽ മന്ത്രിമാർക്കുപോലും, സംഭവിക്കുന്നതെന്താണെന്ന് അറിയില്ലായിരുന്നു. ഇതേത്തുടർന്ന്, വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കണമെന്ന് അന്നത്തെ രാഷ്ട്രപതി ആവശ്യപ്പെട്ടു. അതിന്റെ ഫലമായി ജൂൺ 26-ന് രാവിലെ ആറുമണിക്ക് മന്ത്രിസഭായോഗം ചേർന്നു. അതേ ദിവസം തന്നെ പത്രമാധ്യമങ്ങൾക്ക് സെൻസർഷിപ്പ് ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവും പുറപ്പെടുവിച്ചു. ആ കാലഘട്ടത്തെക്കുറിച്ച് പ്രസാർ ഭാരതിയുടെ മുൻ ചെയർമാൻ എ. സൂര്യപ്രകാശ് ഇങ്ങനെ രേഖപ്പെടുത്തുന്നു:- ''അടിയന്തരാവസ്ഥ പ്രഖ്യാപിച്ച വാർത്ത പ്രസിദ്ധീകരിക്കപ്പെടാതിരിക്കാൻ, ജൂൺ 25-ന് രാത്രിയിൽ ഡൽഹിയിലെ ബഹാദൂർ ഷാ സഫർ മാർഗിലുള്ള പത്രമോഫീസുകളിലേക്കുള്ള വൈദ്യുതി വിതരണം വിച്ഛേദിച്ചത് ഒരുപക്ഷേ അപൂർവമായൊരു സംഭവമായിരുന്നു''.

"നമ്മുടെ ജനാധിപത്യ മൂല്യങ്ങളെയും ഭരണഘടനയെയും നാം പരമോന്നതമായി ആദരിക്കുന്നു; അതുകൊണ്ടുതന്നെ ജൂൺ 25-നെ നമുക്ക് ഒരിക്കലും മറക്കാൻ കഴിയില്ല. നമ്മുടെ രാജ്യത്തിന്മേൽ അടിയന്തരാവസ്ഥ അടിച്ചേൽപ്പിക്കപ്പെട്ട ദിവസമാണിത്ഇന്ത്യൻ ചരിത്രത്തിലെ ഒരു കറുത്ത അധ്യായം. ജനാധിപത്യത്തിന് വേണ്ടി നിലകൊണ്ടവർക്ക് നേരെ ഉണ്ടായ ലംഘനങ്ങളും പീഡനങ്ങളും എത്രത്തോളം കഠിനമായിരുന്നുവെന്നാൽ, ഇന്നും അവയെക്കുറിച്ച് ഓർക്കുമ്പോൾത്തന്നെ ഏതൊരാളും വിറച്ചുപോകും.


-നരേന്ദ്ര മോദി, പ്രധാനമന്ത്രി

ഭരണഘടനാ ദിനം...

1949 നവംബർ 26-നാണ് ഇന്ത്യയുടെ ഭരണഘടനാ നിർമ്മാണ സഭ ഭരണഘടന അംഗീകരിച്ചത്. തുടർന്ന് 1950 ജനുവരി 26-ന് ഇന്ത്യൻ ഭരണഘടന നിലവിൽ വന്നു. ഈ പവിത്രമായ മുഹൂർത്തത്തോടുള്ള ആദരസൂചകമായി, 2015-ൽ ഗവൺമെന്റ് നവംബർ 26 'ഭരണഘടനാ ദിന'മായി പ്രഖ്യാപിച്ചു.

ഇന്ത്യൻ ഭരണഘടനയെക്കുറിച്ചുള്ള കൗതുകകരമായ ചില വസ്തുതകൾ

- ഭരണഘടനാ നിർമ്മാണസഭ- ഇന്ത്യയിലെ ജനങ്ങളുടെ ആദ്യത്തെ പ്രാതിനിധ്യ സമിതിയായ ഭരണഘടനാ നിർമ്മാണസഭ 1946 ഡിസംബർ 9-നാണ് ചരിത്രപ്രധാനമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്.
- ഏകദേശം മൂന്ന് വർഷത്തോളം നീണ്ട ഭരണഘടനാ രൂപീകരണ പ്രക്രിയയ്ക്കിടെ, ഭരണഘടനാ നിർമ്മാണസഭയുടെ പൊതുജനങ്ങൾക്കായുള്ള ഗാലറിയിലിരുന്ന് 53,000-ത്തിലധികം പൗരന്മാർ ചർച്ചകളും സംവാദങ്ങളും വീക്ഷിച്ചു.
- ഇന്ത്യൻ ഭരണഘടനയുടെ രൂപീകരണത്തിന് 2 വർഷവും 11 മാസവും 18 ദിവസവും വേണ്ടിവന്നു.
- ഭരണഘടനയിലെ വിവിധ വ്യവസ്ഥകളെക്കുറിച്ച് ആകെ 1,100 മണിക്കൂറും 32 മിനിറ്റും ചർച്ചകൾ നടന്നു.
- ഏഴംഗ ഭരണഘടനാ കരട് സമിതിയാണ് ഭരണഘടനയ്ക്ക് അന്തിമരൂപം നൽകിയത്.
- ലോകത്തിലെ ഏറ്റവും ദൈർഘ്യമേറിയ ലിഖിത ഭരണഘടനയാണ് ഇന്ത്യൻ ഭരണഘടന. പ്രാബല്യത്തിൽ വന്ന സമയത്ത് അതിൽ 395 അനുച്ഛേദങ്ങളും 22 ഭാഗങ്ങളും 8 പട്ടികകളും ഉൾപ്പെട്ടിരുന്നു.



- ടൈപ്പ് ചെയ്യുകയോ അച്ചടിക്കുകയോ ചെയ്യാത്ത ഇന്ത്യൻ ഭരണഘടന, ഇംഗ്ലീഷിലും ഹിന്ദിയിലുമായി ഏകദേശം 90,000 വാക്കുകൾ ഉൾപ്പെടുത്തി കൈപ്പടയിലാണ് തയ്യാറാക്കിയത്.
- ആചാര്യ നന്ദലാൽ ബോസിന്റെ മാർഗനിർദേശത്തിൽ ശാന്തിനികേതനിലെ കലാകാരന്മാരാണ് ഇന്ത്യൻ ഭരണഘടനയ്ക്ക് കലാപരമായ അലങ്കാരങ്ങൾ ഒരുക്കിയത്. പ്രേം ബിഹാരി നാരായൺ റൈസാദയാണ് ഭരണഘടനയുടെ മനോഹരമായ കൈയക്ഷരത്തിലുള്ള ലിഖിതരൂപം ഡൽഹിയിൽ വെച്ച് തയ്യാറാക്കിയത്.
- ഇന്ത്യൻ ഭരണഘടനയുടെ യഥാർത്ഥ പകർപ്പുകൾ കേടുപാടുകൾ ഉണ്ടാകാതിരിക്കാൻ ഇന്ത്യൻ പാർലമെന്റ് ലൈബ്രറിയിൽ നൈട്രജൻ വാതകം നിറഞ്ഞ പ്രത്യേക പെട്ടികളിലാണ് സൂക്ഷിച്ചിരിക്കുന്നത്.
- ഭരണഘടനയുടെ ഓരോ ഭാഗവും ഇന്ത്യൻ ചരിത്രത്തിലെ വിവിധ കാലഘട്ടങ്ങളെയോ സംഭവങ്ങളെയോ ചിത്രീകരിക്കുന്ന ഒരു ചിത്രത്തോടെയാണ് ആരംഭിക്കുന്നത്. നന്ദലാൽ ബോസിന്റെ നേതൃത്വത്തിലാണ് ഈ ചിത്രീകരണങ്ങൾ തയ്യാറാക്കിയത്. ഭരണഘടനയിൽ ഇത്തരത്തിലുള്ള 22 ചിത്രീകരണങ്ങളും കലാസൃഷ്ടികളുമുണ്ട്.



- 1950 ജനുവരി 24-ന് ന്യൂഡൽഹിയിലെ ഭരണഘടനാ നിർമ്മാണസഭാ ഹാളിൽ വെച്ച് ഭരണഘടനാ നിർമ്മാണസഭയിലെ 284 അംഗങ്ങൾ ഇന്ത്യൻ ഭരണഘടനയിൽ ഒപ്പുവെച്ചു.
- ഭരണഘടനാ നിർമ്മാണസഭയുടെ അവസാന യോഗം നടന്നത് 1950 ജനുവരി 24-നായിരുന്നു. ഇതേ യോഗത്തിലാണ് ഡോ. രാജേന്ദ്ര പ്രസാദിനെ ഇന്ത്യയുടെ പ്രഥമ രാഷ്ട്രപതിയായി പ്രഖ്യാപിച്ചത്.
- ഭരണഘടനാ നിർമ്മാണസഭയിൽ 15 വനിതാ അംഗങ്ങളുണ്ടായിരുന്നു. സരോജിനി നായിഡു, രാജ്കുമാരി അമൃത് കൗർ, ഹൻസ മേത്ത, സുചേത കൃപലാനി, ജി. ദുർഗാബായി എന്നിവർ അവരിൽ പ്രമുഖരായിരുന്നു.
- 1950 ജനുവരി 26-ന് ഇന്ത്യൻ ഭരണഘടന പ്രാബല്യത്തിൽ വന്നു. ഇന്ത്യ റിപ്പബ്ലിക്കായതിനെത്തുടർന്ന് ജി. വി. മാവലങ്കർ ലോക്സഭയുടെ ആദ്യ സ്പീക്കറായി ചുമതലയേറ്റു.



അടിയന്തരാവസ്ഥയെക്കുറിച്ച് പ്രതിപാദിക്കുന്ന 'ടോർച്ചർ ഓഫ് പൊളിറ്റിക്കൽ പ്രിസണേഴ്സ് ഇൻ ഇന്ത്യ' എന്ന പുസ്തകത്തിൽ, അക്കാലത്തെ ഭരണകൂടം ജനാധിപത്യത്തിന്റെ കാവൽക്കാരോട് എത്രമാത്രം ക്രൂരവും മനുഷ്യത്വരഹിതവുമായാണ് പെരുമാറിയതെന്ന് വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുതന്നെ ഭീഷണിയായിത്തീർന്ന ഇത്തരം അതിക്രമങ്ങളെക്കുറിച്ച് ഓരോരുത്തരും ഗൗരവപൂർവം ചിന്തിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അത്തരം സംഭവങ്ങളെക്കുറിച്ചുള്ള അവബോധം ജനാധിപത്യത്തിന്റെ യഥാർഥ അർത്ഥവും പ്രാധാന്യവും കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ പുതുതലമുറയെ സഹായിക്കും.

നരേന്ദ്ര മോദി പ്രധാനമന്ത്രി

"ഈ ഏകാധിപത്യ സമീപനത്തിന്റെ മറ്റൊരു ഉദാഹരണം ബെംഗളൂരുവിലുണ്ടായി. അക്കാലത്ത് ഞാൻ ബെംഗളൂരുവിൽ ഇന്ത്യൻ എക്സ്പ്രസ് പത്രത്തിൽ ജോലി ചെയ്യുകയായിരുന്നു. പ്രസിദ്ധീകരണങ്ങൾക്ക് മുൻകൂർ സെൻസർഷിപ്പ് ഏർപ്പെടുത്തിയിരുന്നു. അത് നടപ്പാക്കാനുള്ള ചുമതല അന്നത്തെ ബെംഗളൂരു പോലീസ് കമ്മീഷണർക്കാണ് നൽകിയിരുന്നത്. ഫലത്തിൽ, യൂണിഫോം ധരിച്ച ഒരു പോലീസ് ഉദ്യോഗസ്ഥൻ ഞങ്ങളുടെ പത്രത്തിന്റെ എഡിറ്ററായി മാറുകയായിരുന്നു. എന്ത് പ്രസിദ്ധീകരിക്കണം, എന്ത് പ്രസിദ്ധീകരിക്കരുത്, ഏതൊക്കെ വാക്കുകളും ചിത്രങ്ങളും ഉൾപ്പെടുത്തണം, ഏതൊക്കെ ഒഴിവാക്കണം എന്നെല്ലാം അദ്ദേഹം തീരുമാനിച്ചു. പ്രസ് കൗൺസിൽ നിയമം റദ്ദാക്കുകയും നിരവധി മാധ്യമപ്രവർത്തകരെ ജയിലിലടയ്ക്കുകയും ചെയ്തു. ആ കാലഘട്ടത്തിലെ മറ്റൊരു സംഭവം അദ്ദേഹം ഇങ്ങനെ ഓർത്തെടുക്കുന്നു:'എനിക്ക് മറ്റൊരു സംഭവം കൂടി ഓർമയുണ്ട്. അന്നത്തെ വാർത്താവിതരണ -പ്രക്ഷേപണ മന്ത്രിയുടെ നിർദേശപ്രകാരം അതിരാവിലെ തന്നെ DAVP (ഡയറക്ടറേറ്റ് ഓഫ് അഡ്വർടൈസിങ് ആൻഡ് വിഷ്വൽ പബ്ലിസിറ്റി), ആകാശവാണി എന്നിവിടങ്ങളിലേക്ക് ഫോൺവിളികൾ പോയി. അവിടെയുണ്ടായിരുന്ന എല്ലാ വിവർത്തകരോടും ശാസ്ത്രിഭവനിൽ ഹാജരാകാൻ ആവശ്യപ്പെട്ടു. എന്താണ് സംഭവിക്കുന്നതെന്ന് യാതൊരു ധാരണയുമില്ലാതിരുന്ന 10 മുതൽ 15 വരെ വിവർത്തകരെ ഉച്ചകഴിഞ്ഞ് രണ്ടുമണിയോടെ വിശ്വ യുവക് കേന്ദ്രത്തിലേക്ക് കൊണ്ടുപോയി ഒരു മുറിയിൽ പൂട്ടിയിട്ടു. ഇംഗ്ലീഷിൽ അച്ചടിച്ചിരുന്ന കോൺഗ്രസ് പാർട്ടിയുടെ തിരഞ്ഞെടുപ്പ് പ്രകടനപത്രിക അവർക്ക് കൈമാറി. അത് 15 ഭാഷകളിലേക്ക് വിവർത്തനം ചെയ്യണമെന്നായിരുന്നു നിർദേശം. ജോലി പൂർത്തിയാക്കിയ ശേഷം, രാത്രി 10:00 മണിക്കും അർദ്ധരാത്രിക്കും ഇടയിലാണ് അവർക്ക് വീട്ടിലേക്ക് മടങ്ങാൻ അനുവാദം ലഭിച്ചത്.' അടിയന്തരാവസ്ഥയെക്കുറിച്ച് ലോക്സഭയിൽ നടന്ന ചർച്ചയ്ക്കിടെ പ്രധാനമന്ത്രി മോദി ഇപ്രകാരം അഭിപ്രായപ്പെട്ടു: "ജൂൺ 25-ലെ ആ രാത്രിയിൽ രാഷ്ട്രത്തിന്റെ ആത്മാവുതന്നെ ഞെരിച്ചമർത്തപ്പെട്ടു. ഇന്ത്യയിലെ ജനാധിപത്യം ഭരണഘടനയുടെ താളുകളിൽനിന്ന് മാത്രം ഉരുത്തിരിഞ്ഞുവന്നതല്ല;; നൂറ്റാണ്ടുകളായി അത് നമ്മുടെ രാഷ്ട്രത്തിന്റെ ആത്മാവിന്റെ ഭാഗമായി നിലകൊള്ളുകയായിരുന്നു. ആ ആത്മാവിനെയാണ് അന്ന് തകർത്ത് ചവിട്ടിയരച്ചത്. രാജ്യത്തെ മാധ്യമങ്ങളുടെ ശബ്ദം അടിച്ചമർത്തപ്പെട്ടു. ദേശീയ പ്രസ്ഥാനത്തിലെ പ്രമുഖരെ ജയിലിലടച്ചു. "ചിലരുടെ അധികാരക്കസേരയ്ക്ക് ഇളക്കം തട്ടാതിരിക്കാനും ഭരണത്തിലുള്ള അവരുടെ പിടി നിലനിർത്താനും വേണ്ടി മാത്രം രാജ്യം മുഴുവൻ ഒരു കാരാഗൃഹമാക്കി മാറ്റപ്പെട്ടു. നീതിന്യായവ്യവസ്ഥയുടെ തന്നെ വിധിന്യായങ്ങൾ നിലനിൽക്കെത്തന്നെ, ആ വ്യവസ്ഥയെ എപ്രകാരം അവഹേളിക്കാനും അവഗണിക്കാനും കഴിയുമെന്നതിന്റെ വ്യക്തവും സജീവവുമായ ദൃഷ്ടാന്തമായി ഈ സംഭവം ചരിത്രത്തിൽ അവശേഷിക്കുന്നു."

... തുടർന്ന്, അടിയന്തരാവസ്ഥ അടിച്ചേൽപ്പിക്കുന്നത് അസാധ്യമാക്കുന്ന ഭരണഘടനാ ഭേദഗതികൾ കൊണ്ടുവന്നു.

അടിയന്തരാവസ്ഥക്കാലത്ത് ഭരണഘടനയിലെ നിരവധി വ്യവസ്ഥകളിൽ മാറ്റങ്ങൾ വരുത്തിയിരുന്നു. പിന്നീട് മൊറാർജി ദേശായിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് ഈ മാറ്റങ്ങളിൽ പലതും തിരുത്തി. അടിയന്തരാവസ്ഥക്കാലത്ത് കൊണ്ടുവന്ന 42-ാമത് ഭരണഘടനാ ഭേദഗതിയിലൂടെ സുപ്രീംകോടതിയുടെ അധികാരങ്ങൾ പരിമിതപ്പെടുത്തുകയും ജനാധിപത്യ മൂല്യങ്ങൾക്ക് നിരക്കാത്ത മറ്റു ചില വ്യവസ്ഥകൾ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. 44-ാമത് ഭരണഘടനാ ഭേദഗതിയിലൂടെയാണ് ഈ വ്യവസ്ഥകളിൽ പലതും പുനഃസ്ഥാപിച്ചത്. ഭരണഘടനയുടെ 20, 21 അനുച്ഛേദങ്ങൾ ഉറപ്പുനൽകുന്ന മൗലികാവകാശങ്ങൾ അടിയന്തരാവസ്ഥക്കാലത്തുപോലും റദ്ദാക്കാനോ അവയുടെ പ്രാബല്യം നിർത്തിവയ്ക്കാനോ കഴിയില്ലെന്നും ഈ ഭേദഗതി വ്യവസ്ഥ ചെയ്തു. രാജ്യത്ത് ആദ്യമായി, മന്ത്രിസഭയുടെ രേഖാമൂലമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ രാഷ്ട്രപതിക്ക് അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ കഴിയൂ എന്ന വ്യവസ്ഥയും കൊണ്ടുവന്നു. കൂടാതെ, അടിയന്തരാവസ്ഥയുടെ കാലാവധി ഓരോ തവണയും ആറുമാസത്തിൽ കൂടുതൽ നീട്ടാൻ കഴിയില്ലെന്നും വ്യവസ്ഥ ചെയ്തു. ഇത്തരത്തിൽ, 1975-ലേതുപോലൊരു അടിയന്തരാവസ്ഥ രാജ്യത്ത് ആവർത്തിക്കാതിരിക്കാനുള്ള ഭരണഘടനാപരമായ സുരക്ഷാ സംവിധാനങ്ങൾ ഉറപ്പാക്കുകയാണ് മൊറാർജി ദേശായിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ചെയ്തത്.

ഇന്ത്യൻ ഭരണഘടനയും അടിയന്തരാവസ്ഥയും



അടിയന്തരാവസ്ഥ

1975 ജൂൺ 25-ന്, ആഭ്യന്തര അസ്വസ്ഥതയുടെ ഭീഷണി നിലനിൽക്കുന്നുവെന്ന് ചൂണ്ടിക്കാട്ടി, അന്നത്തെ രാഷ്ട്രപതിയായിരുന്ന ഫക്രുദ്ദീൻ അലി അഹമ്മദ് ഭരണഘടനയുടെ 352-ാം അനുച്ഛേദപ്രകാരം രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും ദൈർഘ്യമേറിയ രാത്രിയായി 1975 ജൂൺ 24-ലെ രാത്രി മാറി. കാരണം, അതിനുശേഷമുള്ള പുലരി വന്നെത്താൻ നീണ്ട 21 മാസങ്ങൾ കാത്തിരിക്കേണ്ടി വന്നു. 1975 ജൂൺ 25 മുതൽ 1977 മാർച്ച് 21 വരെയാണ് അടിയന്തരാവസ്ഥ നിലനിന്നത്.

- ഇന്ത്യയുടെ ചരിത്രത്തിലെ മൂന്നാമത്തെ അടിയന്തരാവസ്ഥയായിരുന്നു ഇത്. എന്നാൽ സമാധാനകാലത്ത് പ്രഖ്യാപിക്കപ്പെട്ട ആദ്യത്തേതും.
- ഇതിനുമുമ്പ് 1962-ൽ ചൈനയുമായും 1971-ൽ പാകിസ്ഥാനുമായും ഉണ്ടായ യുദ്ധങ്ങളുടെ പശ്ചാത്തലത്തിൽ രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരുന്നു.
- അക്കാലത്ത് ഭരണഘടനയുടെ 352-ാം അനുച്ഛേദപ്രകാരം യുദ്ധം, വിദേശാക്രമണം, ആഭ്യന്തര അസ്വസ്ഥത എന്നിവയുടെ അടിസ്ഥാനത്തിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ വ്യവസ്ഥയുണ്ടായിരുന്നു.
- പ്രതിപക്ഷ രാഷ്ട്രീയ നേതാക്കളിൽ 1,10,000 പേരെ തടവിലാക്കി.
- 1975 ജൂൺ 26 മുതൽ എല്ലാ പത്രങ്ങൾക്കും പ്രസിദ്ധീകരണത്തിനു മുമ്പുള്ള സെൻസർഷിപ്പ് ഏർപ്പെടുത്തി.
- വാർത്തകൾ, മുഖപ്രസംഗങ്ങൾ, ചിത്രങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് പത്രാധിപന്മാർ ഗവൺമെന്റിന്റെ അനുമതി നേടേണ്ടത് നിർബന്ധമാക്കി.



- സെൻസർഷിപ്പ് ഏർപ്പെടുത്തിയതിന്റെ ആദ്യനാളുകളിൽ ഡൽഹിയിലെ പത്രമോഫീസുകളിലേക്കുള്ള വൈദ്യുതി വിതരണം വിച്ഛേദിച്ചു.
- സാമൂഹിക പ്രവർത്തകർ, സ്വതന്ത്ര നിലപാടുള്ള പത്രാധിപന്മാർ, മാധ്യമപ്രവർത്തകർ, വിയോജിക്കുന്ന വിദ്യാർഥി നേതാക്കൾ, വിവിധ സർഗാത്മക മേഖലകളിൽ പ്രവർത്തിച്ചിരുന്ന വ്യക്തികൾ എന്നിവരെയും ജയിലിലടച്ചു.
- ഉള്ളടക്കത്തിന്മേലുള്ള നിയന്ത്രണം: പാർലമെന്റിലെയും കോടതികളിലെയും നടപടിക്രമങ്ങളിലേക്കും സെൻസർഷിപ്പ് വ്യാപിപ്പിച്ചു. കോടതി വിധികൾ പ്രസിദ്ധീകരിക്കുന്നതിൽ മാറ്റം വരുത്തുകയോ അവയുടെ പ്രസിദ്ധീകരണം നിയന്ത്രണവിധേയമാക്കുകയോ ചെയ്തു.
- മാധ്യമങ്ങളുടെ വർഗീകരണം: പത്രങ്ങളുടെ മുഖപ്രസംഗ നിലപാടും വാർത്താ അവതരണരീതിയും അടിസ്ഥാനമാക്കി അവയെ 'അനുകൂല നിലപാടുള്ളവ', 'നിഷ്പക്ഷ നിലപാടുള്ളവ', 'വിരുദ്ധ നിലപാടുള്ളവ' എന്നിങ്ങനെ തരംതിരിച്ചു.
- ഇന്ത്യൻ ജനാധിപത്യത്തിന്റെ ഓർമകളിൽ ഒരു പേടിസ്വപ്നം പോലെ എന്നെന്നും പതിഞ്ഞുനിൽക്കുന്ന തരത്തിൽ ഭരണഘടന ദുരുപയോഗം ചെയ്യപ്പെട്ടു.



മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മൊറാർജി ദേശായി പ്രധാനമന്ത്രിയായി അധികാരമേറ്റെടുത്ത ശേഷം അടിയന്തരാവസ്ഥക്കാലത്ത് ഭരണഘടനയിൽ വരുത്തിയ വികലമായ മാറ്റങ്ങൾ തിരുത്തി. നീതിന്യായ വ്യവസ്ഥയുടെയും പാർലമെന്റിന്റെയും മാധ്യമങ്ങളുടെയും പൗരന്മാരുടെയും അവകാശങ്ങൾ പുനഃസ്ഥാപിക്കപ്പെട്ടു. ഇതിനെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി പല സന്ദർഭങ്ങളിലും ഇപ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്: '1975-ൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചുകൊണ്ട് ജനാധിപത്യത്തിന്റെ കൊലപാതകം അരങ്ങേറിയതുപോലുള്ള സംഭവം ഭാവിയിൽ ഒരിക്കലും ആവർത്തിക്കപ്പെടില്ലെന്ന് മൊറാർജിഭായ് ഉറപ്പുവരുത്തി. ഇന്ത്യൻ ജനാധിപത്യത്തിന്റെ പവിത്രത കാത്തുസൂക്ഷിക്കുന്നതിൽ അദ്ദേഹം നൽകിയ അമൂല്യമായ സംഭാവനയെ ഭാവിതലമുറകൾ എക്കാലവും സ്മരിക്കും. ആ മഹാനായ നേതാവിന് ഒരിക്കൽക്കൂടി ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു."

ജനങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങളും ഗവണ്മെന്റിന്റെ പ്രതിബദ്ധതയും

അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെടുന്നതിന് മുമ്പ് രാജ്യത്ത് അരങ്ങേറിയ സംഭവവികാസങ്ങളെക്കുറിച്ച് പുതുതലമുറയ്ക്ക് വ്യക്തമായ അറിവുണ്ടായിരിക്കണം.

അടിയന്തരാവസ്ഥക്കാലത്തെ ഭരണഘടനാ ഭേദഗതികൾ

അടിയന്തരാവസ്ഥക്കാലത്ത് ഭരണഘടനയിൽ ധാരാളം ഭേദഗതികൾ വരുത്തുകയുണ്ടായി, ഇത് ഭരണഘടനയുടെ ഒരു മിനി പതിപ്പാണെന്ന് വിശേഷിപ്പിക്കപ്പെട്ടു. ഭരണഘടനയുടെ ആമുഖത്തിൽ മാറ്റം വരുത്തുകയും 14-ാം അനുച്ഛേദം ഭേദഗതി ചെയ്യുകയും ഏഴ് ഷെഡ്യൂളുകൾ പരിഷ്കരിക്കുകയും ചെയ്തു. 40 വ്യത്യസ്ത വകുപ്പുകളിൽ മാറ്റങ്ങൾ വരുത്തുകയും പുതിയ അനുച്ഛേദങ്ങളും ഭാഗങ്ങളും കൂട്ടിച്ചേർക്കുകയും ചെയ്തു.

- **38-ാം ഭേദഗതി:** അടിയന്തരാവസ്ഥ പ്രഖ്യാപിക്കാനുള്ള രാഷ്ട്രപതിയുടെ തീരുമാനത്തെ കോടതിയിൽ ചോദ്യം ചെയ്യുന്നതിൽ നിന്ന് സംരക്ഷണം നൽകി.
- **39-ാം ഭേദഗതി:** പ്രധാനമന്ത്രിയുടെയും ലോക്സഭാ സ്പീക്കറുടെയും തെരഞ്ഞെടുപ്പിനെ കോടതിയുടെ പരിശോധനാ പരിധിയിൽ നിന്ന് ഒഴിവാക്കി.
- **42-ാം ഭേദഗതി:** കേന്ദ്രത്തിന്റെ അധികാരങ്ങൾ കൂടുതൽ വിപുലീകരിച്ചു. മൗലികാവകാശങ്ങളേക്കാൾ കൂടുതൽ പ്രാധാന്യം ഭരണകൂട നയരൂപീകരണത്തിനുള്ള നിർദ്ദേശക തത്വങ്ങൾക്ക് നൽകി. ഇത് ഭരണഘടനയുടെ അടിസ്ഥാന ഘടനയെ ഫലപ്രദമായി മാറ്റിയെഴുതി.
- **42-ാം ഭേദഗതി:** കോടതിക്ക് ഭരണഘടനാ ഭേദഗതികൾ പരിശോധിക്കാനുള്ള അധികാരം എടുത്തുമാറ്റി.
- 69-ാം ഭേദഗതിയിലെ ഒരു ഭാഗം സുപ്രീം കോടതിയുടെ അധികാരങ്ങൾ വെട്ടിക്കുറയ്ക്കുന്നതിനും ഇടയാക്കി.
- ലോക്സഭയുടെയും സംസ്ഥാന നിയമസഭകളുടെയും കാലാവധി അഞ്ചിൽ നിന്ന് ആറ് വർഷമായി ഉയർത്തി.





ലോക്സഭാ തെരഞ്ഞെടുപ്പിന് പിന്നാലെ അടിയന്തരാവസ്ഥയുടെ അവസാനം

- മാർച്ച് 16-നും മാർച്ച് 20-നും ഇടയിൽ ലോക്സഭാ തെരഞ്ഞെടുപ്പ് നടത്തുകയും 1977 മാർച്ച് 21-ന് അടിയന്തരാവസ്ഥ പിൻവലിക്കുകയും ചെയ്തു.
- 44ാം ഭരണഘടനാ ഭേദഗതി 1978-ൽ നിലവിൽ വന്നു. അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നതിനുള്ള കാരണമായി 'ആഭ്യന്തര സംഘർഷങ്ങൾ' എന്നതിന് പകരം 'സായുധ കലാപം' എന്നു മാറ്റിച്ചേർത്തു.
- കോടതിക്ക് പരിശോധിക്കാനുള്ള അധികാരം പുനഃസ്ഥാപിച്ചു. ഭാവിയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് നിയമപരമായ മുൻകരുതലുകൾ അവതരിപ്പിച്ചു.
- ഭരണഘടനയുടെ 20, 21 അനുച്ഛേദങ്ങൾ പ്രകാരം ഉറപ്പുനൽകിയിട്ടുള്ള മൗലികാവകാശങ്ങൾ അടിയന്തരാവസ്ഥക്കാലത്ത് പോലും റദ്ദാക്കാൻ കഴിയില്ലെന്നും 44-ാം ഭേദഗതി വ്യവസ്ഥ ചെയ്തു.
- കേന്ദ്ര മന്ത്രിസഭയുടെ രേഖാമൂലമുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ രാഷ്ട്രപതിക്ക് അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ കഴിയൂ എന്നൊരു വ്യവസ്ഥ രാജ്യത്ത് ആദ്യമായി അവതരിപ്പിച്ചു.
- അടിയന്തരാവസ്ഥയുടെ കാലാവധി ഒരു സമയം ആറ് മാസത്തിൽ കൂടുതൽ നീട്ടാൻ കഴിയില്ലെന്നും നിഷ്കർഷിച്ചു.

ജനങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ, ഗവൺമെന്റിന്റെ പ്രതിബദ്ധത. രാജ്യത്തെ പുതിയ തലമുറ അടിയന്തരാവസ്ഥയ്ക്ക് മുന്നോടിയായി നടന്ന സംഭവങ്ങളെക്കുറിച്ച് ബോധവാന്മാരായിരിക്കണം, കാരണം ഇന്ത്യൻ ജനത ജനാധിപത്യത്തെ മുറുകെപ്പിടിക്കുകയും അതിൽ ജീവിക്കുകയും ചെയ്തുവെന്നതിന്റെ തെളിവാണ് അത്. നിർണായകമായ ആ നിമിഷത്തിൽ, ജനാധിപത്യ ശക്തികളുടെ കരുത്ത് രാജ്യത്തെ ജനങ്ങൾ തെളിയിച്ചുകാണിച്ചു. ഇത്തരം ഗുണവിശേഷങ്ങൾ ഏത് രാജ്യത്തിനും വലിയൊരു ശക്തിയാണ്; ജനങ്ങളുടെ ഈ കരുത്തിനെ എപ്പോഴും തിരിച്ചറിയേണ്ടതുണ്ട്. തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ, ജനാധിപത്യത്തെ സ്നേഹിക്കുന്നവർ തങ്ങൾ നടത്തിയ പോരാട്ടത്തിന്റെ വ്യാപ്തി വെളിപ്പെടുത്തി - ജനജീവിതത്തിന്റെ ഓരോ ഇഴയിലും ജനാധിപത്യം എത്ര ആഴത്തിൽ അലിഞ്ഞുചേർന്നിരിക്കുന്നു എന്ന് അത് കാണിച്ചുതന്നു. ഓരോ പൗരന്റെയും സിരകളിലൂടെ ഒഴുകുന്ന ഈ ജനാധിപത്യ ബോധം ഇന്ത്യയുടെ അനശ്വര പൈതൃകമാണ്. ഈ പൈതൃകത്തെ കൂടുതൽ ശക്തിപ്പെടുത്താനുള്ള ഓർമ്മപ്പെടുത്തലാണ് അടിയന്തരാവസ്ഥയുടെ വാർഷികം. കഴിഞ്ഞ 12 വർഷമായി 'ഭരണഘടനാ ദിനം' ആചരിക്കുന്നത് രാജ്യത്തുടനീളം പുതിയൊരു അവബോധം വളർത്താൻ സഹായിച്ചിട്ടുണ്ട്. ഇന്ന് ജനങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ കേന്ദ്ര ഗവൺമെന്റ് ഉറപ്പാക്കുന്നു - മുൻകാലങ്ങളിൽ ചിന്തിക്കാൻ പോലും കഴിയാത്ത ഒരു യാഥാർത്ഥ്യമാണിത്.

> **നമ്മുടെ ഭരണഘടനയുടെ അന്തഃസത്ത ലംഘിക്കപ്പെട്ടതും പാർലമെന്റിന്റെ ശബ്ദം അടിച്ചമർത്തപ്പെട്ടതും നീതിന്യായ വ്യവസ്ഥയെ വരുതിയിലാക്കാൻ ശ്രമങ്ങൾ നടന്നതും ഒരു ഇന്ത്യക്കാരനും മറക്കില്ല. 42-ാം ഭേദഗതി അവരുടെ ഇരട്ടത്താപ്പിന്റെ മികച്ച ഉദാഹരണമായി നിലകൊള്ളുന്നു. ദരിദ്രരും പാർശ്വവൽക്കരിക്കപ്പെട്ടവരും ദളിതരുമാണ് പ്രത്യേകമായി ലക്ഷ്യമിടപ്പെട്ടത്അവരുടെ ആത്മാഭിമാനത്തെപ്പോലും ചോദ്യം ചെയ്ത ഒരു ആക്രമണമായിരുന്നു അത്.**
>
> *- നരേന്ദ്ര മോദി, പ്രധാനമന്ത്രി*

ഇന്ന് ഒരാൾക്ക് പത്രങ്ങളിൽ ലേഖനങ്ങൾ എഴുതാനും സമൂഹമാധ്യമങ്ങളിൽ ഏത് അഭിപ്രായവും പ്രകടിപ്പിക്കാനും സ്വതന്ത്രമായി സംസാരിക്കാനും ഗവൺമെന്റിനെതിരെ വിയോജിപ്പുകൾ രേഖപ്പെടുത്താനും പോലും സാധിക്കും. എവിടെ നിന്നാണ് ഈ ഊർജ്ജം വരുന്നത്? സത്യത്തിൽ ഇന്ത്യയുടെ ഇപ്പോഴത്തെ നേതൃത്വം അടിയന്തരാവസ്ഥ നേരിട്ട് കണ്ടവരും അത് ഉണ്ടാക്കിയ കഷ്ടപ്പാടുകൾ ആഴത്തിൽ മനസ്സിലാക്കിയവരുമാണ്. അടിയന്തരാവസ്ഥയുടെ ശ്വാസം മുട്ടിക്കുന്ന നിയന്ത്രണങ്ങൾക്കിടയിലും ചെറുത്തുനിൽക്കാൻ ധൈര്യം കാണിച്ച ആ ശബ്ദങ്ങളിൽ നിന്നാണ് ഈ ഊർജ്ജം ഉടലെടുക്കുന്നത്.

ഈ കാരണം കൊണ്ടാണ് നരേന്ദ്ര മോദി ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഭരണഘടനയുടെ 60-ാം വാർഷിക വേളയിൽ 'സംവിധാൻ ഗൗരവ് യാത്ര' സംഘടിപ്പിച്ചതും പിന്നീട് പ്രധാനമന്ത്രിയായപ്പോൾ നവംബർ 26 'ഭരണഘടനാ ദിന'മായി പ്രഖ്യാപിച്ചതും.

'നമ്മൾ ജനങ്ങൾ' - ഒരു ആഹ്വാനം, ഒരു പ്രതിജ്ഞ, ഒരു ദൃഢവിശ്വാസം

ഭരണഘടനാ ആമുഖത്തിലെ ആദ്യ മൂന്ന് വാക്കുകളായ 'നമ്മൾ ജനങ്ങൾ' എന്നത് വെറും വാക്കുകൾ മാത്രമല്ലെന്നും മറിച്ച് ഒരു ആഹ്വാനവും പ്രതിജ്ഞയും ദൃഢവിശ്വാസവുമാണെന്നും സുപ്രീം കോടതിയിൽ നടന്ന ഭരണഘടനാ ദിനാചരണ ചടങ്ങിൽ സംസാരിക്കവെ പ്രധാനമന്ത്രി മോദി ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. ഈ സന്ദേശമുൾക്കൊണ്ട് 1949-ൽ ഭരണഘടന അംഗീകരിച്ച ചരിത്ര നിമിഷത്തെയും രാജ്യത്തിന്റെ പുരോഗതിയിൽ അതിനുള്ള സുപ്രധാന പങ്കിനെയും അനുസ്മരിച്ചുകൊണ്ട് 2025 നവംബർ 26-ന് പ്രധാനമന്ത്രി രാജ്യത്തെ അഭിസംബോധന ചെയ്തുകൊണ്ട് ഒരു കത്തെഴുതി. ഭരണഘടനാ ശില്പികൾക്ക് പ്രണാമം അർപ്പിച്ചുകൊണ്ട് സമൂഹമാധ്യമത്തിൽ പങ്കുവെച്ച പോസ്റ്റിൽ മനുഷ്യന്റെ ആത്മാഭിമാനത്തിനും തുല്യതയ്ക്കും സ്വാതന്ത്ര്യത്തിനും ഈ രേഖ പരമോന്നത പ്രാധാന്യമാണ് നൽകുന്നതെന്ന് അദ്ദേഹം എടുത്തുപറഞ്ഞു.

പുതിയ തലമുറ നിയമങ്ങൾ
നീതി ഇപ്പോൾ കൂടുതൽ വേഗത്തിലും എളുപ്പത്തിലും ഭാരതീയമായും

- **ഭാരതീയ ന്യായ സംഹിത (ഇന്ത്യൻ പീനൽ കോഡിന് പകരം):** ഇപ്പോൾ 358 വകുപ്പുകളാണുള്ളത് (മുൻപ് 511 ആയിരുന്നു); 20 പുതിയ കുറ്റകൃത്യങ്ങൾ കൂട്ടിച്ചേർത്തു; 23 കുറ്റകൃത്യങ്ങൾക്ക് കുറഞ്ഞ നിർബന്ധിത ശിക്ഷാ കാലാവധി ഏർപ്പെടുത്തി; 6 കുറ്റകൃത്യങ്ങൾക്ക് സാമൂഹിക സേവനത്തിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി.
- **ഭാരതീയ നാഗരിക് സുരക്ഷാ സംഹിത (സി.ആർ.പി.സിക്ക് പകരം):** ഇപ്പോൾ 531 വകുപ്പുകളാണുള്ളത് (മുൻപ് 484 ആയിരുന്നു); 9 പുതിയ വകുപ്പുകൾ കൂട്ടിച്ചേർത്തു.
- **ഭാരതീയ സാക്ഷ്യ അധിനിയമം (എവിഡൻസ് ആക്റ്റിന് പകരം):** ഇപ്പോൾ 170 വകുപ്പുകളാണുള്ളത് (മുൻപ് 167 ആയിരുന്നു).
- രാജ്യദ്രോഹ നിയമത്തിന് പകരം രാഷ്ട്രത്തിനെതിരായ കുറ്റം സംബന്ധിച്ച ഒരു വ്യവസ്ഥ കൊണ്ടുവന്നു-ഗവൺമെന്റിനെ വിമർശിക്കുന്നത് ഇനി കുറ്റകൃത്യമല്ല; ആവിഷ്കാര സ്വാതന്ത്ര്യം ശക്തിപ്പെടുത്തി.

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ നടത്തിയ 158 കൂടിക്കാഴ്ചകളുടെയും ലഭിച്ച

3,200

നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ നിയമങ്ങൾ രൂപീകരിച്ചത്.



സർദാർ വല്ലഭ്ഭായ് പട്ടേൽ, ഭഗവാൻ ബിർസ മുണ്ട എന്നിവരുടെ 150-ാം ജന്മവാർഷികം, 'വന്ദേമാതരത്തിന്റെ' 150-ാം വാർഷികം, ഗുരു തേജ് ബഹാദൂർ ജിയുടെ 350-ാം രക്തസാക്ഷിത്വ വാർഷികം എന്നിവ ഒരേസമയം വരുന്നതിനാൽ ഈ ഭരണഘടനാ ദിനത്തിന് സവിശേഷ പ്രാധാന്യമുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി-ഐക്യം, ത്യാഗം, ദേശസ്നേഹം, ധർമ്മ സംരക്ഷണം എന്നീ നാല് മഹത്തായ പാരമ്പര്യങ്ങളുടെ അപൂർവ്വ സംഗമമായിരുന്നു ഇത്.

12-ാമത് ഭരണഘടനാ ദിനത്തിൽ ഈ ചിന്തകൾക്ക് കൂടുതൽ പ്രസക്തിയുണ്ട്. കാരണം 2025-ൽ 50 വർഷം തികഞ്ഞ അടിയന്തരാവസ്ഥയുടെ കറുത്ത ദിനങ്ങളെ രാജ്യത്തിന് ഒരിക്കലും മറക്കാൻ കഴിയില്ല-മറക്കാൻ പാടില്ല-എന്ന ചരിത്രപരമായ ഓർമ്മപ്പെടുത്തലുകളുടെ തുടർച്ചയാണ് ഈ വർഷവും. 1975 ജൂൺ 25-ന് ഇന്ത്യയുടെ ജനാധിപത്യത്തിലേറ്റ ആ കറുത്ത പാട് പുതിയ തലമുറ ഒരിക്കലും മറക്കില്ലെന്നും ഭരണഘടനയെയും ജനാധിപത്യ പാരമ്പര്യങ്ങളെയും സംരക്ഷിക്കാൻ രാജ്യം അഭിമാനത്തോടെ പ്രതിജ്ഞാബദ്ധമാകുമെന്നും പ്രധാനമന്ത്രി ശക്തമായി ഊന്നിപ്പറഞ്ഞു.

ആവിഷ്കാര സ്വാതന്ത്ര്യത്തിന് പുതിയ കരുത്ത്

അവകാശങ്ങളെയും കടമകളെയും സംരക്ഷിക്കുക എന്ന ഭരണഘടനയുടെ കാതലായ ചൈതന്യത്തെ അത് എത്ര ത്തോളം ഉയർത്തിപ്പിടിക്കുന്നു എന്നതിലാണ് ഒരു ഭരണഘടനയുടെ യഥാർത്ഥ പരീക്ഷണം അടങ്ങിയിരിക്കുന്നത്. എന്നാൽ ഖേദകരമെന്നു പറയട്ടെ, ഭരണഘടനയുടെ ഏറ്റവും ആദ്യത്തെ ഭേദഗതി തന്നെ ആവിഷ്കാര സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്നതായിരുന്നു. കൂടാതെ, ബ്രിട്ടീഷ് കൊളോണിയൽ ഭരണകാലത്തിന്റെ അവശേഷിപ്പായ രാജ്യദ്രോഹ നിയമം സ്വതന്ത്ര ഇന്ത്യയിലും പതിറ്റാണ്ടുകളോളം നിലനിന്നു. മഹാത്മാഗാന്ധി, ബാലഗംഗാധര തിലക്, വീർ സവർക്കർ തുടങ്ങിയ വ്യക്തികൾ വർഷങ്ങളോളം ജയിലിൽ കഴിഞ്ഞത് ഈ നിയമപ്രകാരമായിരുന്നു. ഭാരതീയ ന്യായ സംഹിതയിലൂടെ കേന്ദ്ര ഗവൺമെന്റ് 'രാജ്യദ്രോഹം' എന്ന വകുപ്പിന് പകരം 'രാഷ്ട്രത്തിനെതിരായ കുറ്റം' എന്ന വ്യവസ്ഥ കൊണ്ടുവരികയും ഇതുവഴി ഗവൺമെന്റിനെ വിമർശിക്കുന്നത് കുറ്റകരമല്ലാതാക്കുകയും എന്നാൽ രാജ്യത്തിനെതിരെ ചെയ്യുന്ന കുറ്റങ്ങൾക്ക് ഏറ്റവും കർശനമായ ശിക്ഷ നിലനിർത്തുകയും ചെയ്തു.

ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധിനിയമം എന്നിവയിലൂടെ രാജ്യത്തിന്റെ ക്രിമിനൽ നീതി ന്യായ വ്യവസ്ഥ 19-ാം നൂറ്റാണ്ടിലെ ചങ്ങലകളിൽ നിന്ന് മോചനം നേടി നേരിട്ട് 21-ാം നൂറ്റാണ്ടിലേക്ക് ചുവടുവെച്ചു. ഈ നിയമങ്ങളെക്കുറിച്ച് 2019 മുതൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിപുലമായ കൂടിയാലോചനകൾ നടത്തുകയും ആകെ 3,200 നിർദ്ദേശങ്ങൾ ലഭിക്കുകയും കേന്ദ്ര ആഭ്യന്തര മന്ത്രി നേരിട്ട് 158 യോഗങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. ചെറിയ കുറ്റങ്ങൾക്കോ ആദ്യമായി കുറ്റം ചെയ്യുന്നവർക്കോ തടവുശിക്ഷയ്ക്ക് പകരം സാമൂഹിക സേവനം ഏർപ്പെടുത്തൽ, നിശ്ചിത സമയത്തിനുള്ളിൽ നീതി ഉറപ്പാക്കാൻ സാങ്കേതികവിദ്യയുടെ ഉപയോഗം, രാജ്യത്തുടനീളം ഏകീകൃത നീതി ന്യായ വ്യവസ്ഥ നടപ്പിലാക്കൽ തുടങ്ങിയ പരിഷ്കാരങ്ങൾ ഭരണഘടനയുടെ കാതലായ ആശയം സാക്ഷാത്കരിക്കുന്നതിനുള്ള-എല്ലാ പൗരന്മാർക്കും തുല്യ നീതി ഉറപ്പാക്കുന്നതിനുള്ള-ശക്തമായ ചുവടുവെപ്പുകളാണ്.

ജമ്മു കശ്മീർ മുതൽ കന്യാകുമാരി വരെ ഒരൊറ്റ ഭരണഘടന



370-ാം അനുച്ഛേദം റദ്ദാക്കൽ

2019 ഓഗസ്റ്റിൽ ജമ്മു കശ്മീരിൽ 370-ാം അനുച്ഛേദം ഫലപ്രദമായി റദ്ദാക്കുകയും ഇതേത്തുടർന്ന് മേഖലയിൽ ഇന്ത്യൻ ഭരണഘടന പൂർണ്ണമായി നടപ്പിലാക്കുകയും ചെയ്തു.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുള്ള (EWS) സംവരണം (103-ാം ഭേദഗതി)

ജനറൽ കാറ്റഗറിയിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് (EWS) 10% സംവരണം കൊണ്ടുവരികയും ഇത് സുപ്രീംകോടതി ശരിവെക്കുകയും ചെയ്തു.



ഒബിസി കമ്മീഷന് ഭരണഘടനാ പദവി (102-ാം ഭേദഗതി)

ദേശീയ പിന്നാക്ക വിഭാഗ കമ്മീഷന് (NCBC) പൂർണ്ണ ഭരണഘടനാ പദവി നൽകുകയും സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ അവകാശങ്ങൾക്ക് ഭരണഘടനാപരമായ സംരക്ഷണം ഉറപ്പാക്കുകയും ചെയ്തു. 105-ാം ഭേദഗതിയിലൂടെ സ്വന്തമായി ഒബിസി പട്ടിക തയ്യാറാക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്കും നൽകി.

സദ്ഭരണത്തിന്റെ സ്തംഭങ്ങൾ

ഭരണഘടനാപരമായ മൂല്യങ്ങൾ ഉൾക്കൊള്ളുന്ന പദ്ധതികൾ

ജൻ ധൻ യോജന

- 2026 ജൂണോടെ **590** മില്യണിലധികം (59 കോടി) ബാങ്ക് അക്കൗണ്ടുകൾ
- **3** ലക്ഷം കോടി രൂപയിലധികം നിക്ഷേപം
- ഇതുവരെ ഏകദേശം **54** ലക്ഷം കോടി രൂപ കൈമാറി.



ആയുഷ്മാൻ ഭാരത്



- **470** മില്യണിലധികം (47 കോടി) ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്തു
- **33,000**-ത്തിലധികം ആശുപത്രികൾ പദ്ധതിയുടെ ഭാഗമായി
- 70 വയസ്സും അതിനുമുകളിലും പ്രായമുള്ളവർക്കായി **9.3** മില്യണിലധികം (93 ലക്ഷം) 'ആയുഷ്മാൻ വയ വന്ദന' കാർഡുകൾ വിതരണം ചെയ്തു

ജൽ ജീവൻ മിഷൻ



- തുടക്കത്തിൽ ഗ്രാമീണ മേഖലയിലെ **17%** വീടുകളിൽ മാത്രമേ കുടിവെള്ള കണക്ഷൻ ഉണ്ടായിരുന്നുള്ളൂ
- 2026 ഒക്ടോബർ 15-ഓടെ **82.56%** വീടുകളിൽ (15.98 കോടി / 159.8 മില്യൺ കുടുംബങ്ങൾ) കണക്ഷൻ എത്തിച്ചു
- നിലവിൽ ഇത് 2028 വരെ ദീർഘിപ്പിച്ചു (ജൽ ജീവൻ മിഷൻ 2.0)

പി.എം. ആവാസ് യോജന

प्रधान मंत्री आवास योजना-ग्रामीण
Pradhan Mantri Awaas Yojana-Gramin

- ഗ്രാമീണ മേഖലകളിലെ **12.5** മില്യണിലധികം (1.25 കോടി) നഗര വീടുകൾക്ക് അംഗീകാരം നൽകി (2026 ഓഗസ്റ്റ് വരെ)
- അംഗീകാരം ലഭിച്ച 3.91 കോടി വീടുകളിൽ **3.12** കോടി വീടുകളുടെ നിർമ്മാണം പൂർത്തിയായി
- 2029-ഓടെ 49.5 മില്യൺ (4.95 കോടി) വീടുകൾ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു

പി.എം. കിസാൻ സമ്മാൻ നിധി



- 24-ാം ഗഡു വരെ (2026 ഒക്ടോബർ) ആകെ **4.65** ലക്ഷം കോടി രൂപ വിതരണം ചെയ്തു
- **94.4** മില്യൺ (9.44 കോടി) കർഷക കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

നാരി ശക്തി വന്ദൻ അധിനിയമം

- പാർലമെന്റിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് **33%** സംവരണം

ജി.എസ്.ടി പരിഷ്കാരങ്ങൾ 2025



- പ്രധാനമായും രണ്ട് നികുതി സ്ലാബുകളായി (5%, 18%) ലളിതവൽക്കരിച്ചു
- **16.5** മില്യണിലധികം (1.65 കോടി) രജിസ്റ്റർ ചെയ്ത നികുതിദായകർ
- 2025-26 സാമ്പത്തിക വർഷത്തിൽ **22.27** ലക്ഷം കോടി രൂപയുടെ നികുതി ശേഖരണം

തുല്യതയുടെ തത്ത്വം: അവസാന കണ്ണിയിലേക്കും വികസനം എത്തിക്കുമെന്ന് ഉറപ്പുനൽകുന്നു

എല്ലാവർക്കും തുല്യ അവസരങ്ങൾ നൽകിക്കൊണ്ട് സാമൂഹിക നീതി സ്ഥാപിക്കുന്ന ഒരു ഇന്ത്യയാണ് ഭരണഘടനയുടെ മുഖ്യ ശില്പിയായ ഡോ. അംബേദ്കർ വിഭാവനം ചെയ്തത്. പതിറ്റാണ്ടുകളായി ഗവൺമെന്റ് പദ്ധതികളിൽ നിന്ന് പുറന്തള്ളപ്പെട്ടിരുന്ന ആളുകളിലേക്ക് സജീവമായി എത്തിച്ചേർന്നുകൊണ്ട് 'പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് മുൻഗണന' എന്ന തത്ത്വമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഇത് കണക്കുകളിൽ പ്രതിഫലിക്കുന്നുണ്ട്: വിവിധ പഠനങ്ങൾ അനുസരിച്ച്, കേന്ദ്ര ഗവൺമെന്റിന്റെ ക്ഷേമ പദ്ധതികളുടെ ഫലമായി, കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ രാജ്യത്തെ 25 കോടിയിലധികം ആളുകൾ ബഹുമുഖ ദാരിദ്ര്യത്തിൽ നിന്ന് കരകയറിയിട്ടുണ്ട്.

പൊതുജനക്ഷേമത്തിലേക്കുള്ള ഈ യാത്ര നിരവധി ഗവൺമെന്റ് പദ്ധതികളിലുടനീളം ദൃശ്യമാണ്. ഓരോ സംരംഭത്തിന്റെയും ഏറ്റവും പുതിയ കണക്കുകൾ ഈ പരിശ്രമത്തിന്റെ വേഗതയും പുരോഗതിയും എടുത്തുകാണിക്കുന്നു. പ്രധാൻ മന്ത്രി ജൻ ധൻ യോജനയ്ക്ക് കീഴിൽ ഇതുവരെ 59 കോടിയിലധികം ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചു, ഇതിലെ ആകെ നിക്ഷേപം 3 ലക്ഷം കോടിയിലധികമാണ്. ജൻ ധൻ അക്കൗണ്ടുകൾ, ആധാർ, മൊബൈൽ കണക്റ്റിവിറ്റി എന്നിവയുടെ ത്രയത്തെ പ്രയോജനപ്പെടുത്തിക്കൊണ്ട്, നേരിട്ടുള്ള ആനുകൂല്യ കൈമാറ്റം (DBT) വഴി 320-ലധികം പദ്ധതികൾക്ക് കീഴിലായി 2026 ഒക്ടോബർ 15 വരെ ആകെ ഏകദേശം 53.80 ലക്ഷം കോടി രൂപ പൗരന്മാരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് കൈമാറി.

“സേവനത്തെ ഒരു പവിത്രമായ കർത്തവ്യമായി കാണുകയും ജനങ്ങളുടെ ക്ഷേമത്തിനായി അശ്രാന്തം പരിശ്രമിക്കുകയും സദ്ഭരണത്തിലൂടെ അവരുടെ സുരക്ഷയും സമൃദ്ധിയും ഉറപ്പാക്കുകയും വിനയം, സ്വയമേവയുള്ള അച്ചടക്കം, വികസനത്തോടുള്ള പ്രതിബദ്ധത എന്നിവയാൽ സവിശേഷമാക്കപ്പെട്ട് സമൂഹത്തിന്റെ പുരോഗതിക്കായി സമർപ്പിതമായി നിലകൊള്ളുകയും ചെയ്യുന്ന ഒരു ജനപ്രതിനിധിയാണ് ജനങ്ങളുടെ വിശ്വാസവും ബഹുമാനവും അംഗീകാരവും ഐശ്വര്യവും യഥാർത്ഥത്തിൽ നേടിയെടുക്കുന്നത്.

- നരേന്ദ്ര മോദി, പ്രധാനമന്ത്രി

ഇത് 5 ലക്ഷം കോടിയിലധികം രൂപ തെറ്റായ കൈകളിൽ എത്തുന്നത് തടയുകയും ഇടനിലക്കാരെ ഒഴിവാക്കുകയും ചെയ്തു.

ആയുഷ്മാൻ ഭാരത്-പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജനയ്ക്ക് കീഴിൽ 47 കോടിയിലധികം ആളുകൾ ഇപ്പോൾ എൻറോൾ ചെയ്തിട്ടുണ്ട്. രാജ്യത്തുടനീളമുള്ള 33,000-ത്തിലധികം (17,685 പൊതു, 15,380 സ്വകാര്യ) ആശുപത്രികൾ പദ്ധതിക്ക് കീഴിൽ എംപാനൽ ചെയ്തിട്ടുണ്ട്. കൂടാതെ, 70 വയസ്സും അതിനുമുകളിലും പ്രായമുള്ള മുതിർന്ന പൗരന്മാർക്കായി 93 ലക്ഷത്തിലധികം ‘ആയുഷ്മാൻ വയ വന്ദന’ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ജൽ ജീവൻ മിഷനിലൂടെ 2026 ഒക്ടോബർ 15 വരെയുള്ള കണക്കനുസരിച്ച് രാജ്യത്തെ 19.35 കോടി ഗ്രാമീണ കുടുംബങ്ങളിൽ ഏകദേശം 15.98 കോടി-അതായത് 82.56 ശതമാനം-കുടുംബങ്ങളിലും കുടിവെള്ള കണക്ഷൻ എത്തിയിട്ടുണ്ട്; എന്നാൽ 2019-ൽ മിഷൻ ആരംഭിച്ചപ്പോൾ വെറും 17 ശതമാനം കുടുംബങ്ങൾക്ക് മാത്രമേ ഈ സൗകര്യം ലഭ്യമായിരുന്നുള്ളൂ. 100 ശതമാനം ലക്ഷ്യം കൈവരിക്കുന്നതിനായി കേന്ദ്ര മന്ത്രിസഭ 2026 മാർച്ച് മാസത്തിൽ ‘ജൽ ജീവൻ മിഷൻ 2.0’ ന് അംഗീകാരം നൽകുകയും പദ്ധതി 2028 വരെ ദീർഘിപ്പിക്കുകയും ചെയ്തു. പ്രധാൻ മന്ത്രി ആവാസ് യോജന-അർബൻ കീഴിൽ 2026 ഓഗസ്റ്റ് വരെ 1.25 കോടി വീടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അതേസമയം പദ്ധതിയുടെ ഗ്രാമീണ ഘടകത്തിന് കീഴിൽ ആദ്യ രണ്ട് ഘട്ടങ്ങളിലായി അംഗീകാരം ലഭിച്ച 3.91 കോടി വീടുകളിൽ 3.12 കോടി വീടുകൾ പൂർത്തിയായിട്ടുണ്ട്, കൂടാതെ 2029-ഓടെ 4.95 കോടി വീടുകൾ എന്ന ലക്ഷ്യത്തിലേക്ക് അതിവേഗം മുന്നേറുകയാണ്. 2026 ഒക്ടോബറിൽ പിഎം കിസാൻ സമ്മാൻ നിധിയുടെ 24-ാം ഗഡു വിതരണം ചെയ്തതോടെ 2.18 കോടിയിലധികം വനിതകൾ ഉൾപ്പെടെ 9.44 കോടി കർഷക കുടുംബങ്ങൾക്ക് ആകെ 4.65 ലക്ഷം കോടിയിലധികം രൂപ നേരിട്ട് കൈമാറി.

അവഗണിക്കപ്പെട്ട ചരിത്രത്തിന്റെ പുനഃസ്ഥാപനം



■ **ചെങ്കോൽ:** പുതിയ പാർലമെന്റ് മന്ദിരത്തിലെ ലോക്സഭാ ചേമ്പറിൽ സ്ഥാപിച്ചു; അധികാര കൈമാറ്റത്തിന്റെയും കർത്തവ്യപാതയുടെയും പുരാതന ചിഹ്നം

■ **‘സംവിധാൻ ഹത്യ ദിവസ്’ - ജൂൺ 25:** അടിയന്തരാവസ്ഥയുടെ അക്രമങ്ങളെ അനുസ്മരിക്കുന്നു.

■ **‘വിഭജൻ വിഭീഷിക സ്മൃതി ദിവസ്’ - ഓഗസ്റ്റ് 14:** വിഭജന ഇരകൾക്കുള്ള ആദരം.

■ **സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സംവരണം:** 103-ാം ഭരണഘടനാ ഭേദഗതിയിലൂടെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് (EWS) 10% സംവരണം.

■ **ശ്രീരാമക്ഷേത്രം:** 2024 ജനുവരി 22-ന് അയോധ്യയിൽ രാം ലല്ലയുടെ പ്രാണ പ്രതിഷ്ഠ.



■ **പദ്മ പുരസ്കാരങ്ങൾ:** സാധാരണക്കാരായ പൗരന്മാരുടെ നേട്ടങ്ങളെ ആദരിക്കുന്നു-‘ജൻ-പദ്മ’ (ജനങ്ങളുടെ പദ്മ).



ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്

- മുൻ രാഷ്ട്രപതി രാം നാഥ് കോവിന്ദിന്റെ അധ്യക്ഷതയിൽ 2023 സെപ്റ്റംബർ 2-ന് ഒരു ഉന്നതതല സമിതി രൂപീകരിച്ചു.
- 1951-നും 1967-നും ഇടയിൽ രാജ്യത്ത് ഒരേസമയത്താണ് തെരഞ്ഞെടുപ്പുകൾ നടന്നിരുന്നത്.
- സമിതിയുടെ റിപ്പോർട്ട് 2024-ൽ പ്രസിദ്ധീകരിച്ചു; ഭരണഘടനാ (129-ാം ഭേദഗതി) ബില്ലിനും കേന്ദ്രഭരണപ്രദേശങ്ങളുടെ നിയമ (ഭേദഗതി) ബില്ലിനും കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി.
- നിലവിലെ സ്ഥിതി: പി.പി.ചൗധരി എം.പിയുടെ അധ്യക്ഷതയിലുള്ള 41 അംഗ സംയുക്ത പാർലമെന്ററി കമ്മിറ്റിയുടെ (JPC) പരിഗണനയിലാണ് രണ്ട് ബില്ലുകളും; 2026-ലെ ശൈത്യകാല സമ്മേളനത്തോടെ റിപ്പോർട്ട് പ്രതീക്ഷിക്കുന്നു.
- 7 ലക്ഷം കോടി രൂപയുടെ സാമ്പത്തിക ലാഭവും ജി.ഡി.പിയിൽ 1.6% വരെ വർധനവും ഉണ്ടായേക്കാമെന്ന് സംയുക്ത പാർലമെന്ററി കമ്മിറ്റി അനുമാനിക്കുന്നു.
- എല്ലാ തെരഞ്ഞെടുപ്പുകൾക്കുമായി ഒരൊറ്റ ഏകീകൃത വോട്ടർ പട്ടിക എന്ന നിർദ്ദേശം..

നിർദ്ദേശിക്കപ്പെട്ട മാതൃക

ആദ്യ ഘട്ടത്തിൽ ലോക്സഭയിലേക്കും നിയമസഭകളിലേക്കും ഒരേസമയം തെരഞ്ഞെടുപ്പ് നടത്തുക, അതിനുശേഷം 100 ദിവസത്തിനകം രണ്ടാം ഘട്ടമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുക.



“നമ്മുടെ ഭരണഘടനയിൽ അന്തർലീനമായിരിക്കുന്ന തത്ത്വങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഒരു വികസിത ഭാരതം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനുമായി ഒന്നിച്ചുപ്രവർത്തിക്കുന്നതിനുള്ള നമ്മുടെ പ്രതിജ്ഞാബദ്ധത നാം വീണ്ടും ഉറപ്പിക്കുന്നു. നമുക്ക് പുരോഗതിയുടെ പുതിയ ഉയരങ്ങൾ കീഴടക്കാം, പാവപ്പെട്ടവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ആഗ്രഹങ്ങൾ പൂർത്തീകരിക്കാം.”

- നരേന്ദ്ര മോദി, പ്രധാനമന്ത്രി

പാർലമെന്റിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് 33 ശതമാനം സംവരണം നൽകുന്ന ‘നാരി ശക്തി വന്ദൻ അധിനിയമം’ പാസാക്കിയത് രാജ്യത്തെ സ്ത്രീകളെ ആദരിക്കുന്നതിനുള്ള ചരിത്രപരമായ ചുവടുവെപ്പാണ്.

സാമ്പത്തിക ജനാധിപത്യം: നീതിയുടെ ഭരണഘടനാ തത്ത്വം ഓരോ പൗരനിലേക്കും വ്യാപിപ്പിക്കുന്നു

തുല്യത എന്ന ഭരണഘടനാ തത്ത്വം സാമൂഹിക മേഖലയിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നല്ല; അത് സാമ്പത്തിക ജീവിതത്തിലേക്കും പടർന്നുപന്തലിച്ചിട്ടുണ്ട്. 2025 സെപ്റ്റംബറിൽ നടപ്പിലാക്കിയ അടുത്ത തലമുറ ജി.എസ്.ടി പരിഷ്കാരങ്ങൾ നികുതി ഘടനയെ 5 ശതമാനം, 18 ശതമാനം എന്നിങ്ങനെ രണ്ട് പ്രധാന സ്ലാബുകളായി ലളിതവൽക്കരിച്ചു. സോപ്പ്, ടൂത്ത് പേസ്റ്റ്, ഇന്ത്യൻ ബ്രെഡുകൾ എന്നിവ പോലെയുള്ള ദൈനംദിന വസ്തുക്കളുടെ നികുതി 5 ശതമാനമായോ പൂജ്യമായോ കുറച്ചു. ജീവൻരക്ഷാ മരുന്നുകളുടെ നികുതി നിരക്കുകളും പൂജ്യം അല്ലെങ്കിൽ 5 ശതമാനമായി കുറച്ചു. അതേസമയം ട്രാക്ടറുകൾ, കൊയ്ത്തു യന്ത്രങ്ങൾ, റോട്ടവേറ്ററുകൾ എന്നിവയുൾപ്പെടെയുള്ള കാർഷിക ഉപകരണങ്ങളുടെ നിരക്ക് 5 ശതമാനമായി നിശ്ചയിച്ചു; ഇത് കർഷകർക്ക് ഒരു അനുഗ്രഹമാണെന്ന് കേന്ദ്ര കൃഷിമന്ത്രി വിശേഷിപ്പിച്ചു. കരകൗശല വസ്തുക്കളുടെ ജി.എസ്.ടി 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു, ഇത് ശില്പങ്ങൾ, ചിത്രകലകൾ, എംബ്രോയിഡറി ജോലികൾ, ഹാൻഡ് ബാഗുകൾ എന്നിവ നിർമ്മിക്കുന്ന കരകൗശല വിദഗ്ധർക്ക് വലിയ ആശ്വാസമായി. അതുപോലെ കളിപ്പാട്ടങ്ങളുടെയും കായിക സാമഗ്രികളുടെയും നിരക്ക് 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി വെട്ടിക്കുറച്ചു, ഇത് കുട്ടികളുടെ വളർച്ചയ്ക്കായുള്ള ഉല്പന്നങ്ങളുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന എംഎസ്എംഇ സംരംഭങ്ങൾക്ക് ഉത്തേജനം നൽകി. ഈ പരിഷ്കാരങ്ങൾ രാജ്യത്ത് ജി.എസ്.ടി രജിസ്ട്രേഷനുള്ള 1.65 കോടിയിലധികം നികുതിദായകർക്ക് നേരിട്ട് പ്രയോജനം ചെയ്തു-2017-ൽ രജിസ്റ്റർ ചെയ്ത 66.5 ലക്ഷത്തിൽ നിന്നുള്ള വലിയൊരു വർധനവാണിത്. നികുതി പിരിവും തുടർച്ചയായി പുതിയ ഉയരങ്ങളിലെത്തി. 2021-22-ലെ ഏകദേശം 13.76 ലക്ഷം കോടിയിൽ നിന്ന് 2025-26-ൽ ഏകദേശം 22.27 ലക്ഷം കോടിയായി ഉയർന്നു. 2026-27 വർഷത്തിലും ഈ മുന്നേറ്റം തുടർന്നു, 2026 ഏപ്രിൽ, മേയ് മാസങ്ങളിൽ മാത്രം ജി.എസ്.ടി പിരിവ് ഏകദേശം 4.37 ലക്ഷം കോടിയിലെത്തി.

കൂടുതൽ ബിസിനസ്സുകൾ ഔദ്യോഗിക നികുതി വ്യവസ്ഥയുടെ ഭാഗമാകുന്നുവെന്നും ലളിതമാക്കിയ നികുതി ഘടന വരുമാന വളർച്ചയ്ക്ക് ഫലപ്രദമായി സഹായിക്കുന്നുവെന്നും ഇത് തെളിയിക്കുന്നു.

ആത്മനിർഭരതയുടെയും തദ്ദേശീയ ഉല്പന്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെയും ഈ മനോഭാവം 'വോക്കൽ ഫോർ ലോക്കൽ' എന്ന ആശയത്തിന് കീഴിൽ ഒരു ജനകീയ പ്രസ്ഥാനമായി മാറിയിരിക്കുന്നു. തദ്ദേശീയ ഉല്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രധാനമന്ത്രി തന്റെ ആദ്യ 'മൻ കി ബാത്ത്' പ്രക്ഷേപണത്തിനിടെ നടത്തിയ ആഹ്വാനം കളിപ്പാട്ട വ്യവസായം പോലുള്ള മേഖലകളിൽ ഇപ്പോൾ പ്രകടമായ ഫലങ്ങൾ നൽകുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ പ്രധാന കളിപ്പാട്ട വിഭാഗങ്ങളിൽ 152 മില്യൺ ഡോളറിന്റെ വ്യാപാര മിച്ചം കൈവരിക്കാൻ ഇന്ത്യയ്ക്ക് സാധിച്ചു-2017-18-ൽ നിലനിന്നിരുന്ന വ്യാപാര കമ്മിയിൽ നിന്നുള്ള വലിയൊരു മാറ്റമാണിത്. 'ഒരു ജില്ല ഒരു ഉല്പന്നം' (ODOP) പദ്ധതിക്ക് കീഴിൽ ഓരോ ജില്ലയുടെയും തനതുമുദ്ര വിപണിയിലെത്തിക്കാൻ ലക്ഷ്യമിട്ടുള്ള സംരംഭങ്ങൾ 1.71 ലക്ഷം കോടിയുടെ മൂല്യത്തിൽ എത്തിനിൽക്കുന്നു. മാർജിൻ മണി സ്കീമിന് കീഴിൽ 6,000 കോടിയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ 1.25 കോടിയിലധികം ODOP കരകൗശല വിദഗ്ധർക്ക് പരിശീലനവും ആധുനിക ഉപകരണങ്ങളും ലഭിച്ചു. കരകൗശല മേഖലയിൽ ദേശീയ കരകൗശല വികസന പരിപാടിക്ക് കീഴിൽ അനുവദിച്ച 837 കോടി രൂപയുടെ പിന്തുണയോടെ 2,325 പദ്ധതികളും പരിപാടികളും 66,000-ത്തിലധികം കരകൗശല വിദഗ്ധർക്ക് നേരിട്ട് പ്രയോജനം ചെയ്തു. രാജ്യത്തുടനീളം 35 ലക്ഷത്തിലധികം ആളുകൾക്ക് തൊഴിൽ നൽകുന്ന കൈത്തറി മേഖല-ഇതിൽ 70 ശതമാനത്തിലധികവും സ്ത്രീകളാണ്-ഓരോ വ്യക്തിക്കും മാന്യമായ ജോലിയും കരകൗശല വിദഗ്ധരുടെ സൃഷ്ടിക്ക് അർഹമായ വേതനവും ഉറപ്പാക്കുക എന്ന ഭരണഘടനാപരമായ കാഴ്ചപ്പാടിന്റെ സജീവ ഉദാഹരണമായി നിലകൊള്ളുന്നു.

പ്രതിരോധ ഉല്പാദനത്തിലും തദ്ദേശീയവൽക്കരണത്തിന്റെ സമാനമായ ഒരു കഥ അനാവരണം ചെയ്യപ്പെട്ടു. പ്രതിരോധ കയറ്റുമതി 2013-14-ലെ 686 കോടിയിൽ നിന്ന് 2025-26-ൽ 38,424 കോടിയായി ഉയർന്നു-ഇത് 56 മടങ്ങ് വർധനവാണ്. അഞ്ച് 'പോസിറ്റീവ് തദ്ദേശീയവൽക്കരണ പട്ടികകളിലൂടെ' 5,500-ലധികം പ്രതിരോധ സാമഗ്രികൾ തിരിച്ചറിഞ്ഞിട്ടുണ്ട്; ഇതിൽ 3,000-ത്തിലധികം സാമഗ്രികൾ 2025 ഫെബ്രുവരിയോടെ തദ്ദേശീയമായി നിർമ്മിച്ചു. എൽ.സി.എ തേജസ്, അർജുൻ ടാങ്ക്, പീരങ്കികൾ, അസോൾട്ട് റൈഫിളുകൾ, കോർവെറ്റുകൾ, സോണാർ സംവിധാനങ്ങൾ, ലൈറ്റ് കോംബാറ്റ് ഹെലികോപ്റ്ററുകൾ, തദ്ദേശീയ റഡാറുകൾ തുടങ്ങിയ സംവിധാനങ്ങൾ ഇപ്പോൾ ഇന്ത്യയുടെ തന്ത്രപ്രധാന സ്വയംപര്യാപ്തതയുടെ അടയാളങ്ങളായി മാറിയിരിക്കുന്നു. ഉല്പാദനബന്ധിത പ്രോത്സാഹന (PLI) പദ്ധതികൾക്ക് കീഴിൽ 2026 മാർച്ച് മാസത്തോടെ 2.40 ലക്ഷം കോടിയുടെ നിക്ഷേപം ആകർഷിക്കാൻ സാധിച്ചു. കൂടാതെ, 15.2 ലക്ഷം കോടിയിലധികം കയറ്റുമതി സാധ്യമാക്കുകയും 14 ലക്ഷത്തിലധികം നേരിട്ടും അല്ലാതെയുമുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ഭരണഘടന വിഭാവനം ചെയ്ത 'തുല്യ സാമ്പത്തിക അവസരങ്ങൾ' നയത്തിലും അത് നടപ്പിലാക്കുന്നതിലും ഇപ്പോൾ സാക്ഷാത്കരിക്കപ്പെടുന്നുണ്ടെന്ന് ഇത് തെളിയിക്കുന്നു.

ഭരണഘടനാ ദിനത്തോടനുബന്ധിച്ച പ്രധാന നാഴികക്കല്ലുകൾ (2025-26)



■ ഭരണഘടന അംഗീകരിച്ചതിന്റെ 75-77 വർഷങ്ങൾ (2024-2026)

ജനാധിപത്യത്തിന്റെ മാതാവ്: ആഗോള വേദിയിൽ ഇന്ത്യയുടെ പുരാതന പൈതൃകം

ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യം മാത്രമല്ല, 'ജനാധിപത്യത്തിന്റെ മാതാവ്' കൂടിയാണ്. ഇന്ത്യയുടെ 5,000 വർഷം പഴക്കമുള്ള വേദങ്ങളിൽ സഭകളെയും സമിതികളെയും കുറിച്ചുള്ള പരാമർശങ്ങൾ കാണാം.



നമ്മുടെ ഭരണഘടന മാനുഷിക അന്തസ്സിനും സമത്വത്തിനും സ്വാതന്ത്ര്യത്തിനും സവിശേഷ പ്രാധാന്യമാണ് നൽകുന്നത്. അത് നമുക്ക് അവകാശങ്ങൾ നൽകി ശാക്തീകരിക്കുന്നതിനൊപ്പം പൗരന്മാർ എന്ന നിലയിലുള്ള നമ്മുടെ കടമകളെക്കുറിച്ചും ഓർമ്മിപ്പിക്കുന്നു. എക്കാലവും ഉയർത്തിപ്പിടിക്കാൻ നാം പരിശ്രമിക്കേണ്ട കടമകളാണവ. ഈ ഉത്തരവാദിത്തങ്ങളാണ് ശക്തമായ ഒരു ജനാധിപത്യത്തിന്റെ അടിത്തറ. നമ്മുടെ പ്രവർത്തനങ്ങളിലൂടെ ഭരണഘടനാ മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധത നമുക്ക് വീണ്ടും ഉറപ്പിക്കാം.

-നരേന്ദ്ര മോദി, പ്രധാനമന്ത്രി

മഹാഭാരതം പോലുള്ള ഗ്രന്ഥങ്ങളിൽ ഗണങ്ങളുടെ നിലനിൽപ്പിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. കൂടാതെ പ്രമേയങ്ങൾ, കോറം, വോട്ടെടുപ്പ് എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങൾ നിലവിലുണ്ടായിരുന്നതായി ചൂണ്ടിക്കാട്ടിക്കൊണ്ട് ഡോ. അംബേദ്കർ ബുദ്ധസംഘത്തെ ഇന്ത്യൻ പാർലമെന്റുമായി താരതമ്യം ചെയ്തിട്ടുണ്ട്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ജനാധിപത്യം എന്നത് കേവലമൊരു ഭരണസംവിധാനം മാത്രമല്ല, മറിച്ച് അതൊരു സാംസ്കാരിക മൂല്യവും ആശയവും പാരമ്പര്യവുമാണെന്ന് പ്രധാനമന്ത്രി മോദി അന്താരാഷ്ട്ര വേദികളിൽ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്.

ഇന്ന്, ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ അതിവേഗം വളരുകയും അന്താരാഷ്ട്ര തലത്തിലുള്ള അതിന്റെ പദവി കൂടുതൽ ശക്തിപ്പെടുകയും ചെയ്യുമ്പോൾ ലോകം ഇന്ത്യയെ വലിയ പ്രതീക്ഷയോടെയാണ് ഉറ്റുനോക്കുന്നത്. ഒരുകാലത്ത് സ്ഥിരത ചോദ്യം ചെയ്യപ്പെട്ടിരുന്ന രാജ്യം ഇന്ന് സ്വന്തം വൈവിധ്യത്തിൽ അഭിമാനം കൊള്ളുകയും പൂർണ്ണ ഊർജ്ജസ്വലതയോടെ മുന്നേറുകയും ചെയ്യുന്നു. പുതിയ പാർലമെന്റ് മന്ദിരത്തിൽ സ്ഥാപിച്ചിട്ടുള്ള പവിത്രമായ ചെങ്കോൽ ഈ സുദീർഘമായ സാംസ്കാരിക തുടർച്ചയുടെ ശാശ്വതമായ പ്രതീകമായി നിലകൊള്ളുന്നു. മഹത്തായ ചോള സാമ്രാജ്യത്തിലെ അധികാര കൈമാറ്റത്തിന്റെയും കർത്തവ്യനിർവഹണത്തിന്റെയും പ്രതീകമായ ചെങ്കോൽ, കൊളോണിയൽ ഭരണത്തിൽനിന്ന് മോചിതമായതിനെത്തുടർന്ന് ഇന്ത്യ സ്വീകരിച്ച ഭരണഘടനാപരമായ പരമാധികാരത്തിന്റെ ഓർമ്മപ്പെടുത്തലായി ഓരോ സമ്മേളനത്തിന്റെയും തുടക്കത്തിൽ രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തിന് മുന്നോടിയായി പാർലമെന്റ് മന്ദിരത്തിൽ സ്ഥാപിക്കുന്നു.

തെരഞ്ഞെടുപ്പ് പരിഷ്കാരം: 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്' എന്ന ലക്ഷ്യത്തിലേക്ക് - അടിക്കടിയുള്ള തെരഞ്ഞെടുപ്പുകൾ കാരണം വികസനത്തിന്റെ വേഗതയിലുണ്ടാകുന്ന സ്തംഭനാവസ്ഥ തടയുന്നതിനായി 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്' എന്നതിലേക്ക് കേന്ദ്ര ഗവണ്മെന്റ് വ്യക്തവും കൃത്യവുമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മുൻ രാഷ്ട്രപതി റാം നാഥ് കോവിന്ദിന്റെ അധ്യക്ഷതയിലുള്ള ഉന്നതതല സമിതി, വിവിധ പങ്കാളികളുമായി വിപുലമായ കൂടിയാലോചനകൾ നടത്തിയശേഷം 2024-ൽ റിപ്പോർട്ട് സമർപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഭരണഘടന (129-ാം ഭേദഗതി) ബിൽ, 2024, കേന്ദ്രഭരണ പ്രദേശ നിയമങ്ങൾ (ഭേദഗതി) ബിൽ, 2024 എന്നിവ പാർലമെന്റിൽ അവതരിപ്പിക്കുന്നതിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. രണ്ട് ബില്ലുകളും നിലവിൽ പാർലമെന്റ് അംഗം പി.പി. ചൗധരി അധ്യക്ഷനായ 41 അംഗ സംയുക്ത പാർലമെന്ററി സമിതിയുടെ (ജെ.പി.സി) പരിഗണനയിലാണ്. ഈ സമിതി രാജ്യത്തുടനീളമുള്ള പങ്കാളികളുമായി വിപുലമായ കൂടിയാലോചനകൾ നടത്തിയിട്ടുണ്ട്. റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സമിതിക്ക് 2026-ലെ പാർലമെന്റിന്റെ ശീതകാല സമ്മേളനം വരെ സമയം അനുവദിച്ചിട്ടുണ്ട്. സമിതിയുടെ കണക്കുകൂട്ടലുകൾ പ്രകാരം, ഒരേസമയം തെരഞ്ഞെടുപ്പുകൾ നടത്തുന്നതിലൂടെ കാലക്രമേണ ഏകദേശം 7 ലക്ഷം കോടി രൂപ ലാഭിക്കാനാകുമെന്നും ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിൽ (ജിഡിപി) 1.6 ശതമാനം വരെ വർദ്ധനവിന് വഴിയൊരുക്കാനാകുമെന്നും വിലയിരുത്തപ്പെടുന്നു. നിർദിഷ്ട ചട്ടക്കൂട് അനുസരിച്ച്, ആദ്യ ഘട്ടത്തിൽ ലോക്സഭയിലേക്കും നിയമസഭകളിലേക്കുമുള്ള തെരഞ്ഞെടുപ്പുകൾ ഒരേസമയം നടത്താനും തുടർന്ന് രണ്ടാം ഘട്ടത്തിൽ 100 ദിവസത്തിനുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ നടത്താനുമാണ് ശുപാർശ ചെയ്യുന്നത്. തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട സമയവും വിഭവങ്ങളും ഭരണപരമായ ഭാരവും ഗണ്യമായി കുറയ്ക്കാൻ ഈ നീക്കം സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

അവകാശങ്ങളും കടമകളും തമ്മിലുള്ള അഭേദ്യമായ ബന്ധം

പൗരന്മാർ ആത്മാർഥതയോടെ നിർവഹിക്കുന്ന കടമകളിൽ നിന്നാണ് എല്ലാ അവകാശങ്ങളും ഉടലെടുക്കുന്നതെന്ന് മഹാത്മാഗാന്ധി ഒരിക്കൽ പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ, ലോകം അവകാശങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നപ്പോൾ, പൗരന്മാരുടെ കടമകൾക്ക് ഊന്നൽ നൽകിക്കൊണ്ട് ഗാന്ധിജി ഒരു പടി കൂടി മുന്നോട്ട് പോയി. അവകാശങ്ങൾ അനുഭവിക്കുന്നതിന് ഭരണഘടന നൽകുന്ന അതേ പ്രാധാന്യം കടമകൾ നിറവേറ്റുന്നതിനും നൽകുന്നുണ്ടെന്ന ആശയം പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി നിരന്തരം ഉയർത്തിപ്പിടിച്ചിട്ടുണ്ട്.'വികസിത ഭാരതം' എന്ന ദർശനം സാക്ഷാത്കരിക്കുന്നതിനായി പൗരധർമ്മങ്ങൾക്ക് മുൻഗണന നൽകാൻ ഓരോ പൗരനെയും, പ്രത്യേകിച്ച് യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന



ലക്ഷ്യത്തോടെയാണ് ഭരണഘടനാ ദിനത്തിൽ ആമുഖം ഒത്തുചേർന്ന് വായിക്കുന്നത്. ഈ മനോഭാവം പ്രസംഗങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല; നയരൂപീകരണത്തിലും ഇത് പ്രതിഫലിക്കുന്നുണ്ട്. ഐ.ജി.ഒ.ടി. കർമ്മയോഗി പ്ലാറ്റ്ഫോമിലൂടെ ഗവണ്മെന്റ് ജീവനക്കാരെ കാര്യക്ഷമതയുടെയും ഉത്തരവാദിത്തബോധത്തിന്റെയും പുതിയൊരു പ്രവർത്തനസംസ്കാരത്തിന്റെ ഭാഗമാക്കുമ്പോൾ, സ്വച്ഛ് ഭാരത് മിഷന് കീഴിൽ ഏകദേശം 12 കോടി ശൗചാലയങ്ങൾ നിർമ്മിച്ചത് പൗരധർമ്മത്തെ ശുചിത്വത്തോടുള്ള പ്രായോഗിക പ്രതിബദ്ധതയാക്കി മാറ്റി. കൂടാതെ, വിവിധ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണപ്രദേശങ്ങളുടെയും സംസ്കാരങ്ങൾ, ഭാഷകൾ, പാരമ്പര്യങ്ങൾ എന്നിവയെക്കുറിച്ചുള്ള പരസ്പര ധാരണ വളർത്തുന്നതിലൂടെ 'ഏക ഭാരതം ശ്രേഷ്ഠ ഭാരതം' പദ്ധതി ഇന്ത്യയുടെ ഐക്യവും അഖണ്ഡതയും കൂടുതൽ ശക്തിപ്പെടുത്തുന്നു. ഭരണഘടനയുടെ ആമുഖത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 'രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും' എന്ന ആദർശത്തിന്റെ വിപുലീകരണം കൂടിയാണിത്.

ഭരണഘടനയുടെ അന്തഃസത്തയ്ക്ക് പുതുജീവൻ: പുതിയ തലമുറയ്ക്കായുള്ള പ്രതിജ്ഞ

കഴിഞ്ഞ 12 വർഷമായി ഇന്ത്യയുടെയും അതിന്റെ ഭരണഘടനയുടെയും അചഞ്ചലമായ കരുത്തിന് ലോകം സാക്ഷ്യം വഹിക്കുകയാണ്. മുൻകാലങ്ങളിൽ, ജനാധിപത്യത്തെക്കുറിച്ചുള്ള ആഗോള ചർച്ചകൾ പലപ്പോഴും ഏഥൻസ്, അമേരിക്ക, ഫ്രാൻസ്, മാഗ്നാ കാർട്ട എന്നിവയിൽ മാത്രം കേന്ദ്രീകരിക്കുകയും പുരാതന ഇന്ത്യയുടെ ജനാധിപത്യ പാരമ്പര്യങ്ങൾ പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ പോവുകയും ചെയ്തിരുന്നു. ഇന്ത്യയുടെ ഈ മഹത്തായ ജനാധിപത്യ പൈതൃകത്തിന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി പുതുജീവൻ പകർന്നു. ഒരു ഭരണാധികാരിക്കും ഭരണഘടനയിൽ കൈകടത്താൻ ധൈര്യം വരാത്ത വിധം ഭരണഘടനയുടെ പരമാധികാരവും അതിന്റെ അടിസ്ഥാന തത്ത്വങ്ങളും അദ്ദേഹം പുനഃസ്ഥാപിച്ചു. എല്ലാ വർഷവും ജൂൺ 25 'സംവിധാൻ ഹത്യാ ദിവസ്' ആയി ആചരിക്കുന്നത് രാജ്യത്തിന്റെ ഉറച്ച ദൃഢനിശ്ചയത്തിന്റെ തെളിവാണ്: അടിയന്തരാവസ്ഥയ്ക്ക് സമാനമായ ഒരു സംഭവം ഇനിയൊരിക്കലും ആവർത്തിക്കുന്നത് രാജ്യം അംഗീകരിക്കില്ല.

നിസ്സംശയമായും, 12-ാമത് ഭരണഘടനാ ദിനം കേവലം ഒരു ദിനാചരണം മാത്രമല്ല, മറിച്ച് കൂട്ടായ അവബോധത്തിന്റെ ആഘോഷം കൂടിയാണ്. ഓരോ പൗരനും തങ്ങളുടെ അവകാശങ്ങൾ വിനിയോഗിക്കുന്ന അതേ അർപ്പണബോധത്തോടെ കടമകൾ നിറവേറ്റുന്ന ഒരു കൂട്ടായ്മയുടെ ആഘോഷം. ഭരണഘടനാ നിർമ്മാണ സഭയിലെ അംഗങ്ങൾ 2 വർഷവും 11 മാസവും 18 ദിവസവും നീണ്ട അശ്രാന്ത പരിശ്രമത്തിലൂടെ ഈ മഹത്തായ രേഖ നമുക്ക് കൈമാറിയപ്പോൾ, തുടർന്നുള്ള ഓരോ തലമുറയും അതനുസരിച്ച് ജീവിക്കുകയും അത് മനസ്സിലാക്കുകയും അതിൽ നിന്ന് പഠിക്കുകയും ചെയ്യണമെന്നായിരുന്നു അവരുടെ ദർശനം. ഇന്ന്, 'വികസിത ഭാരതം' കെട്ടിപ്പടുക്കാനുള്ള ദൃഢനിശ്ചയവുമായി രാജ്യം മുന്നേറുമ്പോൾ, ഈ കൂട്ടായ പ്രതിബദ്ധതയുടെ ഭാഗമാകുകയും പുനരുജ്ജീവിപ്പിക്കപ്പെട്ട ഈ ഭരണഘടനാ ചൈതന്യത്തിന്റെ ദീപശിഖാവാഹകരായി മാറുകയും ചെയ്യേണ്ടത് 140 കോടി പൗരന്മാരുടെയും ഉത്തരവാദിത്തമാണ്. യഥാർത്ഥ അർത്ഥത്തിൽ ഭരണഘടനാ ദിനം ആഘോഷിക്കുന്നതിന്റെ ഉദ്ദേശ്യവും ഇതുതന്നെയാണ്.



പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പരിപാടിയുടെ പൂർണ്ണരൂപം കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.

ഡൽഹിയിൽ നടന്ന വിജയദശമി ആഘോഷങ്ങളിൽ പങ്കെടുത്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി

'രാമനിൽ നിന്ന് രാഷ്ട്രത്തിലേക്ക്', 'ദേവനിൽ നിന്ന് ദേശത്തിലേക്ക്' എന്ന ദർശനം സാക്ഷാത്കരിക്കപ്പെടും

വിജയദശമിയുടെ ശുഭവേളയിൽ ദേശീയ ഐക്യം, സാമൂഹിക സൗഹാർദ്ദം, ശ്രീരാമന്റെ ഉന്നതമായ ആദർശങ്ങൾ എന്നിവയുടെ സന്ദേശമാണ് രാംലീല പകർന്നുനൽകിയത്. ഒക്ടോബർ 20-ന് ഡൽഹിയിൽ നടന്ന ചടങ്ങിൽ പങ്കെടുത്ത പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ ജനങ്ങൾക്ക് വിജയദശമി ആശംസകൾ നേർന്നു. അയോധ്യയിലെ പ്രാണപ്രതിഷ്ഠാ വേളയിൽ നാം കൈക്കൊണ്ട 'രാമനിൽ നിന്ന് രാഷ്ട്രത്തിലേക്ക്', 'ദേവനിൽ നിന്ന് ദേശത്തിലേക്ക്' എന്നീ ദൃഢനിശ്ചയങ്ങൾ നമ്മുടെ കൂട്ടായ പരിശ്രമങ്ങളിലൂടെ തീർച്ചയായും സാക്ഷാത്കരിക്കപ്പെടുമെന്ന് അദ്ദേഹം ഉറച്ച വിശ്വാസം പ്രകടിപ്പിച്ചു.

ആയിരക്കണക്കിന് വർഷങ്ങളായി നമ്മുടെ പൂർവ്വികർ ഭഗവാൻ ശ്രീരാമനെ ഭക്തിയോടെ ആരാധിച്ചുവരുന്നു. രാവണൻ എന്ന രാക്ഷസരാജാവിനെ വധിച്ചു എന്നതുകൊണ്ടു മാത്രമല്ല ശ്രീരാമനോടുള്ള ഈ ഭക്തി ഉടലെടുക്കുന്നത്, മറിച്ച് മനുഷ്യചരിത്രത്തിൽ സമാനതകളില്ലാത്ത ആദർശങ്ങളുടെ മൂർത്തിമദ്ഭാവമായിരുന്നു അദ്ദേഹം എന്നതുകൊണ്ടുകൂടിയാണ്. ജീവിതത്തിലുടനീളം നിരവധി പ്രതിസന്ധികൾ നേരിടേണ്ടിവന്നിട്ടും ശ്രീരാമൻ സത്യത്തിന്റെയും ധർമ്മത്തിന്റെയും പാതയിൽനിന്ന് ഒരിക്കലും വ്യതിചലിച്ചില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ചൂണ്ടിക്കാട്ടി. രാജപദവി ലഭിക്കുമെന്ന പ്രതീക്ഷയിൽ അമിതമായി ആഹ്ളാദിക്കുകയോ വനവാസത്തിന് പോകേണ്ടിവന്നപ്പോൾ ദുഃഖിക്കുകയോ ചെയ്യാതെ എപ്പോഴും സമചിത്തത പുലർത്തിയ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. വലിയ പ്രതിസന്ധികൾക്കിടയിലും അദ്ദേഹം ധർമ്മം മുറുകെപ്പിടിക്കുകയും സത്യം സ്ഥാപിക്കുകയും ചെയ്തു.

സ്വന്തം കഴിവുകൾ തിരിച്ചറിയുക, സ്വന്തം വിഭവങ്ങളിൽ വിശ്വസിക്കുക: പ്രതിസന്ധി എത്ര വലുതായാലും വെല്ലുവിളി എത്ര കഠിനമായാലും മറ്റുള്ളവരെ ആശ്രയിക്കാതെ സ്വന്തം കഴിവുകളിലും വിഭവങ്ങളിലും വിശ്വാസമർപ്പിക്കണമെന്നതാണ് ശ്രീരാമന്റെ ജീവിതം നൽകുന്ന ആഴമേറിയ പാഠം. സ്വന്തം ദൃഢനിശ്ചയത്തെ കരുത്താക്കി മാറ്റുകയും, കഠിനാധ്വാനത്തിലൂടെ സ്വയം പരിഹാരങ്ങൾ കണ്ടെത്തുകയും വേണം. വഴിയിലെ തടസ്സങ്ങൾക്ക് നമ്മുടെ മുന്നോട്ടുള്ള പ്രയാണത്തെ തടയാനാവില്ലെന്ന് ശ്രീരാമൻ നമ്മെ പഠിപ്പിച്ചു. അദ്ദേഹം ജനങ്ങളുടെ കൂട്ടായ ശക്തിയെ ഉണർത്തുകയും ജനപങ്കാളിത്തത്തെ





രാജ്യത്തുടനീളം രാംലീലകൾ അരങ്ങേറുന്നത് ഭഗവാൻ ശ്രീരാമന്റെ ആദർശങ്ങളെ സജീവമായി നിലനിർത്തുകയും സ്വേച്ഛാധിപത്യത്തിന്റെയും ഭീകരതയുടെയും അന്ത്യം വിളംബരം ചെയ്യുകയും അസത്യത്തിന്മേൽ സത്യത്തിന്റെ വിജയം വീണ്ടും ഉറപ്പിക്കുകയും ചെയ്യുന്ന പാരമ്പര്യമാണ്. ഇത് കേവലമൊരു ഉത്സവമല്ല, ഇന്ത്യയുടെ ജീവവായുവാണ്.

- നരേന്ദ്ര മോദി, പ്രധാനമന്ത്രി

വിജയത്തിന്റെ അടിസ്ഥാനമന്ത്രം

- സ്വന്തം കരുത്തിലുള്ള വിശ്വാസം.
- സ്വന്തം കഴിവുകളിലുള്ള ആത്മവിശ്വാസം.
- സ്വന്തം വിഭവങ്ങളുടെ ശരിയായ വിനിയോഗം.
- ലക്ഷ്യത്തിലേക്കുള്ള അചഞ്ചലമായ ദൃഢനിശ്ചയം.

തന്റെ കരുത്തിന്റെ ഉറവിടമാക്കി മാറ്റുകയും ലഭ്യമായ വിഭവങ്ങൾ സമാഹരിച്ചുകൊണ്ട് അസാധ്യമെന്ന് തോന്നിയ കാര്യങ്ങൾ സാധ്യമാക്കി മാറ്റുകയും ചെയ്തു. ഇന്ന് 'വികസിത ഭാരതം', 'ആത്മനിർഭർ ഭാരതം' എന്നീ ലക്ഷ്യങ്ങളാണ് നമുക്കു മുന്നിലുള്ളത്. ജനങ്ങളുടെ ശക്തി പ്രയോജനപ്പെടുത്തിക്കൊണ്ട് പൊതുക്ഷേമത്തിനായി പ്രവർത്തിക്കുകയും അവരുടെ എല്ലാ അഭിലാഷങ്ങളും സാക്ഷാത്കരിക്കുകയും വേണം. ഇതിനായി നാം പ്രചോദനം ഉൾക്കൊള്ളേണ്ടത് സാക്ഷാൽ ശ്രീരാമനിൽനിന്നാണ്.

ദരിദ്രരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും സേവിക്കുക എന്നത് പരമപ്രധാനം

വനവാസകാലത്ത് ഭഗവാൻ ശ്രീരാമൻ നിഷാദരാജനെ ആശ്ലേഷിക്കുകയും ശബരി മാതാവിനോട് അഗാധമായ ആദരവ് പ്രകടിപ്പിക്കുകയും ചെയ്തു. കാരുണ്യം, ദയ, സ്നേഹം, സൗഹാർദ്ദം എന്നിവയുടെ ഉദാത്ത മാതൃകകൾ അദ്ദേഹം ലോകത്തിന് മുന്നിൽ അവതരിപ്പിച്ചു. വനവാസത്തിന് ശേഷം മടങ്ങിയെത്തി അയോധ്യയുടെ രാജാവായി മാറിയ അദ്ദേഹം 'രാമരാജ്യം' സ്ഥാപിച്ചു. ഇന്നും സദ്ഭരണത്തിന്റെ സുവർണ്ണ മാതൃകയായി കണക്കാക്കപ്പെടുന്ന ഭരണസംവിധാനമാണിത്. വിവേചനങ്ങളില്ലാത്തതും എല്ലാവർക്കും നീതി ലഭ്യമാകുന്നതും തുല്യ അവസരങ്ങൾ ഉറപ്പാക്കുന്നതുമായ ഭരണസംവിധാനത്തെയാണ് 'രാമരാജ്യം' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ജനങ്ങളെ 'ജനതാ ജനാർദ്ദനനായി' കാണണമെന്നും 'നാഗരിക് ദേവോ ഭവ' എന്ന മനോഭാവം ഉൾക്കൊള്ളണമെന്നും പ്രധാനമന്ത്രി മോദി ഊന്നിപ്പറഞ്ഞു. ദരിദ്രരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും സേവിക്കുന്നതിനായിരിക്കണം നാം ഏറ്റവും ഉയർന്ന മുൻഗണന നൽകേണ്ടത്.

വിജയദശമി: വിജയത്തിന്റെ ആഘോഷം

വിജയദശമി വിജയത്തിന്റെ ഉത്സവമാണ്. എതിരാളി എത്ര ശക്തനായാലും ഒടുവിൽ സത്യവും മാനവികതയും വിജയിക്കുമെന്ന വിശ്വാസത്തോടെ മുന്നേറാനുള്ള ധൈര്യമാണ് ഈ ഉത്സവം പകരുന്നത്. വിജയദശമിയുടെ ഈ ചൈതന്യം എക്കാലവും ഇന്ത്യയുടെ അടിസ്ഥാന ദർശനത്തിന്റെ ഭാഗമാണ്.

ഒന്നായി അണിനിരക്കാം

രാജ്യത്തിന്റെ ശത്രുക്കൾക്കെതിരെ നാം ഒറ്റക്കെട്ടായി നിലകൊള്ളണം. രാജ്യത്തിന്റെ അഭിമാനത്തിന് ക്ഷതമേൽപ്പിക്കുന്ന ശക്തികളും സമൂഹത്തിൽ ഭിന്നത സൃഷ്ടിക്കാൻ ശ്രമിക്കുന്നവരും നമ്മുടെ സംസ്കാരത്തോട് വിദ്വേഷം പുലർത്തുന്നവരുമാണ് രാജ്യത്തിന്റെ യഥാർഥ ശത്രുക്കൾ. ഭാരതമാതാവിന്റെ ശത്രുക്കളെ തിരിച്ചറിഞ്ഞ് അവരെ പരാജയപ്പെടുത്താനുള്ള ദൃഢനിശ്ചയം ഒരിക്കൽക്കൂടി ഉറപ്പിക്കണമെന്ന് പ്രധാനമന്ത്രി മോദി ആഹ്വാനം ചെയ്തു. 'രാഷ്ട്രം ആദ്യം' എന്ന പ്രതിബദ്ധതയോടെ നാമെല്ലാവരും ഒറ്റക്കെട്ടായി അണിനിരക്കണം ●

പ്രധാനമന്ത്രി വികസിത് ഗ്രാം സ്വരാജ് യോജനയ്ക്കും കണ്ടെയ്നർ നിർമ്മാണ പ്രോത്സാഹന പദ്ധതിക്കും അംഗീകാരം

ഗ്രാമീണ മേഖലകളുടെ വികസനത്തിനും പഞ്ചായത്തുകളുടെ ശാക്തീകരണത്തിനും കേന്ദ്ര ഗവണ്മെന്റ് പ്രതിജ്ഞാബദ്ധമാണ്. ഈ ലക്ഷ്യത്തിലേക്കുള്ള സുപ്രധാന ചുവടുവെപ്പെന്ന നിലയിൽ, വികസിത ഭാരതം എന്ന ദേശീയ കാഴ്ചപ്പാടിന് അനുസൃതമായുള്ള അടുത്ത തലമുറ ഭരണപരിവർത്തന സംരംഭമായ 'പ്രധാനമന്ത്രി വികസിത് ഗ്രാം സ്വരാജ് യോജനയ്ക്ക്' (PM VGSY) ഗവണ്മെന്റ് അംഗീകാരം നൽകി. ഇതിനുപുറമെ, കണ്ടെയ്നർ നിർമ്മാണ പ്രോത്സാഹന പദ്ധതിക്കും 'ഖേലോ ഇന്ത്യ' കായിക ഉപകരണ നിർമ്മാണ പദ്ധതിക്കും കേന്ദ്ര ഗവണ്മെന്റ് ജീവനക്കാർക്കുള്ള ക്ഷാമബത്ത, പെൻഷൻകാർക്കുള്ള ക്ഷാമാശ്വാസം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾക്കും അംഗീകാരം നൽകിയിട്ടുണ്ട്. പതിനാറാം ധനകാര്യ കമ്മീഷന്റെ കാലയളവിനൊപ്പം അവസാനിക്കുന്ന വിധത്തിൽ 2026-27 മുതൽ 2030-31 വരെയാണ് പദ്ധതി നടപ്പാക്കുക.

തീരുമാനം: 2026-27 മുതൽ 2030-31 വരെയുള്ള കാലയളവിലേക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയായി 'പ്രധാനമന്ത്രി വികസിത് ഗ്രാം സ്വരാജ്' നടപ്പാക്കുന്നതിന് അംഗീകാരം നൽകി.

ഗുണഫലം : 'വികസിത ഭാരതം' എന്ന ദേശീയ ദർശനത്തിന് അനുസൃതമായി, ഗ്രാമീണ ഭരണസംവിധാനത്തിന് പുതിയ ദിശാബോധം നൽകുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ള സംരംഭമാണ് ഈ കേന്ദ്രാവിഷ്കൃത പദ്ധതി.

- ഈ പദ്ധതിയിലൂടെ 2.55 ലക്ഷത്തിലധികം പഞ്ചായത്തുകൾക്കും പരമ്പരാഗത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 32 ലക്ഷം ജനപ്രതിനിധികൾക്കും പഞ്ചായത്ത് ഉദ്യോഗസ്ഥർക്കും മറ്റ് പങ്കാളികൾക്കും നേരിട്ട് പ്രയോജനം ലഭിക്കും.
- ധനകാര്യ കമ്മീഷൻ ഗ്രാന്റുകളും മറ്റ് ഫണ്ടുകളും ഫലപ്രദമായി വിനിയോഗിക്കാനും സ്വന്തം സ്രോതസ്സുകളിലൂടെ വരുമാനം കണ്ടെത്താനും (ഓൺ സോഴ്സ് റെവന്യൂ - OSR) ഓൺലൈൻ അക്കൗണ്ടിംഗ്, ഓഡിറ്റിംഗ്, വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കൽ എന്നിവ ഉറപ്പാക്കാനും പഞ്ചായത്തുകളെ പ്രാപ്തരാക്കിക്കൊണ്ട് ഇത് അവയുടെ ശേഷി വർദ്ധിപ്പിക്കും.
- വിഭവങ്ങളുടെ സുതാര്യമായ വിനിയോഗം പ്രോത്സാഹിപ്പിക്കുന്നതിനും പ്രാദേശിക വികസനത്തിലെ വിടവുകൾ നികത്തുന്നതിനും ഉത്തരവാദിത്തബോധവും സ്വയംപര്യാപ്തതയുമുള്ള പഞ്ചായത്തുകൾ രൂപപ്പെടുത്തുന്നതിനും ഈ പദ്ധതി സഹായിക്കും.
- ബോധവൽക്കരണ പരിപാടികളിലൂടെ ഗവണ്മെന്റ് പദ്ധതികളെക്കുറിച്ചും ദേശീയ സംരംഭങ്ങളെക്കുറിച്ചും കൂടുതൽ മെച്ചപ്പെട്ട ധാരണ വളർത്തുന്നതിനായി കുറഞ്ഞത് ഒരു കോടി പൗരന്മാരിലേക്ക് എത്തിച്ചേരും.
- പദ്ധതിയുടെ ആകെ വിഹിതം 7,395.55 കോടി രൂപയാണ്.





ഗവൺമെന്റ് 'പ്രധാനമന്ത്രി വികസിത് ഗ്രാമ സ്വരാജ് യോജന'യ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പ്രാദേശിക വിഭവങ്ങൾ, ശേഷികൾ, വെല്ലുവിളികൾ എന്നിവയ്ക്ക് അനുയോജ്യമായ പദ്ധതികൾ രൂപീകരിക്കാൻ ഇത് സഹായകരമാകും. ഈ സംരംഭം പൊതുജനപങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുകയും സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് വേഗം കൂട്ടുകയും ചെയ്യും.'

-നരേന്ദ്ര മോദി, പ്രധാനമന്ത്രി

തീരുമാനം: കേന്ദ്ര ഗവൺമെന്റ് ജീവനക്കാരുടെ ക്ഷാമബത്ത (DA), പെൻഷൻകാർക്കുള്ള ക്ഷാമാശ്വാസം (DR) എന്നിവ വർദ്ധിപ്പിക്കുന്നതിന് അംഗീകാരം നൽകി.

ഗുണഫലം : ഇത് 2026 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വരും. ഏകദേശം 48.54 ലക്ഷം കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്കും 68.71 ലക്ഷം പെൻഷൻകാർക്കും ഇതിന്റെ പ്രയോജനം ലഭിക്കും.

- നിലവിലുള്ള നിരക്കിൽ 3 ശതമാനം വർദ്ധന വരുത്തിയിട്ടുണ്ട്. വർദ്ധിച്ചുവരുന്ന പണപ്പെരുപ്പത്തിന് പരിഹാരം കാണുന്നതിനാണ് ഈ വർധന.
- ക്ഷാമബത്തയിലും ക്ഷാമാശ്വാസത്തിലും വരുത്തിയ ഈ വർദ്ധന ഖജനാവിന് പ്രതിവർഷം 10,016.10 കോടി രൂപ അധിക ബാധ്യതയുണ്ടാക്കും.
- 7-ാം കേന്ദ്ര ശമ്പള കമ്മീഷന്റെ ശുപാർശകൾക്കനുസരിച്ച് അംഗീകരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിലാണ് ഈ വർദ്ധന.

തീരുമാനം: ആഗോളതലത്തിൽ മത്സരക്ഷമമായ കായിക ഉപകരണ നിർമ്മാണ പരിസ്ഥിതി വികസിപ്പിക്കുന്നതിനായി 'ഖേലോ ഇന്ത്യ കായിക ഉപകരണ ഉല്പാദന പദ്ധതി' കേന്ദ്ര മന്ത്രിസഭ അംഗീകരിച്ചു.

ഗുണഫലം : കായിക ഉപകരണ മേഖലയിലെ നിക്ഷേപം, നിർമ്മാണം, നൂതനാശയം , കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുകയും ആഗോള കായിക ഉപകരണ മേഖലയിലെ ഇന്ത്യയുടെ സ്ഥാനം കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യുകയാണ് പദ്ധതിയുടെ ലക്ഷ്യം..

- നിക്ഷേപം, സാങ്കേതികവിദ്യ സ്വീകരിക്കൽ, ഗവേഷണവും നവീകരണവും, നൈപുണ്യ വികസനം, ഗുണനിലവാര സർട്ടിഫിക്കേഷൻ, വിപണി വികസനം എന്നിവയ്ക്ക് ലക്ഷ്യബദ്ധമായ പിന്തുണ നൽകിക്കൊണ്ട് ഇന്ത്യയുടെ കായിക ഉപകരണ നിർമ്മാണ അടിത്തറ ശക്തിപ്പെടുത്തുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്.
- ആഗോളതലത്തിൽ മത്സരക്ഷമമായ കായിക ഉപകരണ വ്യവസായത്തിന്റെ വളർച്ചയ്ക്ക് ഈ പദ്ധതി സഹായിക്കുകയും ആഗോള വിതരണ ശൃംഖലകളിൽ ഇന്ത്യയുടെ സ്ഥാനം ശക്തിപ്പെടുത്തുകയും ചെയ്യും.
- 2026 മുതൽ 2033-34 വരെയുള്ള കാലയളവിൽ 1,856.67 കോടിരൂപയാണ് പദ്ധതിയുടെ ആകെ അടങ്കൽ. 2026-27-കേന്ദ്ര ബജറ്റിലാണ് ഈ പദ്ധതി പ്രഖ്യാപിച്ചത്.

മന്ത്രിസഭായോഗ തീരുമാനങ്ങളെ കുറിച്ചുള്ള വാർത്താസമ്മേളനം കാണാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

തീരുമാനം: 10,000 കോടി രൂപ ബജറ്റോടെ 'കണ്ടെയ്നർ നിർമ്മാണ പ്രോത്സാഹന പദ്ധതി' (CMPS) അംഗീകരിച്ചു. ഇത് 2039-40 സാമ്പത്തിക വർഷം വരെ തുടരും.

ഗുണഫലം : ഇന്ത്യയിൽ ലോകോത്തരവും മത്സരക്ഷമവുമായ കണ്ടെയ്നർ നിർമ്മാണ പരിസ്ഥിതി സൃഷ്ടിക്കുക, ഇറക്കുമതിയിലുള്ള ആശ്രിതത്വം കുറയ്ക്കുക, വിതരണ ശൃംഖല കൂടുതൽ ശക്തിപ്പെടുത്തുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം.

- പുതിയ നിർമ്മാണ യൂണിറ്റുകൾക്ക് പിന്തുണ നൽകുകയും നിലവിലുള്ള കണ്ടെയ്നർ നിർമ്മാണ സൗകര്യങ്ങളുടെ വികസനം സാദ്ധ്യമാക്കുകയും ചെയ്യുകയാണ് പദ്ധതിയുടെ ലക്ഷ്യം.
- പ്രതിവർഷം രാജ്യത്തെ കണ്ടെയ്നർ നിർമ്മാണ ശേഷി ഏകദേശം പത്തിരട്ടിയായി വർദ്ധിച്ച് 7.5 ലക്ഷം TEU വരെ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.
- അന്താരാഷ്ട്രതലത്തിൽ മത്സരക്ഷമമായ നിർമ്മാണ അടിത്തറ സ്ഥാപിക്കുന്നതിലൂടെ ഉയർന്ന ഗുണനിലവാരമുള്ള ഷിപ്പിംഗ് കണ്ടെയ്നറുകളുടെ ആഗോള കയറ്റുമതികേന്ദ്രമായി ഇന്ത്യയെ മാറ്റാനുള്ള സാദ്ധ്യത ഈ പദ്ധതിക്കുണ്ട്.
- ഇന്ത്യയുടെ സമുദ്ര, ലോജിസ്റ്റിക്സ് വിതരണ ശൃംഖലകളുടെ കാര്യക്ഷമമായ ഏകോപനവും മെച്ചപ്പെടുത്തലും ഇത് ശക്തിപ്പെടുത്തും.
- ഏകദേശം 3,000 നേരിട്ടുള്ള തൊഴിലവസരങ്ങളും 50,000-ത്തിലധികം പരോക്ഷ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും. കൂടാതെ കോർണർ കാസ്റ്റിംഗുകൾ, പ്രത്യേകതരം സ്റ്റീൽ, തടി ഫ്രെയിമുകൾ, പെയിന്റുകൾ തുടങ്ങിയവ നിർമ്മിക്കുന്ന അനുബന്ധ വ്യവസായങ്ങൾക്കും പിന്തുണ ലഭിക്കും.
- കേന്ദ്ര ബജറ്റ് 2026-27-ലാണ് കണ്ടെയ്നർ നിർമ്മാണ പ്രോത്സാഹന പദ്ധതി പ്രഖ്യാപിച്ചത്.●





പിഎം ആവാസ്–ഗ്രാമീണിന്റെ 10 വർഷങ്ങൾ

സ്ഥിരത... അവസരം... ഭാവിയിലേക്കുള്ള പ്രതീക്ഷ വളർത്തുന്നു

ഒരു വീട് നിർമ്മിക്കുന്നത് ഏതൊരു കുടുംബത്തിനും സുരക്ഷയും സന്തോഷവും അന്തസ്സും നൽകുന്നു. അതുകൊണ്ടാണ് പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് കീഴിൽ കേന്ദ്ര ഗവണ്മെന്റ് സാമ്പത്തിക സഹായം മാത്രമല്ല, വൈദ്യുതി, വെള്ളം, ശുചിമുറി, ഗ്യാസ് കണക്ഷൻ എന്നിവ ലഭ്യമാക്കുന്നതിനുള്ള സൗകര്യവും നൽകുന്നത്. കഴിഞ്ഞ ഒരു ദശകത്തിനിടെ രാജ്യത്തെ ഗ്രാമീണ ഭവനനിർമ്മാണത്തിന്റെ യാത്ര പരിവർത്തനത്തിന്റെയും അന്തസ്സിന്റെയും കഥയാണ് പറയുന്നത്. പ്രധാനമന്ത്രി ആവാസ് യോജന–ഗ്രാമീൺ (PMAY-G) 2029ഓടെ 49.5 ദശലക്ഷം (4.95 കോടി) വീടുകൾ നൽകുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തിക്കുന്നത്.

ഒരു വീട് ഇഷ്ടികയും സിമന്റും കൊണ്ട് നിർമ്മിച്ച ഒരു ഘടന മാത്രമല്ല; അത് നമ്മുടെ വികാരങ്ങളോടും അഭിലാഷങ്ങളോടും ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. ഒരു വീടിന്റെ ചുവരുകൾ സുരക്ഷ നൽകുന്നതിനൊപ്പം, മികച്ചൊരു നാളെയെക്കുറിച്ചുള്ള ആത്മവിശ്വാസവും പ്രതീക്ഷയും വളർത്തുന്നു. ഈ വികാരവും വിശ്വാസവും മുൻനിർത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ (PMAY-G) 2016 നവംബർ 20-ന് ഉത്തർപ്രദേശിലെ ആഗ്രയിൽ നിന്ന് ആരംഭിച്ചു. കഴിഞ്ഞ ഒരു ദശകത്തിനിടെ PMAY-G-യ്ക്ക് കീഴിൽ 39.1 ദശലക്ഷം (3.91 കോടി) വീടുകൾക്ക് അനുമതി ലഭിച്ചു. ഇതിൽ 2024 ഓഗസ്റ്റ് 3 വരെ 31.2 ദശലക്ഷം (3.12 കോടി) വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. നിലവിൽ 7.9 ദശലക്ഷം (79 ലക്ഷം) വീടുകൾ നിർമ്മാണത്തിലാണ്. ഈ വീടുകൾ സുരക്ഷിതവും ഉയർന്ന നിലവാരമുള്ളതുമാണെന്ന് ഉറപ്പാക്കുന്നതിനായി, ഗ്രാമീണ മേഖലകളിൽ ഏകദേശം 400,000 കെട്ടിടനിർമാണ തൊഴിലാളികൾക്ക് കേന്ദ്ര ഗവൺമെന്റ് പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ, പദ്ധതിക്ക് കീഴിൽ നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങളുടെ കുറഞ്ഞത് 60 ശതമാനം പട്ടികജാതി (SC), പട്ടികവർഗം (ST) വിഭാഗങ്ങളിൽപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

സ്ത്രീ ശാക്തീകരണം:

PMAY-U 2.0 പ്രകാരം കേന്ദ്ര സഹായത്തോടെ നിർമ്മിക്കുന്നതോ വാങ്ങുന്നതോ ആയ വീടുകൾ കുടുംബത്തിലെ പ്രായപൂർത്തിയായ വനിതാ ഗൃഹനാഥയുടെ പേരിലായിരിക്കണം. അല്ലെങ്കിൽ കുടുംബത്തിലെ പുരുഷ ഗൃഹനാഥന്റെയും ഭാര്യയുടെയും സംയുക്ത പേരിലായിരിക്കണം. കുടുംബത്തിൽ പ്രായപൂർത്തിയായ വനിതാ അംഗം ഇല്ലാത്ത സാഹചര്യത്തിൽ മാത്രമേ വീട് ഒരു പുരുഷ അംഗത്തിന്റെ പേരിൽ അനുവദിക്കുകയുള്ളൂ. 2026 ജൂലൈ വരെ PMAY-U 2.0-യ്ക്ക് കീഴിൽ 16.20 ലക്ഷം വീടുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 12.62 ലക്ഷം വീടുകൾ സ്ത്രീകളുടെ പേരിലാണ് അനുവദിച്ചിരിക്കുന്നത്. കൂടാതെ, പ്രധാനമന്ത്രി ആവാസ് യോജന-അർബൻ (PMAY-U) പ്രകാരം അനുവദിച്ചിട്ടുള്ള 1.27 കോടിയിലധികം വീടുകളിൽ 1 കോടി വീടുകൾ സ്ത്രീകളുടെ പേരിലാണ് അനുവദിച്ചിരിക്കുന്നത്.

AI ഉപയോഗിച്ച് ഗ്രാമീണ ഭവനനിർമ്മാണത്തിന്റെ നിരീക്ഷണം

പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ (PMAY-G) യ്ക്ക് കീഴിൽ നിർമ്മിക്കുന്ന ഓരോ വീടും യഥാർത്ഥത്തിൽ നിർമ്മിക്കപ്പെടുന്നുണ്ടെന്നും അതിന്റെ ഓരോ ഗുണഭോക്താവിന്റെ അർഹതയും പരിശോധിച്ച് ഉറപ്പാക്കിയിട്ടുണ്ടെന്നും കേന്ദ്ര ഗവൺമെന്റ് ഉറപ്പാക്കുന്നു. ഇതിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), മെഷീൻ ലേണിംഗ് (ML) എന്നീ സങ്കേതങ്ങളുടെ സഹായത്തോടെ പുതിയ സംവിധാനങ്ങൾ നിരീക്ഷണ പ്രക്രിയയിൽ സംയോജിപ്പിച്ചിരിക്കുന്നു.

- **തിരിച്ചറിയൽ സംവിധാനം:** അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോകൾ AI മോഡലുകൾ വിശകലനം ചെയ്ത് ചുവരുകൾ, മേൽക്കൂര, വാതിലുകൾ, ജനലുകൾ തുടങ്ങിയ ഘടനാപരമായ സവിശേഷതകൾ തിരിച്ചറിയുന്നു. ഇതുവഴി യഥാർത്ഥവും പൂർണമായും നിർമ്മിച്ചിട്ടുള്ളതുമായ വീടുകൾ മാത്രമാണ് പൂർത്തിയായതായി സ്ഥിരീകരിക്കുന്നതെന്ന് ഉറപ്പാക്കുന്നു.
- **തട്ടിപ്പ് തടയൽ:** ഒരേ പ്രദേശത്തുള്ള വീടുകളുടെ ഫോട്ടോകൾ മെഷീൻ ലേണിംഗ് അൽഗോരിതങ്ങൾ താരതമ്യം ചെയ്യുന്നു. സമാനതകൾ കണ്ടെത്തിയാൽ, വീടുകളുടെ ആവർത്തിച്ചുള്ള രേഖപ്പെടുത്തലോ വ്യാജ റിപ്പോർട്ടിംഗോ തടയുന്നതിനായി സംവിധാനം മുന്നറിയിപ്പ് നൽകുന്നു.
- **മുഖം തിരിച്ചറിയൽ, e-KYC:** ആധാർ അടിസ്ഥാനമാക്കിയുള്ള AI- അധിഷ്ഠിത മുഖം തിരിച്ചറിയൽ സംവിധാനത്തിലൂടെ ഗുണഭോക്താക്കളെ പരിശോധിച്ച് ഉറപ്പാക്കുന്നു. 'Awas+ 2024' മൊബൈൽ ആപ്പ്, 3D ഹൗസ് ഡിസൈനുകൾ പോലുള്ള നൂതന സവിശേഷതകൾക്കൊപ്പം ആധാർ അടിസ്ഥാനമാക്കിയുള്ള മുഖം തിരിച്ചറിയൽ സംയോജിപ്പിച്ച് ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിൽ കൂടുതൽ സുതാര്യത ഉറപ്പാക്കുന്നു.



"പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് കീഴിൽ, കോടിക്കണക്കിന് ഗുണഭോക്താക്കൾക്ക് ഇതിനകം സ്വന്തമായി സ്ഥിരമായ വീടുകൾ ലഭിച്ചിട്ടുണ്ട്. ആവശ്യമുള്ള ഓരോ കുടുംബത്തിനും ഒരു വീട് നൽകുക എന്ന ലക്ഷ്യത്തിലേക്ക് പൂർണ പ്രതിജ്ഞാബദ്ധതയോടെ ഗവൺമെന്റ് അതിവേഗം മുന്നോട്ട് പോകുകയാണ്."

നരേന്ദ്ര മോദി, പ്രധാനമന്ത്രി

'വികസിത് ഭാരത്' എന്ന ലക്ഷ്യത്തിലേക്ക് രാജ്യം മുന്നേറുകയാണ്. ശാക്തീകരിക്കപ്പെട്ട ഗ്രാമീണ ജനത ഈ ലക്ഷ്യം കൈവരിക്കുന്നതിൽ നിർണായക പങ്ക് വഹിക്കും. വരും വർഷങ്ങൾ, സമഗ്രമായ ഗ്രാമീണ ഭവനനിർമ്മാണം കൈവരിക്കുന്നതിലേക്കുള്ള നിർണായക ഘട്ടമായിരിക്കും.ഒന്നും രണ്ടും ഘട്ടങ്ങളിലായി 3.12 കോടി വീടുകളുടെ നിർമ്മാണം ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. ഭവനനിർമ്മാണത്തെ അന്തസ്, ശാക്തീകരണം,അവശ്യ സൗകര്യങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കുന്നതിലൂടെ ഈ സംരംഭം ദശലക്ഷക്കണക്കിന് പേരുടെ ജീവിതത്തിൽ പരിവർത്തനം സൃഷ്ടിച്ചിട്ടുണ്ട്. അർഹരായ ഓരോ കുടുംബത്തിനും സ്ഥിരമായൊരു വീട് ലഭിക്കുമെന്ന് ഈ പുരോഗതി ഉറപ്പാക്കുന്നു. 2029 വരെയുള്ള വ്യക്തമായ മാർഗരേഖയോടെ, ഗ്രാമീണ ഇന്ത്യയിൽ 'എല്ലാവർക്കും ഭവനം' എന്ന കാഴ്ചപ്പാട് യാഥാർഥ്യമാക്കാൻ ഈ പദ്ധതി സഹായിക്കും.

പ്രധാനമന്ത്രി ആവാസ് യോജന - അർബൻ (PMAY-U):

രാജ്യത്തെ നഗരപ്രദേശങ്ങളിൽ സാമ്പത്തികമായി പിന്നാക്ക വിഭാഗം (EWS), താഴ്ന്ന വരുമാന വിഭാഗം (LIG) തുടങ്ങിയ വിഭാഗങ്ങൾക്കായി 1.12 കോടി വീടുകളുടെ ആവശ്യകത കണ്ടെത്തിയിരുന്നു.2015 ജൂൺ 25-ന് ആരംഭിച്ച പ്രധാനമന്ത്രി ആവാസ് യോജന-അർബൻ 1.0, PMAY-U 2.0 എന്നിവയ്ക്ക് കീഴിൽ ആകെ 127.68 ലക്ഷം വീടുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ PMAY-U 1.0-യ്ക്ക് കീഴിൽ 111.48 ലക്ഷം വീടുകളും, PMAY-U 2.0-യ്ക്ക് കീഴിൽ 16.20 ലക്ഷം വീടുകളും ഉൾപ്പെടുന്നു. ഇവയിൽ 121.03 ലക്ഷം വീടുകളുടെ നിർമ്മാണം ഇതിനകം ആരംഭിച്ചിട്ടുണ്ട്. 2026 ജൂലൈ 13 വരെ രാജ്യത്തുടനീളം 99.07 ലക്ഷം (9.907 ദശലക്ഷം) ഭവന യൂണിറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കി, അവ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ●



ആർബിഐയുടെ ഡാറ്റാ സെന്ററിന്റെയും സൈബർ സുരക്ഷാ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ഉദ്ഘാടനം

സദ്ഭരണത്തിലൂടെ സമതുലിതമായ വികസനം

വിദൂര പ്രദേശങ്ങളിൽ മികച്ച അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇന്ത്യ വേഗത്തിലാക്കുകയാണ്. പാവപ്പെട്ട കുടുംബങ്ങൾക്ക് അന്തസ്സോടെ ജീവിക്കാനുള്ള സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും, സുരക്ഷിതമായ സാമ്പത്തിക ഉൾപ്പെടുത്തൽ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം ഡിജിറ്റൽ കണക്റ്റിവിറ്റി ശക്തിപ്പെടുത്തുന്നതിനും രാജ്യം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. രാജ്യത്തിന്റെ വികസന യാത്രയിൽ ആരും പിന്നിലാകില്ലെന്ന ആത്മവിശ്വാസം പൗരന്മാരിൽ വളർത്തുന്നതിനായി സേവനങ്ങളും വിഭവങ്ങളും വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഈ ശ്രമങ്ങൾക്കൊപ്പം ഇന്ത്യ സാമ്പത്തിക സംവിധാനത്തിന്റെ സുരക്ഷയും ശക്തിപ്പെടുത്തുകയാണ്. ഈ സംരംഭത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഒക്ടോബർ 25-ന് ഒഡിഷയിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ പുതുതായി നിർമ്മിച്ച ഡാറ്റാ സെന്ററും സൈബർ സുരക്ഷാ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടും ഉദ്ഘാടനം ചെയ്തു.

നിലവിലെ ഗവൺമെന്റിന്റെ പ്രധാന ലക്ഷ്യം പൗരന്മാരുടെ ജീവിതം ലളിതമാക്കുകയും അവരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനായി പുതിയ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ്. പരിപാടിയിൽ സംസാരിക്കവെ പ്രധാനമന്ത്രി നരേന്ദ്ര മോദി, ഇന്ത്യയിലെ ഭരണസമീപനം അതിവേഗം പരിവർത്തനത്തിലൂടെയാണ് കടന്നുപോകുന്നതെന്ന് ചൂണ്ടിക്കാട്ടി. RBIയുടെ ഈ പുതിയ സൗകര്യങ്ങൾ രാജ്യത്തിന്റെ പുതിയ മുൻഗണനകളെയാണ് പ്രതിഫലിപ്പിക്കുന്നത്. ഇന്ന്, വികസനത്തിന് മുൻഗണന നൽകുക, അതിന്റെ വ്യാപ്തി വർദ്ധിപ്പിക്കുക, വളർച്ചയുടെ നേട്ടങ്ങൾ സമൂഹത്തിലെ ഏറ്റവും അവസാനത്തെ വ്യക്തിയിലേക്കും എത്തുന്നുവെന്ന് ഉറപ്പാക്കുക എന്നിവയിലാണ് ഗവൺമെന്റിന്റെ ശ്രദ്ധ. പതിറ്റാണ്ടുകളായി വികസനത്തിന്റെ നേട്ടങ്ങൾ എല്ലാ പ്രദേശങ്ങളിലേക്കും ഓരോ പൗരനിലേക്കും തുല്യമായി എത്തിക്കുക എന്നത് വലിയൊരു വെല്ലുവിളിയായി തുടർന്നു. ഈ സ്ഥിതിക്ക് മാറ്റം വരുത്താൻ ഞങ്ങൾ പരിശ്രമിച്ചിട്ടുണ്ട്. ജനകീയവും മുൻകൈയെടുത്തുള്ളതും സദ്ഭരണത്തിന് പ്രതിജ്ഞാബദ്ധവുമായ സമീപനത്തിലാണ് ഞങ്ങളുടെ മാതൃക അധിഷ്ഠിതമായിരിക്കുന്നത്. ഞങ്ങളുടെ കാഴ്ചപ്പാടിൽ വികസനം എന്നത് ഇന്ത്യയുടെ സമതുലിതമായ പുരോഗതിയെയാണ് സൂചിപ്പിക്കുന്നത്-നമ്മുടെ ഗ്രാമങ്ങളിലേക്കും ചെറുപട്ടണങ്ങളിലേക്കും ഒരുപോലെ അവസരങ്ങൾ എത്തുന്നുവെന്ന് ഉറപ്പാക്കുക എന്നതാണ് അതിന്റെ അർത്ഥം. വിദൂര പ്രദേശങ്ങളിലേക്ക് മികച്ച കണക്റ്റിവിറ്റി എത്തിക്കുക, പാവപ്പെട്ട കുടുംബങ്ങൾക്ക് അന്തസ്സോടെ ജീവിക്കാൻ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുക, രാജ്യത്തിന്റെ വികസന യാത്രയിൽ തങ്ങൾ പിന്നിലാകില്ലെന്ന് ഓരോ പൗരനും നിരന്തരം ഉറപ്പുനൽകുക എന്നിവയാണ് നമ്മുടെ ലക്ഷ്യം.

ബാങ്കിംഗ് കൂടുതൽ വിശ്വസനീയവും സുരക്ഷിതവുമാകും

കഴിഞ്ഞ ഒരു ദശകത്തിനിടെ, മുമ്പ് ഔപചാരിക ബാങ്കിംഗ് സംവിധാനത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടിരുന്നവരെ അതിന്റെ ഭാഗമാക്കുന്നതിലാണ് ഇന്ത്യ ശ്രദ്ധ കേന്ദ്രീകരിച്ചത്.

പൂർവ ഇന്ത്യ: വികസിത ഭാരതത്തിന്റെ വളർച്ചയ്ക്ക് ശക്തമായ ചാലകശക്തി

ഭുവനേശ്വറിൽ നടന്ന ഒരു പരിപാടിയിൽ സംസാരിക്കവെ, 'വികസിത ഭാരതം' സൃഷ്ടിക്കുന്നതിൽ കിഴക്കൻ ഇന്ത്യ വളർച്ചയുടെ ശക്തമായ ചാലകശക്തിയായി മാറുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആവർത്തിച്ചു വ്യക്തമാക്കി. നിലവിലെ ഗവൺമെന്റിന്റെ നേതൃത്വത്തിൽ ഒഡീഷയിലെ വികസന പ്രവർത്തനങ്ങൾക്ക് പുതിയ വേഗത കൈവന്നിട്ടുണ്ട്. പരമ്പരാഗത ധാതു അധിഷ്ഠിത വ്യവസായങ്ങൾക്കൊപ്പം സെമികണ്ടക്ടറുകൾ, ഇലക്ട്രോണിക്സ്, ഡാറ്റാ സെന്ററുകൾ, നൂതന കമ്പ്യൂട്ടിംഗ് തുടങ്ങിയ മേഖലകളിൽ പുതിയ വ്യവസായ ആവാസവ്യവസ്ഥകൾക്കും സംസ്ഥാനം രൂപം നൽകിവരികയാണ്. ഖനികളിൽ നിന്ന് മൈക്രോചിപ്പുകളിലേക്കു വരെ വ്യാപിച്ചുകിടക്കുന്ന ഈ വികസന യാത്രയിലൂടെ ഒഡീഷ ഭാവിയിൽ വലിയ അവസരങ്ങൾ സൃഷ്ടിക്കുകയാണ്. ഈ പുതിയ വളർച്ചാ മേഖലകൾ വൈവിധ്യമാർന്ന നിരവധി അവസരങ്ങളിലേക്ക് വാതിൽ തുറക്കുമെന്ന് പ്രധാനമന്ത്രി ആത്മവിശ്വാസം പ്രകടിപ്പിച്ചു.

പ്രധാനമന്ത്രി മോദിയുടെ പരിപാടിയുടെ പൂർണ്ണരൂപം കാണാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യുക...

ഒഡീഷയിൽ സ്ഥാപിച്ചതുപോലുള്ള പുതിയ ഡാറ്റാ സെന്ററുകളുടെയും ശക്തമായ കമ്പ്യൂട്ടിംഗ് സംവിധാനങ്ങളുടെയും പിന്തുണയോടെ, ബാങ്കിംഗ് സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും വിശ്വസനീയവുമാക്കുന്നതിനായി വരാനിരിക്കുന്ന ദശകം സമർപ്പിക്കപ്പെടുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ആധുനിക യുദ്ധങ്ങൾ പരമ്പരാഗത ആയുധങ്ങൾ ഉപയോഗിച്ചുമാത്രമല്ല നടക്കുന്നതെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. ഒരു രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയെ ലക്ഷ്യമിട്ടും ആ രാജ്യത്തെ ദുർബലപ്പെടുത്താൻ കഴിയും. ഇന്ത്യ സാമ്പത്തികമായി കൂടുതൽ ശക്തിയാർജിക്കുന്ന സാഹചര്യത്തിൽ, സൈബർ കുറ്റവാളികളിൽ നിന്നും സൈബർ ഭീകരരിൽ നിന്നും നമ്മുടെ ബാങ്കിംഗ് സംവിധാനത്തെ സംരക്ഷിക്കേണ്ടത് അനിവാര്യമാണ്. സൈബർ ഭീഷണികളുടെ സ്വഭാവം മാറിക്കൊണ്ടിരിക്കുകയാണ്. കാലഹരണപ്പെട്ട സംവിധാനങ്ങൾ, പരിശീലന രീതികൾ, സംവിധാനങ്ങൾ എന്നിവ ഉപയോഗിച്ച് ഈ പുതിയ വെല്ലുവിളികളെ നേരിടാനാവില്ല. ഇതിനായി ആധുനിക അടിസ്ഥാന സൗകര്യങ്ങളും വൈദഗ്ധ്യമുള്ള തൊഴിൽശക്തിയും ആവശ്യമാണ്. ഈ മേഖലകളിൽ സമർപ്പിത സൈബർ സുരക്ഷാ സ്ഥാപനം നിർണായക പങ്ക് വഹിക്കുന്നു.

ഗവൺമെന്റ് സഹായ വിതരണത്തിൽ നിന്നും കവർച്ച ഇല്ലാതാക്കൽ

2014 വരെ ജനസംഖ്യയുടെ പകുതിയിലധികം പേരും ബാങ്കിംഗ് സംവിധാനത്തിന് പുറത്തായിരുന്നുവെന്ന് പ്രധാനമന്ത്രി മോദി ചൂണ്ടിക്കാട്ടി. മധ്യവർഗക്കാർക്ക് ബാങ്ക് വായ്പ ലഭിക്കുക എന്നത് വിദൂരമായ സ്വപ്നമായിരുന്നു. ചെറുകിട കർഷകർക്ക്, ഭൂരഹിതർക്ക്, സ്ത്രീകൾക്ക് എന്നിവർക്കാകട്ടെ അത് ഏതാണ്ട് സങ്കൽപ്പിക്കാൻ പോലും കഴിയാത്ത കാര്യമായിരുന്നു. ആധുനിക സാമ്പത്തിക ഉൾപ്പെടുത്തൽ സംവിധാനത്തിന്റെ വരവ് രാജ്യത്തുടനീളം ഈ സ്ഥിതിക്ക് മാറ്റം വരുത്തിയിട്ടുണ്ട്. ഇന്ന് ഇന്ത്യയിലെ ഡിജിറ്റൽ ബാങ്കിംഗ് സംവിധാനത്തിലൂടെ എല്ലാവർക്കും 24 മണിക്കൂറും സാമ്പത്തിക സേവനങ്ങൾ ലഭ്യമാണ്. ഓരോ കുടുംബത്തിനും ഇതിന്റെ പ്രയോജനം ഉറപ്പാക്കപ്പെടുന്നു. ഗവൺമെന്റ് സഹായങ്ങൾ ഗുണഭോക്താക്കളിൽ എത്താതെ നഷ്ടപ്പെടുന്നത് പൂർണമായും ഇല്ലാതാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് അയക്കുന്ന ഓരോ രൂപയും യാതൊരു കുറവുമില്ലാതെ നേരിട്ട് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ എത്തുന്നു. രാജ്യത്തുടനീളം ആരംഭിച്ച ഏകദേശം 60 കോടി(600 ദശലക്ഷം) 'ജൻധൻ' അക്കൗണ്ടുകളാണ് ഇത് സാധ്യമാക്കുന്നതിൽ പ്രധാന പങ്കുവഹിച്ചത്. ●




'ബാങ്കിൽ ഈടായി നൽകാൻ യാതൊന്നുമില്ലാത്തവർക്കുപോലും സ്വന്തം സംരംഭങ്ങൾ ആരംഭിക്കുന്നതിനായി താങ്ങാനാവുന്നതും എളുപ്പത്തിൽ ലഭ്യമാകുന്നതുമായ വായ്പകൾ നേടാൻ ഇന്ന് കഴിയുന്നുണ്ട്. ചെറുകിട സംരംഭകർ മുതൽ പരമ്പരാഗത കരകൗശല തൊഴിലാളികൾ വരെയും വഴിയോര കച്ചവടക്കാർ മുതൽ അസംഘടിത മേഖലയിലെ തൊഴിലാളികൾ വരെയും ആദ്യമായി ഔപചാരിക ബാങ്കിംഗ് സംവിധാനത്തിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിരിക്കുകയാണ്.'

നരേന്ദ്ര മോദി, പ്രധാനമന്ത്രി

ഇന്ത്യയുടെ കരുത്ത് താങ്ങാകും ലോകത്തിന്റെ കരുത്തിന്

'വികസിത ഇന്ത്യ' എന്ന നിശ്ചയദാർഢ്യം 140 കോടി പൗരന്മാരുടെ അഭിലാഷങ്ങൾ പൂർത്തീകരിക്കുന്നതിൽ മാത്രമൊതുങ്ങുന്നില്ല; സമാധാനപൂർണവും സമൃദ്ധവുമായ ലോകത്തിനായുള്ള വാഗ്ദാനം കൂടിയാണത്. ഇന്ത്യ ഇന്ന് ലോകത്തിന്റെ കേവലം 'ബാക്ക് ഓഫീസ്' മാത്രമല്ല; നൂതനാശയങ്ങളുടെയും പരിഹാരങ്ങളുടെയും കേന്ദ്രമായ 'ബ്രെയിൻ ഓഫീസ്' ആയി പരിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു. അതുവഴി മാനവരാശിയെ ഒന്നാകെ രാജ്യം ശാക്തീകരിക്കുന്നു. മാറുന്ന ആഗോള ക്രമത്തിന്റെ പശ്ചാത്തലത്തിൽ കരുത്തുറ്റ അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ അനിവാര്യതയും 'ഗ്ലോബൽ സൗത്തി'ന്റെ ശക്തമായ ശബ്ദവും എൻഡിടിവി ലോക ഉച്ചകോടിയെ അഭിസംബോധന ചെയ്യവെ പ്രധാനമന്ത്രി നരേന്ദ്ര മോദി എടുത്തുപറഞ്ഞു.

> വികസിത ഇന്ത്യ നമുക്ക് വേണ്ടി മാത്രമുള്ളതല്ല; മറിച്ച് മികച്ച ലോകത്തിനുള്ള വാഗ്ദാനം കൂടിയാണത്.
>
> *നരേന്ദ്ര മോദി, പ്രധാനമന്ത്രി*



ആഗോളതലത്തിലുണ്ടാകുന്ന മാറ്റങ്ങൾ സാധാരണക്കാരുടെ ദൈനംദിന ജീവിതത്തെ നേരിട്ട് ബാധിക്കുന്നുണ്ടെന്ന് ഒക്ടോബർ 22-ന് എൻഡിടിവി ലോക ഉച്ചകോടിയിൽ സംസാരിക്കവെ പ്രധാനമന്ത്രി വ്യക്തമാക്കി. ഈ മാറ്റങ്ങളുടെ പ്രായോഗിക പ്രത്യാഘാതങ്ങൾ അന്താരാഷ്ട്ര വേദികളുടെ വർദ്ധിച്ചുവരുന്ന ആവശ്യകത വ്യക്തമാക്കുന്നു. 'ദി വേൾഡ് ബിറ്റ് വീൻ ഓർഡേഴ്സ്' (അരാജകത്വത്തിനും പുതിയ ക്രമത്തിനും ഇടയിൽപ്പെട്ട ലോകം) എന്ന പ്രമേയത്തെ മുൻനിർത്തി സംസാരിച്ച പ്രധാനമന്ത്രി മോദി, നിലവിലെ ആഗോള ക്രമം എന്തുകൊണ്ടാണ് മാറ്റത്തിന് വിധേയമാകുന്നതെന്നും സമകാലിക പ്രതിസന്ധികൾക്ക് പരിഹാരം കാണാൻ എന്തുകൊണ്ടാണ് പരമ്പരാഗത സംവിധാനങ്ങൾക്ക് സാധിക്കാത്തതെന്നും ആഗോള സമൂഹം ഗൗരവമായി ചിന്തിക്കണമെന്ന് ആവശ്യപ്പെട്ടു.

ഒരുകാലത്ത് രാജ്യങ്ങളെ തമ്മിൽ ബന്ധിപ്പിച്ച വാണിജ്യവും സാങ്കേതികവിദ്യയും സമുദ്രപാതകളും ഇന്ന് ആയുധവൽക്കരിക്കപ്പെടുകയാണ്. ഈ സാഹചര്യത്തിൽ സ്ഥാപനങ്ങളുടെ തീരുമാനമെടുക്കൽ പ്രക്രിയകളെ സമകാലിക യാഥാർത്ഥ്യങ്ങളുമായി ഫലപ്രദമായി ബന്ധിപ്പിക്കാൻ കഴിയുന്ന സമഗ്ര ആഗോള ക്രമം കെട്ടിപ്പടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കൃത്യമായി ഈയൊരു സന്ദർഭത്തിലാണ് ഇന്ത്യയുടെ പങ്കിനെക്കുറിച്ചുള്ള ചോദ്യം ഉയർന്നുവരുന്നതെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. നൂറ്റാണ്ട് മാറിയിട്ടും നാം മാറുന്നില്ലെങ്കിൽ, മാറ്റങ്ങൾക്ക് നേതൃത്വം നൽകാനുള്ള നമ്മുടെ ശേഷി ക്രമേണ ഇല്ലാതാകുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

ചരിത്രപരമായ നിരവധി സുപ്രധാന നേട്ടങ്ങൾ എടുത്തുപറഞ്ഞ് പ്രധാനമന്ത്രി...

300 ജിഗാവാട്ട്

ഫോസിലിതര ഇന്ധന സ്രോതസ്സുകളിൽ നിന്നുള്ള സ്ഥാപിത വൈദ്യുതി ഉല്പാദന ശേഷിയിൽ ഇന്ത്യ ആദ്യമായി ഈ നാഴികക്കല്ല് പിന്നിട്ടു.



- സെപ്റ്റംബറിൽ ചരക്ക് കയറ്റുമതിയിൽ 25% വർദ്ധന രേഖപ്പെടുത്തി.
- സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി കഴിഞ്ഞ 12 വർഷത്തിനിടെ ഇരട്ടിയിലധികമായി ഉയർന്നു.
- 3.5 കോടിയിലധികം സ്ത്രീകൾ 'ലാഖ്പതി ദീദി'മാരായി മാറി; 6 കോടിയാണ് ലക്ഷ്യം.
- 'പി.എം വികസിത് ഭാരത് റോസ്ഗാർ യോജന'യ്ക്ക് കീഴിൽ 70 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു.
- പ്രതിവർഷം 12 ലക്ഷം രൂപ വരെയുള്ള വരുമാനത്തിന് നികുതിയിളവ് ലഭിക്കുന്നതിലൂടെ ഇടത്തരക്കാർ നേട്ടമുണ്ടാക്കുന്നു.
- ഗവേഷണ പ്രസിദ്ധീകരണങ്ങളുടെ കാര്യത്തിൽ ഇന്ത്യ ആഗോളതലത്തിൽ മൂന്നാം സ്ഥാനത്താണ്.
- 2025-ൽ 1.5 ലക്ഷം പേറ്റന്റ് അപേക്ഷകൾ സമർപ്പിച്ചു.
- ചിപ്പ് ഡിസൈൻ മേഖലയിൽ ആഗോള തൊഴിൽ ശക്തിയുടെ 20% ഇന്ത്യയിലാണ്.
- 2 മുതൽ 3 നാനോമീറ്റർ വരെ ചിപ്പുകൾ രൂപകല്പന ചെയ്യുന്നതിൽ ഇന്ത്യൻ എൻജിനീയർമാർ സജീവമായി ഏർപ്പെട്ടിരിക്കുന്നു.
- രാജ്യത്തെ വിദ്യാർത്ഥികൾ ഇതുവരെ 325-ലധികം ചിപ്പ് ഡിസൈനുകൾ വികസിപ്പിച്ചെടുത്തു.
- ലോകത്തെ പകുതിയിലേറെ ഗ്ലോബൽ കാപ്പബിലിറ്റി സെന്ററുകളും പ്രവർത്തിക്കുന്നത് ഇന്ത്യയിലാണ്.

ഭാവി പ്രതിസന്ധികളെ നേരിടുന്നതിനായി ആവിഷ്കരിച്ച ഗവണ്മെന്റ് നയങ്ങളുടെയും ദീർഘകാല നിക്ഷേപങ്ങളുടെയും ദീർഘവീക്ഷണം, അസംസ്കൃത വസ്തുക്കൾക്കായി നേരത്തെ ഇറക്കുമതിയെ അമിതമായി ആശ്രയിച്ചിരുന്ന ഔഷധ നിർമ്മാണ മേഖലയെ എങ്ങനെയാണ് സ്വയംപര്യാപ്തതയിലേക്ക് നയിച്ചതെന്ന് ഒരു ഉദാഹരണത്തിലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കി. ഉല്പാദന ബന്ധിത ആനുകൂല്യ (പിഎൽഐ) പദ്ധതി ഈ മാറ്റത്തിൽ നിർണായക പങ്കുവഹിച്ചിട്ടുണ്ട്. നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കാനും പുതുവഴികൾ തുറക്കാനും വെല്ലുവിളികളെ അവസരങ്ങളാക്കി മാറ്റാനും ഇന്ത്യയുടെ വിജയത്തെ ആഗോള സമൃദ്ധിയുമായി ബന്ധിപ്പിക്കാനും പ്രധാനമന്ത്രി മോദി ഉറച്ച പ്രതിബദ്ധത പ്രകടിപ്പിച്ചു. 'നാം വലിയ സ്വപ്നങ്ങൾ കാണും, ഓരോ വെല്ലുവിളിയെയും അവസരമാക്കി മാറ്റും, നാം കൈക്കൊള്ളുന്ന ഓരോ തീരുമാനവും സഫലമാക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യും' - അദ്ദേഹം വ്യക്തമാക്കി.



പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പരിപാടിയുടെ പൂർണ്ണരൂപം കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

അതുകൊണ്ടുതന്നെ, ഉയർന്നുവരുന്ന ആഗോള ക്രമത്തിൽ ബഹുമുഖ അന്താരാഷ്ട്ര സ്ഥാപനങ്ങൾ നവീകരിക്കപ്പെടേണ്ടതും 'ഗ്ലോബൽ സൗത്തി'ന് അർഹമായ സ്ഥാനം ഉടനടി നൽകേണ്ടതും അത്യന്താപേക്ഷിതമാണ്.

കരുത്തുറ്റ രാജ്യങ്ങൾ ദുർബലരെ ചൂഷണം ചെയ്യാൻ പാടില്ല. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കോവിഡ്-19 മഹാമാരിയുടെ കാലത്ത് നൂറിലധികം രാജ്യങ്ങൾക്ക് വാക്സിനുകളും മരുന്നുകളും എത്തിച്ചുനൽകാൻ ഇന്ത്യ മുൻകൈയെടുത്തത്. 'സബ്കാ സാഥ്, സബ്കാ വികാസ്' എന്ന അടിസ്ഥാന തത്വം മുറുകെപ്പിടിച്ച് ജി-20, ബ്രിക്സ് ഉച്ചകോടികളിൽ ഇന്ത്യ സമവായം രൂപപ്പെടുത്തുകയും രണ്ട് വേദികളിലും 'ഡൽഹി പ്രഖ്യാപനം' ഐകകണ്ഠ്യേന അംഗീകരിക്കാൻ വഴിയൊരുക്കുകയും ചെയ്തു. ഇന്ത്യയുടെ വളർന്നുവരുന്ന കരുത്തിനെ ആഗോള ക്ഷേമവുമായി നേരിട്ട് ബന്ധിപ്പിച്ച്, രാജ്യത്തിന്റെ നയങ്ങൾ നൈമിഷികമായി നയിക്കപ്പെടുന്നവയല്ലെന്നും മറിച്ച് കാലാതീത നാഗരിക മൂല്യങ്ങളിൽ വേരൂന്നിയതാണെന്നും പ്രധാനമന്ത്രി മോദി പറഞ്ഞു. അതിനാൽ, കരുത്തുറ്റ ഇന്ത്യ ആഗോള സുസ്ഥിരതയുടെയും തുടർച്ചയുടെയും വാഗ്ദാനമായി നിലകൊള്ളുന്നു. ●



വികസിത ഇന്ത്യയുടെ അടിത്തറ...
ശാസ്ത്രീയ ഗവേഷണവും നൂതനാശയങ്ങളും

വികസിത ഇന്ത്യയുടെ 'സങ്കൽപ് സേ സിദ്ധി' അഥവാ സങ്കൽപ്തത്തിൽ നിന്ന് സാക്ഷാത്കാരത്തിലേക്കുള്ള മുന്നേറ്റം നിലകൊള്ളുന്നത് ശാസ്ത്രീയ ഗവേഷണങ്ങൾ, മൗലികമായ കണ്ടെത്തലുകൾ, നൂതനാശയങ്ങൾ എന്നിവയുടെ കരുത്തുറ്റ അടിത്തറയിലാണ്. പുതിയ കണ്ടെത്തലുകളെ ഉൾക്കൊള്ളുക മാത്രമല്ല, ഭാവി സാങ്കേതികവിദ്യകളുടെ ഗതി നിർണയിച്ച് രാജ്യം ലോകത്തെ നയിക്കുകയും വേണം. കൂടാതെ, നിർമ്മിത ബുദ്ധി പോലെ അതിവേഗം വളരുന്ന സാങ്കേതികവിദ്യകളാൽ നിർവചിക്കപ്പെടുന്ന കാലത്ത് നൂതനാശയങ്ങളുടെ വേഗത്തിനൊപ്പം വിശ്വാസ്യതയും കൃത്യതയും വസ്തുതകളുടെ ആധികാരികതയും കാത്തുസൂക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ ലക്ഷ്യം മുൻനിർത്തി ഒക്ടോബർ 27-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി 'എമർജിങ് സയൻസ്, ടെക്നോളജി ആന്റ് ഇന്നൊവേഷൻ കോൺക്ലേവ് 2026' ഉദ്ഘാടനം ചെയ്തു.

ഇന്ത്യയിലെ യുവതലമുറ ആത്മവിശ്വാസത്തോടും അഭിലാഷത്തോടും കൂടി മുന്നേറുന്നത് തികച്ചും ആവേശം പകരുന്നു. മുൻകാലങ്ങളിൽ പലപ്പോഴും വിദേശ രാജ്യങ്ങൾ പുതിയ കണ്ടെത്തലുകൾ നടത്തി വർഷങ്ങൾക്ക് ശേഷമായിരുന്നു ഇന്ത്യ അവയെ സ്വീകരിക്കുകയോ നടപ്പാക്കുകയോ ചെയ്തിരുന്നത്. എന്നാൽ ഇന്ന്, ആഗോള വെല്ലുവിളികൾക്ക് പരിഹാരം കാണുന്നതിന് മൗലികമായ സാങ്കേതികവിദ്യകൾ വികസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് രാജ്യം മുന്നേറുന്നത്. ആദ്യ ശ്രമത്തിൽ തന്നെ ചൊവ്വയിലെത്തിയത് മുതൽ ചന്ദ്രന്റെ ആരും കടന്നുചെല്ലാത്ത ദക്ഷിണധ്രുവത്തിൽ വിജയകരമായി പേടകമിറക്കിയത് വരെ ശ്രദ്ധേയമായ നേട്ടങ്ങൾ ഇന്ത്യൻ ശാസ്ത്രജ്ഞർ കൈവരിച്ചു. ഭാവി സാങ്കേതികവിദ്യകളെ ഇന്ത്യ നെഞ്ചേറ്റണമെന്നും ധൈര്യപൂർവം നൂതനാശയങ്ങൾ നടപ്പാക്കണമെന്നും അത്തരം സാങ്കേതികവിദ്യകളുടെ വികസനത്തിൽ ആഗോള നേതൃത്വം ഏറ്റെടുക്കണമെന്നും പ്രധാനമന്ത്രി മോദി എടുത്തുപറഞ്ഞു.


പൂജ്യത്തിന്റെയും സംഖ്യാ സമ്പ്രദായത്തിന്റെയും കണ്ടുപിടുത്തം മുതൽ ജ്യോതിശാസ്ത്രത്തിലെ മുന്നേറ്റങ്ങൾ വരെ നീളുന്ന സമ്പന്നമായ പൈതൃകം ഇന്ത്യയ്ക്കുണ്ട്. ആധുനിക സാങ്കേതികവിദ്യയുടെയും പുത്തൻ ആത്മവിശ്വാസത്തിന്റെയും കരുത്തിൽ ഈ ശാസ്ത്ര പാരമ്പര്യത്തെ രാജ്യം ഇന്ന് മുന്നോട്ട് നയിക്കുകയാണ്. കഴിഞ്ഞ ഒരു വർഷത്തിനിടെ കൈവരിച്ച നിരവധി നേട്ടങ്ങൾ ഈ പുരോഗതിയുടെ നേർ സാക്ഷ്യമാണ്.

ലാബ് സാങ്കേതികവിദ്യകൾ

ലബോറട്ടറി സാങ്കേതികവിദ്യകൾക്കായി ഗവണ്മെന്റ് 12,000 കോടി രൂപ നിക്ഷേപിച്ചപ്പോൾ കഴിഞ്ഞ ഒരു വർഷത്തിനിടെ സ്വകാര്യ നിക്ഷേപകരും **12,000** കോടി രൂപ അധിക സംഭാവന നൽകി. ഗവേഷണ-വികസന രംഗത്ത് ഒറ്റ വർഷം കൊണ്ട് 24,000 കോടി രൂപയാണ് രാജ്യം ചെലവഴിച്ചത്.

കഴിഞ്ഞ ഒരു വർഷത്തെ വിജയങ്ങൾ...

- വാർഷിക പേറ്റന്റുകളുടെ എണ്ണം **1,50,000** കവിഞ്ഞു - ഒരു പതിറ്റാണ്ട് മുൻപ് 50,000-ൽ താഴെയായിരുന്നതിൽനിന്ന് ഗണ്യമായ വർദ്ധനവാണിത്.
- പൂർണമായും തദ്ദേശീയമായി നിർമ്മിച്ച **500** മെഗാവാട്ട് പ്രോട്ടോടൈപ്പ് ഫാസ്റ്റ് ബ്രീഡർ റിയാക്ടർ വിജയകരമായി 'ആദ്യ ക്രിട്ടിക്കാലിറ്റി' (തുടർച്ചയായ ന്യൂക്ലിയർ ചെയിൻ റിയാക്ഷൻ ആരംഭിക്കുന്ന ഘട്ടം) കൈവരിച്ചു.
- ഒരു ഇന്ത്യൻ ബഹിരാകാശ സ്റ്റാർട്ടപ്പ് 'മെയ്ഡ് ഇൻ ഇന്ത്യ' റോക്കറ്റ് ഉപയോഗിച്ച് ആദ്യ ശ്രമത്തിൽ തന്നെ ഒരു ഉപഗ്രഹത്തെ ഭ്രമണപഥത്തിലെത്തിച്ചു. 'സാറ്റലൈറ്റ് ഡോക്കിങ്' (ബഹിരാകാശത്ത് വെച്ച് രണ്ട് ഉപഗ്രഹങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന പ്രക്രിയ) ശേഷിയും രാജ്യം കൈവരിച്ചു.
- 'എ.ഐ ഇംപാക്ട് ഉച്ചകോടി'യ്ക്ക് രാജ്യം ആതിഥേയത്വം വഹിക്കുകയും സ്വന്തം എ.ഐ മാതൃക പുറത്തിറക്കുകയും ചെയ്തു. കൂടാതെ, തദ്ദേശീയമായി നിർമ്മിച്ച സെമികണ്ടക്ടർ ചിപ്പുകൾ ഇന്ത്യ ആഗോളതലത്തിൽ കയറ്റുമതി ചെയ്യാനും തുടങ്ങി.



ഭാവിയെ രൂപപ്പെടുത്തുന്ന മേഖലകൾ

- സെമികണ്ടക്ടറുകൾ, ക്വാണ്ടം സാങ്കേതികവിദ്യ, ബയോടെക്നോളജി, അത്യാധുനിക പദാർത്ഥങ്ങൾ, റോബോട്ടിക്സ്, ബഹിരാകാശം, ഹരിതോർജം, എ.ഐ, സിന്തറ്റിക് ബയോളജി, ഓട്ടോണമസ് സംവിധാനങ്ങൾ.

സമ്മേളനത്തിൽ പങ്കെടുത്ത ഓരോ ഗവേഷകനും വ്യവസായ പ്രമുഖനും സ്റ്റാർട്ടപ്പ് സ്ഥാപകനും വിദ്യാർത്ഥിയും മൂന്നുവർഷത്തേക്ക് കൃത്യമായ ഒരു ലക്ഷ്യം നിശ്ചയിക്കണമെന്ന് പ്രധാനമന്ത്രി മോദി ആഹ്വാനം ചെയ്തു.




നിർമിതബുദ്ധിക്ക് വളരെ വേഗം നമുക്ക് ഉത്തരങ്ങൾ നൽകാനാവും. എന്നാൽ, ആ ഉത്തരങ്ങളുടെ കൃത്യത ഉറപ്പാക്കേണ്ട ഉത്തരവാദിത്തം ശാസ്ത്രജ്ഞരിൽ തന്നെ നിക്ഷിപ്തമായിരിക്കണം.

നരേന്ദ്ര മോദി, പ്രധാനമന്ത്രി

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പരിപാടിയുടെ പൂർണ്ണരൂപം കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.

ലബോറട്ടറികൾക്ക് പുറത്തേക്ക് വ്യാപിക്കുന്നതിലാണ് ശാസ്ത്രത്തിന്റെ യഥാർത്ഥ വിജയമെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു-സാധാരണ ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുക, വലിയ വെല്ലുവിളികൾക്ക് പരിഹാരം കാണുക, ആരോഗ്യം, കൃഷി, വിദ്യാഭ്യാസം, തൊഴിൽ, ദുരന്തനിവാരണം തുടങ്ങിയ മേഖലകളിലെ ശേഷി വർദ്ധിപ്പിക്കുക എന്നിവയാണത്. ഇന്ത്യൻ സ്റ്റാർട്ടപ്പുകൾ ഇത്തരം മേഖലകൾക്കാണ് മുൻഗണന നൽകുന്നത്. തലച്ചോറിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്ന വെയറബിൾ ഇ.ഇ.ജി സാങ്കേതികവിദ്യ, തദ്ദേശീയ വയർലെസ്-ഉപഗ്രഹ ആശയവിനിമയ സംവിധാനങ്ങൾ, പ്രത്യേക പോഷകാഹാര ഉല്പന്നങ്ങൾ, അത്യാധുനിക സെമികണ്ടക്ടർ സാങ്കേതികവിദ്യകൾ, സ്റ്റീൽ സ്ലാഗ് പോലുള്ള വ്യാവസായിക അവശിഷ്ടങ്ങൾ പുനരുപയോഗിക്കുന്ന സംവിധാനങ്ങൾ എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളെയും തദ്ദേശീയ കമ്പനികളെയും അദ്ദേഹം ഉദാഹരണങ്ങളായി എടുത്തുപറഞ്ഞു.



യമുനാ പുനരുജ്ജീവന പദ്ധതികളുടെ
ഉദ്ഘാടനവും ശിലാന്യാസവും

യമുന 2029-ഓടെ മാലിന്യമുക്തമാകും

ഡൽഹി, ഹരിയാന, ഉത്തർപ്രദേശ് എന്നീ സംസ്ഥാന ഗവണ്മെന്റുകളുമായി സഹകരിച്ച് 2029-ഓടെ യമുനാ നദിയെ മാലിന്യമുക്തമാക്കാനുള്ള മാർഗരേഖ കേന്ദ്ര ഗവണ്മെന്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ സംരംഭത്തിന്റെ ഭാഗമായി ഒക്ടോബർ 22-ന് ഡൽഹിയിൽ കേന്ദ്ര ആഭ്യന്തര, സഹകരണ മന്ത്രി അമിത് ഷാ 8,941 കോടി രൂപയുടെ യമുനാ പുനരുജ്ജീവന പദ്ധതികളുടെ ഉദ്ഘാടനവും ശിലാന്യാസവും നിർവഹിച്ചു.

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ പരിപാടി പൂർണമായി കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.

ഡൽഹി, ഹരിയാന, ഉത്തർപ്രദേശ് എന്നീ സംസ്ഥാന ഗവണ്മെന്റുകളുമായി സഹകരിച്ച് 2029-ഓടെ യമുനാ നദിയെ മാലിന്യമുക്തമാക്കാനുള്ള മാർഗരേഖ കേന്ദ്ര ഗവണ്മെന്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ സംരംഭത്തിന്റെ ഭാഗമായി, ഒക്ടോബർ 22-ന് ഡൽഹിയിൽ കേന്ദ്ര ആഭ്യന്തര, സഹകരണ മന്ത്രി ശ്രീ അമിത് ഷാ 8,941 കോടി രൂപയുടെ യമുനാ പുനരുജ്ജീവന പദ്ധതികളുടെ ഉദ്ഘാടനവും ശിലാന്യാസവും നിർവഹിച്ചു.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ, മനോഹരമായ വീടുകളും ശുദ്ധജലവും വൃത്തിയുള്ള തെരുവുകളുമായി മാലിന്യമലകളില്ലാത്ത ഡൽഹിയാണ് കേന്ദ്ര ഗവണ്മെന്റ് വിഭാവനം ചെയ്യുന്നത്. ഒരിക്കൽ ശുദ്ധീകരിക്കപ്പെട്ടുകഴിഞ്ഞാൽ ഡൽഹി മുതൽ സംഗമം വരെ ജനങ്ങൾക്ക് അനുഗ്രഹങ്ങൾ വർഷിക്കാൻ യമുനയ്ക്ക് സാധിക്കും. അതുകൊണ്ടുതന്നെയാണ് ഈ പദ്ധതികളുടെ ഉദ്ഘാടന-ശിലാന്യാസ ചടങ്ങിൽ സംസാരിക്കവെ അചഞ്ചലമായ നിശ്ചയദാർഢ്യത്തോടെയാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ ദൗത്യം ഏറ്റെടുത്തിരിക്കുന്നതെന്ന് കേന്ദ്ര ആഭ്യന്തര, സഹകരണ മന്ത്രി അമിത് ഷാ വ്യക്തമാക്കിയത്. ഇന്ന് ആ നിശ്ചയദാർഢ്യത്തിന്റെ ഒരു സുപ്രധാന ഭാഗം പൂർത്തീകരിക്കപ്പെടുകയാണ്.

10 പദ്ധതികൾ ഉദ്ഘാടനം ചെയ്തതായും മറ്റ് 33 പദ്ധതികളുടെ പ്രവൃത്തികൾക്ക് തുടക്കം കുറിച്ചതായും കേന്ദ്ര ആഭ്യന്തര മന്ത്രി അറിയിച്ചു. ആകെ 8,941 കോടി രൂപ ചെലവു വരുന്ന പദ്ധതികൾ ലക്ഷക്കണക്കിന് ലിറ്റർ വെള്ളം ശുദ്ധീകരിച്ച് യമുനയിലേക്ക് ഒഴുകിയെത്തുന്നത് ഉറപ്പാക്കുമെന്ന് അദ്ദേഹം വിശദീകരിച്ചു.



ഡൽഹി പരിവർത്തനദശയിൽ

- യമുനാ നദിയെ മാലിന്യമുക്തമാക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഡൽഹി ഗവണ്മെന്റിന് ഒരു കർമ്മപദ്ധതി സമർപ്പിച്ചു. പദ്ധതിയുടെ 40 ശത മാനം പ്രവർത്തനങ്ങളും ഇതിനോടകം പൂർത്തിയാ യിട്ടുണ്ട്.
- ഏകദേശം 30 വർഷമായി, ഡൽഹിയിൽ നിന്നുള്ള മലിനജലം യമുനാ നദിയിലേക്ക് ഒഴുക്കിവിട്ടിരുന്നു. കൂടാതെ, ക്ഷീരഫാമുകളിൽ നിന്നുള്ള 2,000 ടണ്ണോ ളം ചാണകവും പ്രതിദിനം നദിയിലേക്ക് തള്ളിയിരു ന്നു.
- 'മാലിന്യമലകൾ' (അവശിഷ്ടം തള്ളൽ) വർഷങ്ങളാ യി ഡൽഹിയിലെ രാഷ്ട്രീയ തന്ത്രങ്ങളിലെ പ്രധാന വിഷയമായിരുന്നു. എന്നാൽ, ഈ മാലിന്യമലകളു ടെ ഉയരം കുറക്കുന്നതിനായി നിലവിലെ ഡൽഹി ഗവണ്മെന്റ് ശക്തമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്. അടുത്ത രണ്ട് വർഷത്തിനുള്ളിൽ ഈ സ്ഥലങ്ങൾ ഉദ്യാനങ്ങളാക്കി മാറ്റും.
- കേന്ദ്ര ഗവണ്മെന്റിന്റെ സഹായത്തോടെ, ഡൽഹി ഗവണ്മെന്റ് 21.7 ദശലക്ഷം മെട്രിക് ടൺ മാലിന്യം നീക്കം ചെയ്തു, അതുവഴി 100 ഏക്കർ ഭൂമി വീണ്ടെ ടുത്തു.
- ഓഖ്ല, ഭൽസ്വ എന്നിവിടങ്ങളിലെ മാലിന്യ മലകളു ടെ ഉയരം 30 മുതൽ 40 മീറ്റർ വരെ കുറച്ചു; ഗാസി പ്പൂരിലെ മാലിന്യ മലയുടെ ഉയരം 10 മുതൽ 15 മീറ്റർ വരെ കുറയ്ക്കാൻ സാധിച്ചു.

"ഡൽഹിയിലെ എല്ലാ ഭവനങ്ങളെയും മലിനജല സംവിധാനവുമായി ബന്ധിപ്പിക്കുന്നതിനുള്ള മൂന്ന് വർഷത്തെ കർമ്മപദ്ധതിക്ക് ഞങ്ങൾ രൂപം നൽകി. ഇതിലൂടെ മലിനജലം കാര്യക്ഷമമായി സംസ്കരി ക്കുന്നത് ഉറപ്പാക്കാനാകും. ഒപ്പം, ഓരോ വീട്ടിലും ശുദ്ധ മായ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങ ളും ഞങ്ങൾ നടത്തുന്നു.

അമിത് ഷാ, കേന്ദ്ര ആഭ്യന്തര, സഹകരണ വകുപ്പ് മന്ത്രി



ഇന്ന് ഉദ്ഘാടനം ചെയ്ത പദ്ധതികൾ ഡൽഹിയുടെ വിവിധ മേഖലകളെ ഉൾക്കൊള്ളുന്നതാണ്. നിലവിലുള്ള മലിനജല ശുദ്ധീകരണ പ്ലാന്റുകൾ (എസ്.ടി.പി) നവീകരി ക്കുന്നതിനും പുതിയ പ്ലാന്റുകൾ നിർമ്മിക്കുന്നതിനുമുള്ള ശിലാസ്ഥാപനവും നടന്നു. കൂടാതെ, വികേന്ദ്രീകൃത മലി നജല ശുദ്ധീകരണ പമ്പിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കു കയും വീടുകളിൽ നിന്നുള്ള മലിനജല പൈപ്പ് ലൈനു കൾ പ്രധാന ശൃംഖലയുമായി ബന്ധിപ്പിക്കുന്ന നടപടികൾ ആരംഭിക്കുകയും ചെയ്തു. 2029 മെയ് മാസത്തിന് മുമ്പു തന്നെ യമുനാ നദിയെ മാലിന്യമുക്തമാക്കാൻ കഴിയു മെന്ന പ്രത്യാശയും കേന്ദ്ര ആഭ്യന്തര മന്ത്രി പ്രകടിപ്പിച്ചു.

യമുനയെ മാലിന്യമുക്തമാക്കുന്ന ദൃഢനിശ്ചയത്തിന് പുത്തൻ ഉണർവ്വ്

ജല ശുദ്ധീകരണ പ്ലാന്റുകൾ, പുനഃചംക്രമണ പ്ലാന്റുകൾ, മലിനജല ശുദ്ധീകരണ പ്ലാന്റുകൾ, മലിനജല പമ്പിംഗ് സ്റ്റേഷനുകൾ, വീടുകളിൽ നിന്നുള്ള മലിനജല കണക്ഷനു കൾ എന്നിവയുൾപ്പെടെ ഡൽഹി ഗവണ്മെന്റിന്റെ വിവിധ പദ്ധതികളിലൂടെ, ദിവസവും ദശലക്ഷക്കണക്കിന് ലിറ്റർ മലിനജലം യമുനയിൽ എത്തുന്നതിന് മുൻപായി ശുദ്ധീ കരിക്കപ്പെടും. ഇത് യമുനയെ മാലിന്യമുക്തമാക്കാനുള്ള ദൃഢനിശ്ചയത്തിന് പുത്തൻ ഉണർവ്വ് പകരും. ●




അന്താരാഷ്ട്ര സൗരോർജ സഖ്യത്തിന്റെ 11 വർഷങ്ങൾ

സൗരോർജ വ്യാപനത്തിന് ആഗോളതലത്തിൽ നേതൃത്വം നൽകുന്നു

സൗരോർജം നമ്മുടെ കാലഘട്ടത്തിലെ ഏറ്റവും വിലപ്പെട്ട പൊതുസമ്പത്തുകളിലൊന്നായി മാറിയിരിക്കുകയാണ്. സൗരോർജത്തിലേക്കുള്ള ഈ ചുവടുമാറ്റം കേവലം ഊർജ മേഖലയിലെ പരിവർത്തനം മാത്രമല്ല, മറിച്ച് സുസ്ഥിരമായ ഭാവിയിലേക്കുള്ള സുപ്രധാനമായ ചുവടുവെപ്പുകൂടിയാണ്. സൗരോർജത്തിന്റെ ആഗോള വ്യാപനത്തിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ നീക്കുകയും അതിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ, 2015 നവംബർ 30 – ന് ഇന്ത്യയും ഫ്രാൻസും സംയുക്തമായി 'അന്താരാഷ്ട്ര സൗരോർജ സഖ്യം' (ഐഎസ്എ) സ്ഥാപിച്ചു. ശുദ്ധവും ഹരിതാഭവും കൂടുതൽ സുസ്ഥിരവുമായ ഒരു ലോകം വരുംതലമുറകൾക്കായി കെട്ടിപ്പടുക്കുന്നതിൽ ഈ സംരംഭം നിർണായക പങ്കുവഹിക്കുന്നു.

"അന്താരാഷ്ട്ര സൗരോർജ സഖ്യം ഇന്ത്യയിൽ മാത്രമല്ല, ലോകമെമ്പാടും ശുദ്ധമായ ഊർജത്തിന്റെ വിപ്ലവത്തിന് നേതൃത്വം നൽകുകയാണ്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ മാനവരാശിയുടെ ക്ഷേമത്തിനായി രൂപംകൊണ്ട സുപ്രധാന സംഘടനകളെക്കുറിച്ച് ഭാവിതലമുറകൾ ചർച്ച ചെയ്യുമ്പോൾ, ആ പട്ടികയിൽ മുൻനിരയിൽ തന്നെ അന്താരാഷ്ട്ര സൗരോർജ സഖ്യവും ഇടംപിടിക്കും

- നരേന്ദ്ര മോദി, പ്രധാനമന്ത്രി



ആഗോള വികസനത്തിന്റെ കേന്ദ്രബിന്ദുവായി സൗരോർജത്തെ മാറ്റുകയെന്ന ധീരമായ കാഴ്ചപ്പാടോടെ, ഐക്യരാഷ്ട്രസഭയുടെ കാലാവസ്ഥാ വ്യതിയാന സമ്മേളനത്തിൽ (COP-21) വെച്ച് ഇന്ത്യയും ഫ്രാൻസും ചേർന്ന് 'അന്താരാഷ്ട്ര സൗരോർജ സഖ്യത്തിന്' തുടക്കമിട്ടു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദാർശനിക നേതൃത്വം ഈ ആശയത്തെ ഒരു ആഗോള മുന്നേറ്റമാക്കാൻ സഹായിച്ചു. കഴിഞ്ഞ 11 വർഷത്തിനിടെ, സൗരോർജത്തിന്റെ അപാരമായ സാധ്യതകളെ ലോകമെമ്പാടുമുള്ള ജനങ്ങളുടെ ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾ സൃഷ്ടിക്കുന്ന പ്രായോഗിക പദ്ധതികളാക്കി മാറ്റുന്നതിൽ അന്താരാഷ്ട്ര സൗരോർജ സഖ്യം നിർണായക പങ്കുവഹിച്ചു. ഏറ്റവും ആവശ്യമുള്ള ഇടങ്ങളിൽ സൗരോർജം പ്രയോജനപ്പെടുത്തുന്നതിനെ പ്രോത്സാഹിപ്പിച്ചുകൊണ്ട്, വളർന്നുവരുന്നതും വികസ്വരവുമായ സമ്പദ് വ്യവസ്ഥകളിലേക്ക് ആഗോള ഊർജ പരിവർത്തനത്തെ നയിക്കുന്നതിൽ ഈ സഖ്യം വലിയ പങ്കുവഹിച്ചു.

സൗരോർജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുക, സൗരോർജ സാധ്യതകൾ ഏറെയുള്ള രാജ്യങ്ങൾ തമ്മിലുള്ള സഹകരണവും ഏകോപനവും ശക്തിപ്പെടുത്തി ആഗോളതലത്തിൽ സൗരോർജത്തിന്റെ ആവശ്യം നിറവേറ്റുക, സൗരോർജത്തെ കൂടുതൽ ചെലവുകുറഞ്ഞതും വിശ്വസനീയവും എല്ലാവർക്കും പ്രാപ്യവുമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ സംഘടനയ്ക്ക് രൂപം നൽകിയത്. ഇന്ന്, അംഗരാജ്യങ്ങളും ഒപ്പുവെച്ച രാജ്യങ്ങളും അടക്കം 130 രാജ്യങ്ങളുടെ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന 'അന്താരാഷ്ട്ര സൗരോർജ സഖ്യം', സൗരോർജ വിപുലീകരണത്തിനായി പ്രവർത്തിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ആഗോള കൂട്ടായ്മകളിലൊന്നായി നിലകൊള്ളുന്നു.


ഐഎസ്എയുടെ 4 തന്ത്രപരമായ സ്തംഭങ്ങൾ

- **സാമ്പത്തിക ഉത്തേജക കേന്ദ്രം:** വൻ തോതിൽ നിക്ഷേപം സമാഹരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും.
- **ആഗോള മികവിന്റെ കേന്ദ്രവും ഡിജിറ്റൽ പരിവർത്തനവും:** നൂതനാശയങ്ങൾ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, ശേഷി വർദ്ധിപ്പിക്കൽ എന്നിവ പരിപോഷിപ്പിക്കുന്നു.
- **പ്രാദേശിക, ദേശീയ ഇടപെടലുകൾ:** പ്രാദേശിക സാഹചര്യങ്ങൾക്കനുസൃതമായ അനുയോജ്യമായ പരിഹാരങ്ങൾ നടപ്പിലാക്കുന്നതിനായി.
- **സാങ്കേതിക മാർഗനിർദേശവും നയസമീപനവും:** ഉയർന്നുവരുന്ന സൗരോർജ സാങ്കേതികവിദ്യകളുടെ വികസനം ത്വരിതപ്പെടുത്തുന്നതിന്.

ഉടമ്പടി അടിസ്ഥാനമാക്കിയുള്ള അന്തർസർക്കാർ വേദിയായ ഐ.എസ്.എ, സൗരോർജത്തിന്റെ വ്യാപകമായ വിനിയോഗം പ്രോത്സാഹിപ്പിക്കുന്നതിന് അംഗരാജ്യങ്ങൾക്ക് ആവശ്യമായ സാങ്കേതിക മാർഗ നിർദേശങ്ങളും നയ നേതൃത്വവും ആഗോള ഏകോപനവും നൽകുന്നു.

സൂര്യൻ, ജലം, കാറ്റ്, ആണവോർജം എന്നിവയിൽ നിന്നുള്ള വൈദ്യുതി

സൂര്യൻ, ജലം, കാറ്റ്, ആണവോർജം തുടങ്ങിയ ഫോസിൽ ഇതര ഇന്ധന സ്രോതസ്സുകളിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള ശേഷി ഇന്ത്യ തുടർച്ചയായി വർദ്ധിപ്പിക്കുകയാണ്. 2026 ജൂലൈ 31-ലെ കണക്കനുസരിച്ച്, ഇത്തരത്തിലുള്ള വൈദ്യുതി ഉത്പാദന ശേഷി 300 ജിഗാവാട്ട് കടന്നു. 2030-ഓടെ 500 ജിഗാവാട്ട് എന്ന ലക്ഷ്യമാണ് ഇന്ത്യ നിശ്ചയിച്ചിരിക്കുന്നത്; നിലവിലുള്ള ശേഷി ഈ ലക്ഷ്യത്തിന്റെ 60 ശതമാനത്തിലധികമാണ്. കൂടാതെ, രാജ്യത്തിന്റെ ആകെ വൈദ്യുതി ഉത്പാദന ശേഷിയായ 552 ജിഗാവാട്ടിൽ, ഫോസിൽ ഇതര ഇന്ധന സ്രോതസ്സുകളിൽ നിന്നുള്ള വിഹിതം 54 ശതമാനത്തിലധികമായി വർദ്ധിച്ചു.



ശുദ്ധമായ ഊർജ ഉത്പാദന മേഖലയിലെ വളർച്ചയുടെ പ്രധാന ചാലകശക്തിയായി സൗരോർജം മാറി. 2014-ൽ വെറും 2.8 ജിഗാവാട്ട് ആയിരുന്ന ഇതിന്റെ ശേഷി, ഇന്ന് ഏകദേശം 165 ജിഗാവാട്ടായി വളർന്നു. സമാനമായി, പവനോർജ ഉത്പാദന ശേഷിയും 2014-ലെ 21 ജിഗാവാട്ടിൽ നിന്ന് 58 ജിഗാവാട്ടിലധികമായി വർദ്ധിച്ചു.

അന്താരാഷ്ട്ര സൗരോർജ സഖ്യത്തിന് ഐക്യരാഷ്ട്ര സഭ നിരീക്ഷക പദവി നൽകിയിട്ടുണ്ട്; ഇത് 'ഒരു സൂര്യൻ, ഒരു ലോകം, ഒരു ഗ്രിഡ്' എന്ന സംരംഭത്തിന് കൂടുതൽ കരുത്ത് പകരുന്നു. അന്താരാഷ്ട്ര സൗരോർജ സഖ്യം, വികേന്ദ്രീകൃത പുനരുപയോഗ ഊർജ സംവിധാനങ്ങൾ, സൗരോർജ ജലസേചനം, 'ഗ്ലോബൽ സോളാർ ഫെസിലിറ്റി' ഉൾപ്പെടെയുള്ള നൂതന ധനസഹായ പ്ലാറ്റ്ഫോമുകൾ എന്നിവയിലൂടെ, സൗരോർജ അധിഷ്ഠിത പരിഹാരങ്ങൾ നടപ്പിലാക്കാൻ അംഗരാജ്യങ്ങളെ ഐഎസ്എ സഹായിക്കുന്നു. ഊർജ മേഖലയിലെ മാറ്റം എല്ലാവരെയും ഉൾക്കൊള്ളുന്നതും, ജനകേന്ദ്രീകൃതവും, സമൂലമായ പരിവർത്തനം കൊണ്ടുവരുന്നതുമാകാം എന്നതിന് ഐഎസ്എയുടെ പ്രവർത്തനങ്ങൾ തെളിവാണ്. കൂടാതെ, അംഗരാജ്യങ്ങളുടെയും പങ്കാളികളുടെയും വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഐഎസ്എ അടുത്തിടെ ഒരു വെബ് സൈറ്റും ആരംഭിച്ചിട്ടുണ്ട്.

ഇന്ത്യയിലെ സൗരോർജ വികസനം പുതിയ ഘട്ടത്തിലേക്ക് കടക്കുകയാണ്. സ്ഥിരമായ നയ പിന്തുണ, വിപുലമാകുന്ന ഉത്പാദന മേഖല, ശക്തമായ അടിസ്ഥാന സൗകര്യങ്ങൾ, വർദ്ധിച്ചുവരുന്ന പൊതു പങ്കാളിത്തം എന്നിവ സൗരോർജ വിപണിയിൽ ഇന്ത്യ കൈവരിച്ച നേട്ടങ്ങളുടെ പ്രതിഫലനമാണ്. 'പഞ്ചാമൃത്' പ്രതിബദ്ധതയിലേക്കും, 2070-ഓടെ 'നെറ്റ്-സീറോ' എന്ന ലക്ഷ്യത്തിലേക്കും ഇന്ത്യ മുന്നേറുമ്പോൾ - ഇതിന് 'അന്താരാഷ്ട്ര സൗരോർജ സഖ്യത്തിന്റെ' പിന്തുണയുമുണ്ട് - സൗരോർജം ഒരു പ്രധാന ഘടകമായി നിലകൊള്ളുന്നു. 2030-ഓടെ ഫോസിൽ ഇതര ഇന്ധന സ്രോതസ്സുകളിൽ നിന്ന് 500 ജിഗാവാട്ട് ഊർജ ഉത്പാദന ശേഷി കൈവരിക്കുകയെന്ന ലക്ഷ്യത്തിലേക്ക് എത്തുന്നതിലും സൗരോർജം നിർണ്ണായക പങ്ക് വഹിക്കും. ●

വ്യോമസേനയുടെ വീറുറ്റ അഭ്യാസ പ്രകടനം കാശിയിലെ നമോ ഘാട്ടിൽ

ഒക്ടോബർ 25 – ന് കാശിയിലെ നമോ ഘാട്ടിൽ ഇന്ത്യൻ വ്യോമസേന (ഐഎഎഫ്) സംഘടിപ്പിച്ച 'ഗംഗയ്ക്ക് മുകളിൽ ചിറകുകൾ' എന്ന വ്യോമാഭ്യാസ പ്രകടനത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി സാക്ഷ്യം വഹിച്ചു. നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്ന പുതിയ വസ്ത്രനിർമ്മാണ യൂണിറ്റിന്റെ ഉദ്ഘാടന വും അദ്ദേഹം നിർവഹിച്ചു. ഇതിനു പുറമെ, വാരണാസിയിൽ സംഘടിപ്പിച്ച റോഡ്ഷോയിൽ പങ്കെടുത്ത പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ആയിരക്കണക്കിന് ജനങ്ങൾ ചേർന്ന് ആവേശോജ്വല സ്വീകരണം നൽകി.

വനിതകൾക്കായി തൊഴിലവസരങ്ങൾ

ഉത്തർപ്രദേശിലെ വാരണാസിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരു പുതിയ വസ്ത്ര നിർമ്മാണ യൂണിറ്റ് ഉദ്ഘാടനം ചെയ്തു. ഇന്ത്യയുടെ വസ്ത്ര-തുണിത്തര നിർമ്മാണ മേഖലയെ ശക്തിപ്പെടുത്തുന്നതിലേക്കും, ഈ പ്രദേശത്ത് വ്യാവസായിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിലേക്കുമുള്ള സുപ്രധാന ചുവടുവെപ്പാണിത്. ആധുനിക നിർമ്മാണ രീതികൾക്ക് മുൻഗണന നൽകുന്ന ഈ സംരംഭം, വിശിഷ്യാ, വനിതകൾക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും അതുവഴി പ്രദേശത്തിന്റെ സാമ്പത്തിക പുരോഗതിക്ക് സംഭാവന നൽകുകയും ചെയ്യും. വ്യാവസായിക നിക്ഷേപങ്ങൾക്കും, നിർമ്മാണ മേഖലയെ അടിസ്ഥാനമാക്കിയുള്ള വികസനത്തിനും ഉത്തർപ്രദേശ് ഒരു പ്രധാന കേന്ദ്രമായി മാറുന്നുവെന്നതും ഈ ഉദ്ഘാടനത്തിലൂടെ വ്യക്തമാകുന്നു. ഇവിടെ ഉത്പാദിപ്പിക്കുന്ന വസ്ത്രങ്ങൾ ലോകമെമ്പാടുമുള്ള വിപണികളിലെത്തും. പ്രധാനമായും വനിതകളുടെ നേതൃത്വത്തിൽ ആരംഭിച്ച ഈ സംരംഭം, 'വനിതകൾ നയിക്കുന്ന വികസനം' എന്ന ആശയത്തിന്റെ ശക്തമായ പ്രതീകമാണ്. വാരണാസിയുടെ വ്യാവസായിക വളർച്ചയ്ക്ക് ആക്കം കൂട്ടുന്നതിനൊപ്പം, വനിതകൾക്ക് സ്വയംപര്യാപ്തരാകാനും കൂടുതൽ മുന്നേറാനുമുള്ള പുതിയ അവസരങ്ങളും ഈ സംരംഭം ഒരുക്കിക്കൊടുക്കും.

കരുത്തും കൃത്യതയും പ്രകടമാക്കി റാഫേലും മിറാഷും

വായുസേനാ ദിനാഘോഷങ്ങളുടെ ഭാഗമായി വാരണാസിയിലെ നമോ ഘാട്ടിൽ വ്യോമാഭ്യാസപ്രകടനത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി സാക്ഷ്യം വഹിച്ചു. ഇന്ത്യൻ വ്യോമസേനയുടെ 94-ാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ഈ പരിപാടിക്ക് 'ഗംഗയ്ക്ക് മുകളിൽ ചിറകുകൾ' എന്നായിരുന്നു പേര്. തേജസ്, ലൈറ്റ് കോംബാറ്റ് ഹെലികോപ്റ്ററായ 'പ്രചണ്ഡ്', സു-30 എം.കെ.ഐ, റാഫേൽ എന്നിവയും വിവിധ ഗതാഗത വിമാനങ്ങളും വ്യോമപ്രകടനത്തിൽ അണിനിരന്നു. ഇന്ത്യൻ വ്യോമസേനയുടെ മുൻനിര വ്യോമാഭ്യാസ പ്രകടന സംഘങ്ങളായ 'സൂര്യ കിരൺ എയ്റോബാറ്റിക് ടീം', 'സാരംഗ് ഹെലികോപ്റ്റർ ഡിസ്പ്ലേ ടീം' എന്നിവയും പങ്കെടുത്തു. അതീവ കൃത്യതയാർന്ന വ്യോമസഞ്ചാരവും, മികച്ച ഏകോപനവും, പ്രവർത്തനമികവും ഈ പ്രകടനങ്ങളിൽ ദൃശ്യമായി.



"കാശിയിലെ റോഡ്ഷോയ്ക്കിടെ, എന്റെ കുടുംബാംഗങ്ങളിൽ നിന്ന് ലഭിച്ച അളവറ്റ സ്നേഹവും അനുഗ്രഹങ്ങളും എന്നെ വല്ലാതെ സ്പർശിച്ചു.

- നരേന്ദ്ര മോദി, പ്രധാനമന്ത്രി

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പരിപാടിയുടെ പൂർണ്ണരൂപം കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.

പ്രകടനത്തിന്റെ ഭാഗമായി, ഒരു സു-30 യുദ്ധവിമാനം രണ്ട് ജാഗ്വാർ വിമാനങ്ങളെ തടഞ്ഞുനിർത്തുന്ന അഭ്യാസം അവതരിപ്പിച്ചു. ഇതിലൂടെ ഇന്ത്യൻ വ്യോമസേനയുടെ പ്രതിരോധ ശേഷിയും യുദ്ധതന്ത്രപരതയും പ്രകടമായി. 'നീലകണ്ഠ വിന്യാസത്തിൽ' അണിനിരന്ന മൂന്ന് റാഫേൽ യുദ്ധവിമാനങ്ങൾ വിസ്മയകരമായ 'ത്രീ-വേ സ്പ്ലിറ്റ്' അഭ്യാസപ്രകടനവും കാഴ്ചവെച്ചു. അതീവ കൃത്യതയോടെയും മികച്ച ഏകോപനത്തോടെയും അരങ്ങേറിയ ഈ വ്യോമാഭ്യാസങ്ങൾ ഇന്ത്യൻ വ്യോമസേനയുടെ വൈദഗ്ധ്യവും പ്രവർത്തനക്ഷമതയും ഒരിക്കൽക്കൂടി പ്രകടമാക്കി.



PMO India ✓
@PMOIndia


हमारे किसान, हमारे अन्नदाता, विकसित भारत के सबसे मजबूत स्तंभों में से एक है।

और हमारी सरकार ने हमेशा किसानों के कल्याण को, किसानों को सशक्त करने को प्राथमिकता दी है: PM @narendramodi



Rajnath Singh ✓ @rajnathsingh ·

सरदार पटेल ने भारत की एकता और अखंडता को आकार दिया, लेकिन लंबे समय तक उनकी गौरवशाली विरासत को वह सम्मान नहीं मिला जिसके वे हकदार थे। प्रधानमंत्री @narendramodi ने स्टैच्यू ऑफ यूनिटी, राष्ट्रीय एकता दिवस और देशव्यापी आयोजनों के माध्यम से उनकी गौरवशाली विरासत को उचित सम्मान और नई पहचान दिलाई, क्योंकि हमारा मानना है कि सरदार पटेल का सम्मान, भारत का सम्मान है।



Amit Shah ✓
@AmitShah

इसी वर्ष 31 मार्च को देश नक्सलमुक्त हो चुका है और अब 31 दिसंबर 2029 तक नशे से पूरी तरह मुक्त होगा। 'विकसित भारत' का पहला चरण नशामुक्त भारत ही है।



Nitin Gadkari ✓
@nitin_gadkari

A PROUD MOMENT FOR INDIA!🇮🇳

Our para-athletes have scripted history at the Asian Para Games, bringing home a record 114 🥇🥈🥉 and showcasing the extraordinary power of courage, perseverance and sporting talent.

Heartiest congratulations to every athlete who made the Tricolour soar high. Under the leadership of Hon'ble PM Shri @narendramodi Ji, India's commitment to nurturing sporting talent is opening new horizons for our athletes to excel on the global stage.💪🔥



Kiren Rijiju ✓ @KirenRijiju ·

आज हमने Defence, Space और Nuclear Energy के संबंधों को प्रगाढ़ करने पर सहमति बनाई है। इन सभी Strategic क्षेत्रों में हम पोलैंड की Companies को भारत के साथ Co-Development और Co-Production करने के लिए आमंत्रित करते हैं: माननीय प्रधानमंत्री श्री @narendramodi जी

#IndiaPolandFriendship



Arjun Ram Meghwal ✓ @arjunrammeghwal

देश की 560 से अधिक रियासतों का एकीकरण कर अखंड भारत की नींव मजबूत करने वाले सरदार पटेल जी का अदम्य साहस, दूरदर्शिता एवं राष्ट्रसेवा सदैव प्रेरणास्रोत रहेंगे।

भारत की एकता एवं अखंडता के प्रतीक लौह पुरुष सरदार वल्लभभाई पटेल जी की जयंती 'राष्ट्रीय एकता दिवस' की आ
सभी को हार्दिक शुभकामनाएँ।

#SardarPatelJayanti #NationalUnityDay

Opposition has forgotten its duty, believes in obstruction now: Modi

PM warns of 'intellectual Naxalism' at 151st birth anniversary of Sardar Patel in Ekta Nagar

DILIP SINGH KSHATRIYA
@ Ahmedabad

PRIME Minister Narendra Modi on Saturday sharpened his attack on the Opposition, accusing it of abandoning its constitutional role and turning into an "obstructionist force" against development. He also warned against "intellectual Naxalism" and urged people to protect national unity.

Modi was addressing a gathering at the Parade Ground in Gujarat's Ekta Nagar on the occasion of National Unity Day, marking the 151st birth anniversary of Sardar Vallabhbhai Patel. He administered the unity pledge ahead of the Rashtriya Ekta Parade.

The PM said the Opposition has transformed from "Virodh Paksh" (opposition) into "Avrodh Paksh" (obstruction). While questioning government policies was its responsibility, deliberately stalling development and fuelling divisions could not be defended as democratic dissent, he added.

"It is our misfortune that the Opposition in this country has forgotten its duty," Modi said, alleging that political frustration has made obstructionism the core of its politics. He accused unnamed forces of undermining the Constitution and conspiring to trigger conflict among communities. Referring to alleged meetings abroad and support from "anti-India forces", he asked who was echoing the language of the country's enemies. He did not identify individuals or provide details of the alleged links.

The PM called for vigilance against attempts to damage India's image through social media. Although Naxalism has been eradicated from across the country, he said, "ideological Naxalism" remains a threat. His warning against "dimagi Naxals" extended the government's security narrative beyond armed insurgency to an ideological challenge.

"No matter how dire the circumstances may become, we must not allow the great endeavour of national unity to be halted," the PM said, invoking Patel's role in integrating more than 550 princely states after Independence. Modi described the Statue of Unity as a symbol of the collective contribution that built the nation. He said freedom gave India the power to shape its future, while the Constitution provided direction and ensured accountability to citizens.

Modi said the parade was a celebration of participation and national pride, showcasing the valour of police and security personnel alongside India's heritage and aspirations. He urged every effort to be guided by the goal of building a strong, developed India by 2047. Earlier, Modi paid tribute to Patel at the Statue of Unity, as two Indian Air Force helicopters showered petals on the monument. He inaugurated and laid foundation stones for projects worth more than ₹400 crore.

During his visit, Modi toured Ekta Nagar's Rain Forest and Vaman Vruksh Vatika. Spread across 47,000 square metres near Vaghadiya Checkpost and Nava Gora Bridge, the Rain Forest was developed at a cost of ₹9.49 crore. Its 220-metre glass-deck skywalk is among its attractions. The Prime Minister walked across the bridge and inspected the facility, adding a tourism-development dimension to the day's political messaging.



PM Modi during the 'Rashtriya Ekta Diwas' celebrations in Gujarat's Ekta Nagar | PTI

Artistes from Maoist-hit dists present transformation

Two thousand artistes from 126 districts, which were once under the shadow of Maoist insurgency, presented a story of their transformation from a landscape of fear and violence to Naxal-free India in a performance at the Ekta Diwas Parade in the presence of the PM.

Monitor welfare schemes closely: PM to chief secys

New Delhi: PM Narendra Modi Wednesday called for tighter monitoring of welfare schemes and infrastructure projects, asking chief secretaries to review their implementation with DMs every month.

Chairing the monthly IT-based Pragati meeting, PM is learnt to have raised concerns over delay in land acquisition for projects and slow progress in redevelopment of Ahmedabad railway station. He directed agencies to complete the redevelopment project by Aug 2027 at any cost, an official said.

Modi reviewed infrastructure projects worth over Rs 16,000 crore covering railways, PM Ekta Malls and bulk drug parks across 31 states and Union territories.

He underlined that PM Ekta Malls should provide markets for local products, strengthen livelihoods of artisans and help them expand their enterprises. TNN

Will serve people of India till my last breath: Modi

Seen as riposte to Cong chief Mallikarjun Kharge's 'baap' remark

DILIP SINGH KSHATRIYA
@ Ahmedabad

PRIME Minister Narendra Modi on Friday said that he would serve the people of India till his last breath, in an indirect response to Congress president Mallikarjun Kharge's recent controversial remark that "even Modi's father will have to go".

"*Jeevan ke antim kshan tak janta ki seva main hi juta rahunga* (I will continue to serve the people until my last breath)," Modi said while addressing farmers after inaugurating the Bharat Bovine Breeding and Research Centre at Bhildi town in Gujarat's Banaskantha district.

During the roadshow, Modi's supporters were seen carrying placards that read *Modi kahin nahi jayega* (Modi is not going anywhere) as a direct counter-response to Kharge's comment made at a public rally in Bihar last week, which kicked up a political storm.

In his address, Modi accused the Opposition parties of rejoicing whenever the country faces a crisis. He alleged they tried to spread panic over the availability of fertilisers and cooking gas amid the ongoing conflict in West Asia.

Without taking names, he said: "They sowed fear among farmers, claiming fertilisers would become unavailable. They created artificial queues and created a sense of panic."

After laying the foundation stones for development projects worth ₹14,000 crore, he claimed farmers across the country have received or saved more than ₹50 lakh crore through major government schemes, adding that his government transformed agricultural support through direct transfers, fertiliser subsidies, MSP payments and crop insurance.

Modi said his government has placed farmers, particularly small cultivators, at the centre of its policies. He also took a swipe at previous governments, accusing them of neglecting small farmers.

"Since independence, the needs of these small-scale farmers were never understood, and they were never even consulted," Modi said, adding that farmers cultivating small landholdings account for more than 85% of the country's farming population.

Highlighting the financial assistance extended to farmers, the PM said the agricultural budget has increased fivefold and around ₹4.5 lak hcrore has been transferred directly to farmers' accounts under PM Kisan Samman Nidhi.

On Friday, ₹18,000 crore was released to nearly 10 crore farmers, including over 50 lakh beneficiaries in Gujarat.



Prime Minister Narendra Modi speaks at an event in Banaskantha, Gujarat | PTI

> **There are those who wish to see the country in distress—they actually derive pleasure when the nation faces hardship. Whenever a crisis befalls the country, they find joy in it**
>
> — Narendra Modi, PM

Cabinet clears ₹29,267 cr for container, sports goods mfg

Manas Pimpalkhare
manas.pimpalkhare@htlive.com
NEW DELHI

The Union cabinet has approved ₹20,267 crore in new schemes to expand domestic manufacturing of shipping containers and sports goods, and strengthen rural local governments, as the government seeks to build industrial capacity and improve resource allocation at the grassroots.

The Cabinet also approved a 3% increase in dearness allowance (DA) for central government employees and dearness relief (DR) for pensioners ahead of the festive season, entailing an expenditure of ₹10,080 crore from the public exchequer, information and broadcasting minister Ashwini Vaishnaw said at a briefing on Wednesday. He called the increase "a Diwali gift from the government".



Information and broadcasting minister Ashwini Vaishnaw speaks at a briefing on Union cabinet decisions on Wednesday.

The support will amount to ₹15,500 crore, 20-foot equivalent units (TEUs), and the goal of this scheme is to get a 15-20% global manufacturing share for India," he said.

Manufacturers will have to source at least 70% of their product locally until FY32. The localization requirement will rise to 90% from FY33, according to the Cabinet note.

Poverty removal not just slogan: PM on WB data

Says Gareebi Hatao Is Govt's Commitment

TIMES NEWS NETWORK

New Delhi: India has recorded one of the fastest poverty declines in the world, with the extreme poverty rate in the country "collapsing" by 90% between 2011 and 2023 to a low of 2.6%, Prime Minister **Narendra Modi** said on Saturday, while asserting that elimination of poverty is a commitment for his govt.

"A historic fall in poverty. A generational rise in opportunity... Gareebi hatao was never a slogan for us. It is a commitment for us. And today's data is the distribution of income or wealth across a population, with a lower number indicating greater equality.

World Bank's latest Poverty and Equity brief, released last week, said that poverty rate in India, defined at $4.2 a day, will decline to 12.1% in 2026 from 37.7% in 2011, having fallen to 18.4% in 2023. Meanwhile, extreme poverty, defined as spending less than $3 a day, is projected to fall to 5.4% in 2026 from 25.7% in 2011 and 10.9% in 2023.

Employment, Modi said, grew by 13.4cr between 2017 & 2023, nearly twice the rise in the working-age population, while India's Gini index fell by over 20% from 29 in 2011 to 23 in 2023, indicating lower income inequality

PM to Meet Niti Aayog Leadership on Nov 5

Modi is likely to hear sectoral priorities and review think tank's work as govt begins shaping the FY28 Budget

Yogima Seth

New Delhi: Prime Minister Narendra Modi is set to meet Niti Aayog's new leadership on November 5, as the government begins shaping priorities for the 2027-28 Budget amid global uncertainty and the need to sustain growth, boost manufacturing and create jobs.

The meeting comes as India seeks to strengthen domestic manufacturing, improve infrastructure and expand employment opportunities amid rising geopolitical uncertainty. The prime minister is the chairman of the Aayog.

Niti Aayog vice chairman Ashok Lahiri, CEO Anurag Jain and members Rajiv Gauba, R Balasubramaniam, Joram Aniya, KV Raju, M Srinivas, Gobardhan Das and Abhay Karandikar are expected to attend, along with other senior officials of the Aayog.

People aware of the development said the prime minister is expected to hear from sectoral experts appointed as members of the Aayog to understand key developments and requirements in their respective sectors, in line with India's vision of Viksit Bharat by 2047.

He is also expected to review the Aayog's work in relation to the country's long-term development objectives. The visit is unusual to meet officials, though the prime minister has regularly visited the Aayog in the past to chair the annual meeting of its governing council or meet economists ahead of the Budget for macroeconomic deliberations.

The interaction is expected to underline the importance of Niti Aayog's role in bringing together policy research, institutional coordination and strategic planning to address India's evolving economic and developmental challenges.

Niti Aayog, which replaced the Planning Commission in January 2015, is the government's principal policy think tank. It works with central ministries, state governments and other stakeholders to develop strategies for inclusive and sustainable development, while promoting cooperative federalism.



> **The meeting comes as India seeks to boost domestic manufacturing, improve infrastructure and expand employment opportunities**

നാഷണൽ കേഡറ്റ് കോർപ്സ് (എൻ.സി.സി) ദിനം: നവംബർ 22

എൻ.സി.സി: യുവശക്തിയെ ശാക്തീകരിക്കുന്നു

ആത്മവിശ്വാസവും അച്ചടക്കവുമുള്ള, രാജ്യത്തോട് പ്രതിബദ്ധതയുള്ള, സാമൂഹികാവബോധമുള്ള പൗരന്മാരായി വളരാൻ യുവാക്കളെ പ്രാപ്തരാക്കുന്ന വേദിയാണ് എൻ. സി. സി. രാജ്യത്തുടനീളം എൻ. സി. സിയുടെ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, അതിർത്തി പ്രദേശങ്ങളിൽ താമസിക്കുന്ന കൂടുതൽ യുവാക്കളെ എൻ. സി. സിയിലേക്ക് ആകർഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആത്മവിശ്വാസവും കഴിവുമുള്ള, സാമൂഹിക പ്രതിബദ്ധതയുള്ള പൗരന്മാരായി മാറാനുള്ള മനോഭാവം ഇന്ത്യൻ യുവാക്കളിൽ വളർത്തുന്ന ഒരു പ്രസ്ഥാനമാണ് എൻ. സി. സി.

എൻ.സി.സി എന്റെ സ്കൂൾ, കോളേജ് കാല ഘട്ടങ്ങളിലെ ഓർമ്മകളെ തിരികെ കൊണ്ടു വരുന്നു. ഞാനും ഒരു എൻ.സി.സി കേഡറ്റ് ആയിരുന്നു; അതിലൂടെ ലഭിച്ച അനുഭവങ്ങൾ അമൂല്യമാണ്. യുവാക്കളിൽ അച്ചടക്കം, നേതൃ പാടവം, സേവനസന്നദ്ധത എന്നിവ വളർത്താൻ എൻ.സി.സി സഹായിക്കുന്നു.

- നരേന്ദ്ര മോദി, പ്രധാനമന്ത്രി

എൻ.സി.സിയിൽ 20 ലക്ഷത്തിലധികം കേഡറ്റുകൾ

- 1948-ൽ 20,000 കേഡറ്റുകളുമായി ആരംഭിച്ച എൻ.സി.സി, ഇന്ന് 20 ലക്ഷത്തിലധികം കേഡറ്റുകളുള്ള, ലോകത്തിലെ ഏറ്റവും വലിയ യൂണിഫോം ധാരികളുടെ യുവജന സംഘടനയായി വളർന്നിരിക്കുന്നു.
- 2014-നും 2025-നും ഇടയിൽ, ഈ അംഗബലം 6 ലക്ഷമായി വർദ്ധിച്ചു. നിലവിൽ, രാജ്യത്തുടനീളമുള്ള 750-ലധികം ജില്ലകളിൽ എൻ.സി.സിക്ക് സാന്നിധ്യമുണ്ട്.



ന്യൂ ഇന്ത്യ സമാചാർ
ദ്വൈവാരിക

RNI NO.: DELENG/2020/78811 NOVEMBER 16-30, 2026
RNI Registered No DELENG/2020/78811 (Publishing Date: November 4, 2026 Pages: 46)

EDITOR IN CHIEF
Dhirendra Ojha
Principal Director General
Press Information Bureau, New Delhi

PUBLISHER:
Kanchan Prasad
Director General, on behalf of
Central Bureau Of Communication

PUBLISHED FROM:
Room No-278, Central Bureau Of Communication, 2nd Floor, Soochna Bhawan, New Delhi -110003